





# പറയാനിരുന്നത്

## SCHOOL MAGAZINE - 2024-25

Govt. Girls Higher Secondary School, Kayamkulam





# പറയാനിരുന്നത്

## SCHOOL MAGAZINE 2024-25

**Govt. Girls Higher Secondary School**

**Kayamkulam**

# “Parayanirunnathu”

## School Magazine-2024-25

**Govt Girls Higher Secondary School, Kayamkulam, Alapuzha Dist**

---


| | |
|---|---|
| **Place of Publication:** | **Kayamkulam** |
| **Publishers Name:** | **School Management Committee** |
| **Nationality:** | **Indian** |
| **Address:** | **Chairman**<br>**School Management Committee**<br>**Govt. Girls Higher Secondary School Kayamkulam,**<br>**Alappuzha Dist.** |
| **Chief Editor:** | **Ms. Lekha R** |
| **Student Editor :** | **Kum. Daya J** |
| **Editorial Board:** | **Dr. Biju John (Principal)**<br>**Sri. Unni Krishnan R (Headmaster)**<br>**Sri. A Naseer (PTA President)**<br>**Sri. Shajahan Y(Senior assistant)**<br>**Dr Anish V D**<br>**Ms. Kavitha S**<br>**Ms. Lekha R**<br>**Kum. Daya J** |
| **Cover Design Printing :**<br>**& Layout** | **Sri. Reghunath** |

# ആമുഖം

പൂമരം പോലെ.....
പൂഞ്ചോല പോലെ....
ബാല്യ കൗമാര കുതൂഹലങ്ങൾ
ആർത്തുല്ലസിക്കുന്ന അനുഭവലോകം
ഈ താളുകളെ ധന്യമാക്കുന്നു.
ഇവയിൽ പലതും അപൂർണ്ണങ്ങളാകാം
അതിജീവനമാകാം
ജീവിതത്തിൻറെ ശാദ്വല തടങ്ങളാകാം
തെളിച്ചവും തീക്ഷ്ണതയും കുറവാകാം
പറയാതിരുന്നതും പറയാനിരുന്നതുമാകാം
സ്വകാര്യ ആഹ്ലാദമാകാം
"പിറവിയുമൊരു തീർത്ഥക്കാവടിയാടി വരുന്നു
ബാല്യത്തിൻ കുന്നിക്കുരു മണിയെണ്ണിവരുന്നു"
അതെ,
"ഇരുളിലിരുന്ന് വെളിച്ചത്തിലേക്ക് നോക്കി പാടുമ്പോൾ"
ഈ വാക്കുകൾക്കും ഒരു ആകാശമുണ്ടെന്ന് അറിയുന്നു.
അലിവിന്റെ
മുറിവിന്റെ
നിറവിന്റെ
ആകാശം.
ഭാവ സഞ്ചാരങ്ങളുടെ ഈ ലാവണ്യ തുടിപ്പുകൾ
നാളെയുടെ നിറഭേദങ്ങളാണ്.


DC BOOKS
everyone has a good book
കാലമോതി
ജനതയ്ക്കുവേണ്ടി
തൂലികയൊരു
വാളാക്കി മാറ്റൂ
വയലാർ രാമവർമ്മ
www.dcbooks.com


DC BOOKS
everyone has a good book
ഇന്നിനെക്കുറിച്ച് വ്യക്തമായി
മനസ്സിലാക്കിയാൽ അത്
നാളെയെക്കുറിച്ചറിയാനുള്ള
വഴിയായി, ഇന്നത്തെ കാര്യം
മെച്ചപ്പെടുത്താൻ നോക്കൂ,
അത് നിങ്ങളുടെ
നാളേയ്ക്ക് ഗുണം ചെയ്യും
പൗലോ കൊയ്‌ലോ
ആൽകെമിസ്റ്റ്
www.dcbooks.com


DC BOOKS
everyone has a good book
'ഭൂതകാലത്തിൽ നിന്ന്
പഠിക്കുക, വർത്തമാന
കാലത്ത് ജീവിക്കുക,
നാളേക്കായി
പ്രതീക്ഷിക്കുക.'
ആൽബർട്ട് ഐൻസ്റ്റീൻ
www.dcbooks.com


DC BOOKS
everyone has a good book
ഒരു പിടി മണ്ണ്
സംരക്ഷിക്കാത്തവൻ,
ഒരു കുമ്പിൾ ജലം
സംരക്ഷിക്കാത്തവൻ
എങ്ങനെയാണ്
ഒരു സംസ്കാരത്തെ
സംരക്ഷിക്കുന്നത്
സുഗതകുമാരി
www.dcbooks.com


DC BOOKS
everyone has a good book
അതിരു
കാണാത്ത
യാത്രയാണെങ്കിലും
മധുരമാണെനിക്കിന്നുമീ
ജീവിതം
എസ്.കെ.പൊറ്റെക്കാട്ട്
www.dcbooks.com


എനിക്കിതേ വേണ്ടു
പറഞ്ഞുപോകരുതാരും ഇതു
മറ്റൊന്നിന്റെ പകർപ്പെന്നു മാത്രം
ഇടശ്ശേരി

# സന്ദേശം



Adv. U. PRATHIBHA
(KAYAMKULAM)
MEMBER
KERALA LEGISLATIVE ASSEMBLY
PALLINALPADA HOUSE
THAKAZHY P. O.
ALAPPUZHA-688 562
CAMP OFFICE:
VYAPARI VYAVASAYI SAMITHI BUILDING,
MUKKAVALA, KAYAMKULAM

Phone :
Office : 0479-2446666
0471-2512291
Mobile : 85477 36689
Chandragiri Block-803,
M.L.A. Quarters,
Thiruvananthapuram
e-mail: prathibhamla108@gmail.com

CAMP: കായംകുളം

DATE: 6.2.2025.

സന്ദേശം

കായംകുളം, ഗവൺമെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ 2024-2025 അധ്യയന വർഷം "പറയാനിരുന്നത്" എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്. കുട്ടികളുടെ സർഗാത്മകമായ കഴിവുകളെ പരിപോഷിപ്പിക്കുന്നതിനു വേണ്ടിയുള്ള ഈ ഉദ്യമത്തിന് എല്ലാവിധ ആശംസകളും നേരുന്നു.

MEMBER, KERALA LEGISLATIVE ASSEMBLY
KAYAMKULAM

സ്നേഹപൂർവ്വം

Adv. U. PRATHIBHA
M L A
KAYAMKULAM

# സന്ദേശം



**KAYAMKULAM MUNICIPALITY**
E-mail : kylmsecretary@gmail.com
Office : 0479-2445246,2445060
Fax : 0479-2445060
Mobile : 9447976491

319

P. SASIKALA
Municipal Chairperson

Resi.: Panalil House, Cheravally
Kayamkulam P.O. - 690 502

Date 06/02/2025

<u>സന്ദേശം</u>

കായംകുളം ഗവ. ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ "പറയാനിരുന്നത്" എന്ന പേരിൽ ഓൺലൈൻ മാഗസിൻ പ്രസിദ്ധീകരിക്കുന്നതിൽ വളരെയേറെ സന്തോഷം ഉണ്ട്. കുട്ടികളുടെ സർഗ്ഗാത്മകമായ കഴിവുകൾ വളർത്തുവാൻ സഹായിക്കുന്ന തരത്തിലുള്ള ഈ സംരംഭത്തിന് എന്റെ അഭിനന്ദനങ്ങൾ അറിയിക്കുന്നതോടൊപ്പം വായനക്കാർക്ക് ആശംസകളും നേരുന്നു.

പി.ശശികല,
നഗരസഭാ ചെയർപേഴ്സൺ,
കായംകുളം നഗരസഭ

മുനിസിപ്പൽ കൗൺസിൽ
കായംകുളം

P. SASIKALA
Chairperson
Kayamkulam Municipality
Phone: 9447976491

# Educational Standing Committe Chairperson




ഷാമില അനിമോൻ
ചെയർപേഴ്സൺ, വിദ്യാഭ്യാസ,
കലാ - കായിക കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി
കായംകുളം നഗരസഭ
വാർഡ് - 24 (ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്)

തുണ്ടയ്യത്ത്,
കായംകുളം പി.ഒ - 690 502.
ഫോൺ : 0479-2445060 (Office)
മൊബൈൽ : 85 89 04 07 85


തീയതി ..............................

## സന്ദേശം

കായംകുളം ഗവ. ബോയ്സ് ഹയർസെക്കന്ററി സ്കൂളിൽ 2024-2025 അധ്യയന വർഷത്തിൽ ഒരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്. കുഞ്ഞുങ്ങളിലെ സർഗാത്മക കഴിവുകൾ പോഷിപ്പിക്കുവാനുള്ള ഒരു നല്ല അവസരമായി ഇതിനെ കാണുന്നു. ഈ ഉദ്യമത്തിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു

സ്നേഹത്തോടെ,

Shamila


SHAMILA ANIMON
Education Standing Committee
Chairperson
Ward- 24, Kayamkulam.

# OUR PRINCIPAL



## ഡോ. ബിജു ജോൺ

### സന്ദേശം

ചിരിച്ചും കളിച്ചും പഠിച്ചും ചിന്തിച്ചും വളരേണ്ടവരാണ് കുട്ടികൾ. മാറുന്ന ലോകത്തിൽ കുട്ടികളുടെ പങ്ക് വളരെ വലുതാണ്. ഈ അക്ഷരമുറ്റത്ത് പെയ്തിറങ്ങിയ മഴത്തുള്ളികൾ.... അതാണ് നമ്മെ ഓർമിപ്പിക്കുന്നത്. സർഗ്ഗസമാധിയിലൂടെ ഈ കുഞ്ഞുങ്ങൾ തീർത്ത മണിമുത്തുകൾ വർത്തമാനകാലത്തിന്റെ പുകയിലക്കറ പുരളാതെ സൂക്ഷിക്കേണ്ടതിന്റെ ഉത്തരവാദിത്തം ഞാനുൾപ്പെടുന്ന സമൂഹത്തിനുണ്ടെന്ന് തിരിച്ചറിയുന്നു.

" ക്ഷീണിക്കാത്ത മനീഷയും മഷിയുണങ്ങീടാത്ത പൊൻ പേനയും"

വാണിക്കായ് കരുതാൻ ഈ കുരുന്നുകൾക്കാവട്ടെ.....

# OUR HEADMASTER



**ശ്രീ. ഉണ്ണികൃഷ്ണൻ ആർ**

ഇറയത്തുനിന്ന് മഴയെ നോക്കി ആസ്വദിക്കുന്നവന്റെ സന്തോഷം

“പറയാനിരുന്നത്” ൽ ഞാൻ കാണുന്നു.

“കലയും സാഹിത്യവും പ്രചോദിത ഗണിത” മാണല്ലോ.

മനുഷ്യ വികാരങ്ങൾക്ക് വാക്കുകളിലൂടെയും വരകളിലൂടെയും

ഈ കുഞ്ഞുങ്ങൾ സൂത്രവാക്യങ്ങൾ നിർമ്മിക്കുമ്പോൾ

അനശ്വരമായ പ്രകൃതിയെ അവരറിയാതെ അനുകരിക്കുകയാണ്.

തൂവൽ സ്പർശം പോലെ മൃദുലമായ അവരുടെ വികാരങ്ങൾ

കാടത്തത്തെ കവിയാക്കി മാറ്റുന്നു

# PTA President



**ശ്രീ എ നസീർ**

## സന്ദേശം

"പറയാനിരുന്നത്" പറഞ്ഞു തുടങ്ങുന്നു.
അതിന് ആശംസ അർപ്പിക്കാൻ എനിയ്ക്കു
കുറച്ചൊന്നുമല്ല സന്തോഷം.
ഒരു നാടിന്റെ മനസ്സ് ഈ വാങ്മയത്തെ
സ്പർശിച്ചു കടന്നു പോകുന്നതു ഞാനറിയുന്നു.

# എഡിറ്റോറിയൽ



## ശ്രീമതി. ആർ ലേഖ

മനസ്സിന്റെ ഭംഗി വാക്കുകളിലാണ്.
വാക്കുകൾ കൊണ്ട് വിസ്മയം സൃഷ്ടിക്കുന്ന ഭാവന നമ്മുടെ കുഞ്ഞുങ്ങൾ സ്വന്തമാക്കിയിരിക്കുന്നുവെന്ന് 'പറയാനിരുന്നത് ' വിളിച്ചുപറയുന്നു. ഇതിലെ പല സൃഷ്ടികളും നാളെ സാഹിത്യരംഗത്ത് ജ്വലിച്ചു നിൽക്കുമെന്നതിൽ തർക്കമില്ല. പുതിയ ഭാവുകത്വ വഴികൾ പുതിയ അനുഭൂതി തലങ്ങൾ സൃഷ്ടിച്ചു മുന്നേറുന്നു. കാലത്തിന്റെ അപര്യാപ്തതകളെ അതിലംഘിക്കുന്ന പക്വത ഇതിലെ പല രചനകളിലും കാണാം.
ഒറ്റമയിൽപ്പീലി പോലെ മനസ്സിൽ ഒളിഞ്ഞിരുന്ന് പെറ്റു പെരുകുന്ന ഈ വരകളും വർണ്ണങ്ങളും സഹൃദയ സമക്ഷം സാദരം സമർപ്പിക്കുന്നു.
പ്രകൃതിയുടെ താളവും ലയവും ഈ സർഗ്ഗസപര്യയ്ക്കു ശക്തിയേകട്ടെ....



# അകത്താളുകളിൽ


2024-25 വർഷത്തെ പ്രവർത്തന റിപ്പോർട്ട് ........ 15

നാലുപേർ (കവിത) ........ 25

പള്ളിക്കാട്ടിലെ പ്രണയം (കഥ) ........ 26

നവ ഭാവനയുടെ എം.ടി. (അനുസ്മരണം) ........ 31

MATHEMATICS IS THE KING OF SCIENCE (ഗണിതം) ........ 35

പഴഞ്ചൊല്ലുകൾ ........ 36

ഗാസയിൽ മഴ അപ്പോഴും പെയ്തുകൊണ്ടിരുന്നു (കഥ) ........ 37

മഹാമാരികളും മനുഷ്യന്റെ അതിജീവനവും (ലേഖനം) ........ 40

MY JOURNEY WITH PROUD TO BE AN INDIAN (അനുഭവക്കുറിപ്പ്). ........ 41

ഒരു നോക്ക് കാണാൻ (കഥ) ........ 42

അതിമോഹം വരുത്തിവെച്ച വിന (കഥ) ........ 45

ന്യൂട്ടനും സിംഹവും (ശാസ്ത്ര ലേഖനം) ........ 46

COMPUTER GAMES AND TODAY'S GENERATION (ലേഖനം) ........ 49

KRISHNAPURAM PALACE (ചരിത്രം) ........ 50

मेरा भारत (കവിത) ........ 56

നീലാകാശത്തിനു മീതേ (കഥ) ........ 57

നല്ല ചിന്തകൾ (ചിന്തകൾ) ........ 60

WINGED VICTORY OF SAMOTHRACE (കവിത) ........ 61

गर्मी का मौसम (കഥ) ........ 62

THE MAN WHO KNEW INFINITY (ഗണിതം) ........ 64

മാമ്പഴം (കവിത നിരൂപണം) ........ 68

ദശപുഷ്പങ്ങൾ (അറിവ്) ........ 70

മഴയും മനസ്സും (കവിത) ........ 73

അമ്മ (കവിത) ........ 73

അവൾക്കായ് (കവിത) ........ 74

കാലം (കവിത) ........ 74

A GREEN LAMENT (കവിത) ........ 75

ITS RAINING (കവിത) ........ 75

IT QUIZ (പ്രശ്നോത്തരി) ........ 77

കുഞ്ചൻനമ്പ്യാർ (ജീവിതചരിത്രം)....................................................................78
മഹത് വചനങ്ങൾ....................................................................78
മാനസ നിള (കഥ)....................................................................79
ANTONIO and THE THIEF (കഥ)....................................................................83
ചക്കപ്പായസം(പാചകം)....................................................................84
बचपन (കവിത)....................................................................85
FLORENCE NIGHTINGALE (ജീവിതചരിത്രം)....................................................................86
അപരിചിതനായ പരിചിതൻ (കഥ)....................................................................87
എം.ടി.വാസുദേവൻ നായർ –ജീവിതരേഖ (ജീവിതചരിത്രം)....................................................................91
ടി പത്മനാഭൻ ഭാവ സാന്ദ്രമായ കഥകൾ (വായന)....................................................................93
മുത്തശ്ശി മാവ് (കവിത)....................................................................94
ദിശാ ബോധം (കവിത)....................................................................94
മിന്നുവിന്റെ പല്ലുവേദന (കഥ)....................................................................95
പാഠം (കവിത)....................................................................97
നീ (കവിത)....................................................................97
CHARACTER & DESTINY (ചിന്ത)....................................................................99
അമ്മ (കഥ)....................................................................100
ഇരുൾ (കഥ)....................................................................102
जीवन की महिमा_(കവിത)....................................................................105
पहेलियाँ (കടങ്കഥകൾ)....................................................................106
കാത്തിരിപ്പ് (കവിത)....................................................................107
പതിവ് (കവിത)....................................................................108
ARTIFICIAL INTELLIGENCE: BOON OR BANE ? (ലേഖനം)....................................................................110
मित्रता (ലേഖനം)....................................................................111
CAN AL REPLACE TEACHERS ? (ലേഖനം). ....................................................................112
അനുഭവക്കുറിപ്പ്....................................................................114

-------------------------

# 2024-25 വർഷത്തെ

# പ്രവർത്തന റിപ്പോർട്ട്

ഒരു ദേശത്തിന്റെ സമഗ്ര പുരോഗതി ആ ദേശത്തെ വിദ്യാഭ്യാസ നിലവാരത്തെ ആശ്രയിച്ചിരിക്കും വിജ്ഞാനത്തിന്റെ വഴികൾ തേടിയുഴറിയ ഒരു ജനതയുടെ നിരന്തരവും കഠിനവുമായ പരിശ്രമം ഈ പെൺപള്ളിക്കൂടത്തിന്റെ നിർമിതിക്കു പിന്നിലുണ്ട്. രാഷ്ട്രീയ- സർഗാത്മക - ഔദ്യോഗിക മേഖലകളിൽ ശക്തരാകുവാൻ മതത്തെയും അനാചാരത്തെയും അനീതി‌െ യയും മറികടക്കുവാൻ സ്ത്രീകളെ പ്രാപ്തരാക്കിയത് നവോത്ഥാന വിദ്യാഭ്യാസമാണ്. വായിക്കുന്ന സ്ത്രീ മുതൽ ബഹിരാകാശ യാത്രയിലെ സ്ത്രീ വരെ ഈ നവോത്ഥാനത്തിന്റെ സാക്ഷികളാണ്.

ആലപ്പുഴ ജില്ലയിൽ മാവേലിക്കര വിദ്യാഭ്യാസ ജില്ലയിൽ കായംകുളം ഉപജില്ലയിൽ കായംകുളം നഗര ഹൃദയത്തിൽ സ്ഥിതിചെയ്യുന്ന കായംകുളം ഗവൺമെൻറ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ മധ്യതിരുവിതാംകൂറിലെ ആദ്യകാല വിദ്യാലയങ്ങളിൽ ഒന്നാണ് .

ആദ്യകാലത്ത് ഈ വിദ്യാലയം പെൺപള്ളിക്കുടം എന്നാണ് അറിയപ്പെട്ടിരുന്നത്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും എന്ന രീതിയിൽ പ്രത്യേകം വേർതിരിക്കപ്പെട്ടപ്പോഴാണ് കായംകുളം ഗവൺമെൻറ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ രൂപീകൃതമായത്. 42 ജീവനക്കാർ ജോലി ചെയ്യുന്ന ഈ വിദ്യാലയത്തിൽ യുപി മുതൽ ഹയർസെക്കൻഡറി വരെ ഏതാണ്ട് 650 ൽ പരം വിദ്യാർത്ഥിനികൾ പഠിച്ചു വരുന്നു. യു.പി, ഹൈസ്കൂൾ, ഹയർസെക്കൻഡറി വിഭാഗങ്ങൾക്കായി 4 കെട്ടിട സമുച്ചയങ്ങളാന്നുള്ളത്. യുപി വിഭാഗം തെക്കുഭാഗത്തുള്ള കെട്ടിടത്തിലും ഹൈസ്കൂൾ വിഭാഗം പ്രധാന കെട്ടിടത്തിന് മുകൾ നിലയിലും ഹയർ സെക്കന്ററി വിഭാഗം മൂന്ന് കെട്ടിടങ്ങളിലും പ്രവർത്തിച്ചുവരുന്നു. ഹൈസ്കൂൾ വിഭാഗത്തിന് പ്രത്യേക ലാബ് സൗകര്യവുംശാസ്ത്ര പഠനത്തിനായി ശാസ്ത്രപോഷിണി ലാബ് സൗകര്യങ്ങളും ഉണ്ട്.പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി എല്ലാ ക്ലാസ് മുറികളും ലാപ്ടോപ്പ് ഉള്ള പ്രൊജക്ടറുകൾ മറ്റ് അനുബന്ധ ഉപകരണങ്ങൾ ഉൾപ്പെടുത്തി ഹൈടെക് സംവിധാനത്തിൽ ക്രമീകരിച്ചിരിക്കുന്നു. ആവശ്യത്തിന് പുസ്തകങ്ങളുള്ള ലൈബ്രറിയും കുട്ടികൾക്കിരുന്നു വായിക്കുവാൻ ഉള്ള സൗകര്യവും ഇവിടെയുണ്ട് .ശാരീരിക ക്ലേശം അനുഭവിക്കുന്ന കുട്ടികൾക്ക് ക്ലാസിലേക്ക് പ്രവേശിക്കുന്നതിനായി കെട്ടിടങ്ങളോട് ചേർന്ന് റാമ്പും റെയിലും നിർമ്മിച്ചിട്ടുണ്ട്. ഉച്ചഭക്ഷണം തയ്യാറാക്കുന്നതിനായി വൃത്തിയും സൗകര്യങ്ങളും ഉള്ള അടുക്കളയും ഭക്ഷണ വിതരണത്തിനായി മെസ്സ് ഹോളും നിർമ്മിച്ചിട്ടുണ്ട്. കുട്ടികൾക്കാവശ്യമുള്ളത്ര ശുചിമുറികളും വിശ്രമ മുറികളും

സ്ക്കൂളിനുണ്ട്. പ്രകൃത്യാസ്വാദനം  ലക്ഷ്യമാക്കി കൊണ്ടുള്ള ഇരിപ്പിടങ്ങളും വായനാ മൂലകളും സ്കൂളിനോട് ചേർന്ന് ക്രമീകരിച്ചിരിക്കുന്നു.

അക്കാദമിക രംഗത്തും മികച്ച റിസൾട്ട് കരസ്ഥമാക്കുന്ന കാര്യത്തിലും കലാകായിക രംഗങ്ങളിലും മികച്ച നേട്ടങ്ങൾ കൈവരിക്കാൻ നടപ്പു വർഷത്തിൽ കഴിഞ്ഞു എന്നുള്ളത് ചാരിതാർത്ഥ്യജനകമാണ്. പരിമിതികളേറെ ഉണ്ടായിരുന്നു എന്നുള്ളത് വിസ്മരിക്കുന്നില്ല. എന്നാൽഅദ്ധ്യാപക-രക്ഷാകർത്തൃസമിതിയുടെ കൂട്ടായ പരിശ്രമത്തിലൂടെയും സഹകരണത്തിലൂടെയും അത്തരം പരിമിതികളെയൊക്കെ ഏറെ അതിജീവിക്കാനായി എന്നത് സന്തോഷകരമാണ്.

## PTA എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങൾ

ഡോ. ബിജു ജോൺ (Principal)

ശ്രീ. ഉണ്ണികൃഷ്ണൻ. ആർ (Headmaster)

ശ്രീ. എ. നസീർ (PTA പ്രസിഡന്റ്)

ശ്രീ. ബിജു മാധവൻ (PTA വൈസ് പ്രസിഡന്റ്)

ശ്രീ. ഹരിലാൽ

ശ്രീ. അനസ് ഇല്ലിക്കുളം

ശ്രീമതി. സജിത. പി.ആർ.

ശ്രീമതി. ഹസീന വൈ

ശ്രീമതി. വിനീതപ്രകാശ്

ശ്രീ. അനിഗർ

ശ്രീമതി. ലതാകുമാരി. കെ

ശ്രീ. അനീഷ്.വി.ഡി

ശ്രീ ഷാജഹാൻ. വൈ

ശ്രീമതി. ബീന.വി.ആർ.

ശ്രീമതി. കവിത. എസ്

ശ്രീമതി.ശ്രീജി. എസ്.

## ഹയർസെക്കൻഡറി അഡ്മിഷൻ

2024-25 വർഷത്തെ ഹയർ സെക്കൻഡറി അഡ്മിഷൻ സർക്കാർ നിർദേശപ്രകാരം ഏകജാലക സംവിധാനത്തിൽ കുറ്റമറ്റ രീതിയിൽ സമയബന്ധിതമായി തന്നെ പൂർത്തീകരിക്കുവാൻ നമുക്ക് കഴിഞ്ഞു. അഡ്മിഷൻ പ്രവർത്തനങ്ങളിൽ അധ്യാപക രക്ഷാകർതൃ സമിതിയുടെ സഹായം സ്മരണീയമാണ്.

## പ്രവേശനോത്സവം2024

ജൂൺ 3ന് സ്കൂൾ പ്രവേശനോത്സവം മാതൃകാപരമായി സംഘടിപ്പിക്കുവാൻ നമുക്ക് കഴിഞ്ഞു. ബഹുമാനപ്പെട്ട പ്രിൻസിപ്പാൾ, ജനപ്രതിനിധികൾ, ഹെഡ്മാസ്റ്റർ, പിടിഎ പ്രസിഡൻറ്, പിടിഎ വൈസ് പ്രസിഡൻറ്, പിടിഎ അംഗങ്ങൾ, അധ്യാപകർ എന്നിവർ യോഗത്തിൽ സംസാരിച്ചു.

## പരിസര ശുചീകരണം

പരിസര ശുചീകരണത്തിൽ വലിയ ഇടപെടലുകൾ നടത്തുവാൻ സ്കൂളിന് സാധിച്ചിട്ടുണ്ട്. മുൻസിപ്പൽ ചെയർപേഴ്സൺ, വാർഡ് കൗൺസിലർ, വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺഎന്നിവരുടെ സജീവമായ ഇടപെടലുകൾ ഇക്കാര്യത്തിൽ സഹായിച്ചിട്ടുണ്ട് . അടിസ്ഥാന ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ശുചിമുറികൾ കൂടുതൽ ശ്രദ്ധ നൽകി പരിപാലിക്കേണ്ടതായിട്ടുണ്ട്. അതിനായി ശുചിമുറിയിൽ വെൻഡിങ് മെഷീൻ സംവിധാനം മുൻസിപ്പാലിറ്റിയിൽ നിന്നുള്ള ഫണ്ടുപയോഗിച്ച് സ്ഥാപിച്ചു. എസ്. എസ്. കെ യിൽ നിന്നു ലഭിച്ച ഫണ്ടു പയോഗിച്ച് ഇൻസിനറേറ്ററും സ്ഥാപിച്ചിട്ടുണ്ട്. പൊതുമരാമത്ത് നിർമ്മിച്ചു നൽകിയ പെൺകുട്ടികൾക്കായുള്ള വിശ്രമ കേന്ദ്രം ഫലപ്രദമായി ഉപയോഗിച്ചുവരുന്നു.

സ്കൂൾ,പരിസ്ഥിതി സൗഹാർദ്ദപരമായി സംരക്ഷിക്കുന്നതിന് മുൻഗണന നൽകുന്നു.എൻഎസ്എസ്,എസ് പി സി സംഘടനകളുടെ നേതൃത്വത്തിൽ തണൽവൃക്ഷ സംരക്ഷണവും ഉദ്യാന സംരക്ഷണവും നടക്കുന്നു. ഹോർട്ടികൾച്ചർ വകുപ്പിന്റെ സഹായത്തോടെ പച്ചക്കറി തോട്ടങ്ങളും നിർമ്മിച്ചു പരിപാലിയ്ക്കുന്നു.

## കുടിവെള്ള സംവിധാനം

ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിനും, മെച്ചപ്പെട്ട രീതിയിൽ ജലസ്രോതസ്സുകൾ പരിപാലിക്കുന്നതിനും സ്കൂൾ അധികൃതർ ഏറെ ശ്രദ്ധിക്കുന്നുണ്ട്. ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിന് മുൻസിപ്പാലിറ്റിയിൽ നിന്നു ലഭിച്ച മൂന്ന് വാട്ടർ പ്യൂരിഫയർ സ്കൂളിൽ സ്ഥാപിച്ചിട്ടുണ്ട്.

## ഇ – ഗ്രാന്റ് /സ്കോളർഷിപ്പ്

അർഹമായ സ്കോളർഷിപ്പുകൾക്ക് യാഥാസമയം അപേക്ഷിക്കുന്നതിനും കാലതാമസം കൂടാതെ അവ ലഭ്യമാക്കുന്നതിനും വേണ്ട സാങ്കേതിക സഹായം സ്കൂളിൽ ലഭ്യമാക്കുന്നു.

## സ്കൂൾ ക്ലബ്ബുകളും സംഘടനകളും

## നാഷണൽ സർവീസ് സ്കീം (എൻ എസ് . എസ്)

വിവിധ ക്ലാസുകളിൽ നിന്നായി 50 വോളണ്ടിയർമാരെയാണ് എൻ എസ് എസ് ലേക്ക് തെരഞ്ഞെടുത്തിട്ടുള്ളത്. നാഷണൽ സർവീസ് സ്കീന്റെ ഒന്നാംവർഷ വിദ്യാർഥികളുടെ സഹവാസ ക്യാമ്പ് ഈ അക്കാദമി വർഷത്തിൽ പള്ളിക്കൽ ഗവൺമെൻറ് യുപി സ്കൂളിൽ വച്ച് നടത്തുകയുണ്ടായി. പ്രോഗ്രാം ഓഫീസർ മാരായ ശ്രീമതി ജസ്സി ടീച്ചറിന്റെയും, ശ്രീ അനീഷ് വി ഡി യുടെയും നേതൃത്വത്തിൽ ഒട്ടേറെ പ്രവർത്തനങ്ങൾ സ്കൂളിലും സമൂഹത്തിലും ചെയ്യുകയുണ്ടായി. എല്ലാ അധ്യാപകരുടെയും അനധ്യാപകരുടെയും ജീവനക്കാരുടെയും എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളുടെയും രക്ഷിതാക്കളുടെയും പങ്കാളിത്തവും സഹകരണവും സഹവാസ ക്യാമ്പിൽ ലഭിക്കുകയുണ്ടായി. വിദ്യാർത്ഥികളുടെയും യുവജനങ്ങളുടെയും ഇടയിൽ സേവന സന്നദ്ധത ഉണ്ടാക്കിയെടുക്കുവാൻ നാഷണൽ സർവീസ് സ്കീം യൂണിറ്റിന് കഴിയുന്നു. സഹവാസ ക്യാമ്പുകൾ, ഓറിയന്റേഷൻ.

ക്ലാസുകൾ, വിവിധതരം പ്രോജക്ടുകൾ, ഉൽപന്ന നിർമ്മാണ വിതരണ പ്രവർത്തനങ്ങൾ, ന്യൂസ് പേപ്പർ ചാലഞ്ച്, സ്വരക്ഷാ പരിശീലനം രക്തദാന ക്യാമ്പുകൾ എന്നിങ്ങനെയുള്ള നിരവധി പ്രവർത്തനങ്ങൾ പഠനത്തോടൊപ്പം സാമൂഹിക നന്മ ഉറപ്പുവരുത്തുന്നതിനും കുട്ടികളിൽ നേതൃത്വ പാടവം രൂപപ്പെടുന്നതിനും ഏറെ ഗുണകരമാണ്.

## സ്റ്റുഡൻസ് പോലീസ് കേഡറ്റ് പദ്ധതി (എസ് പി സി )

കുട്ടികളുടെ ശാരീരികവും മാനസികവും ബൗദ്ധികവുമായ വളർച്ചയെ ലക്ഷ്യമാക്കി കർശനമായ പരിശീലനം നൽകി സ്റ്റുഡൻറ് പോലീസ് കേഡറ്റിനെ വാർത്തെടുക്കുന്ന എസ്പിസി യൂണിറ്റിന്റെ പ്രവർത്തനങ്ങൾ സ്തുത്യർഹമാണ്. പൗരബോധവും ലക്ഷ്യബോധവും സാമൂഹികപ്രതിബദ്ധതയും ഉള്ള യുവജനതയെ വാർത്തെടുക്കുവാൻ സംസ്ഥാന ആഭ്യന്തര വകുപ്പും വിദ്യാഭ്യാസ വകുപ്പും ചേർന്ന് രൂപം കൊടുത്ത എസ്.പി.സി യൂണിറ്റിന്റെ പ്രവർത്തനങ്ങൾ പ്രശംസ അർഹിക്കുന്നു. പാസിങ്ങ്ഔട്ട് പരേഡ്, ബോധവൽക്കരണ ക്ലാസുകൾ, ക്യാമ്പ്, റാലി എന്നിങ്ങനെ കുട്ടികളുടെ സമഗ്രമായ വികാസം യൂണിറ്റ് ഉറപ്പുവരുത്തുന്നു.

**ശ്രീ സജിത്ത് ലാൽ (ACPO), ശ്രീമതി വി ആർ ബീന** എന്നിവരുടെ നേതൃത്വത്തിൽ എസ്പിസി യൂണിറ്റ് കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.

## വിദ്യാരംഗം കലാസാഹിത്യ വേദി

കുട്ടികളുടെ സർഗ്ഗശേഷി വികസിപ്പിക്കുന്നതിന് വിദ്യാലയങ്ങളിൽ പ്രവർത്തിക്കുന്ന ഒരു സംഘടനയാണ് വിദ്യാരംഗം കലാസാഹിത്യ വേദി. അദ്ധ്യാപകൻ ചെയർമാനും വിദ്യാർത്ഥികളിൽ ഒരാൾ കൺവീനറുമായി വേദിയുടെ സംഘടനാപ്രവർത്തനം ആരംഭിച്ചു. വിദ്യാരംഗം മാസികയുടെ പത്രാധിപസമിതിയാണ് സംസ്ഥാനാടി സ്ഥാനത്തിൽ കലാസാഹിത്യ വേദിയ്ക്കുവേണ്ട നിർദ്ദേശങ്ങൾ നൽകുന്നത്.

വായനാദിനാചാരണം, വായനാവാരം, വായനാമത്സരം, നല്ല വായനക്കാരെ തെരഞ്ഞെടുക്കൽ വായനയുടെ പ്രാധാന്യം ഉൾക്കൊള്ളുന്ന പ്രബന്ധ മത്സരം, പ്രഭാഷണങ്ങൾ, രചനാമത്സരങ്ങൾ, അനുസ്മരണങ്ങൾ എന്നിങ്ങനെ നിരവധി സർഗ്ഗാത്മക പരിപാടികൾക്ക് കായംകുളം ഗവ. ഗേൾസിലെ വിദ്യാരംഗം കലാസാഹിത്യവേദി അവസരമുണ്ടാക്കുന്നു.

ഭിന്നശേഷിവിഭാഗക്കാർക്ക് പ്രത്യേക പരിഗണന നല്കി വിദ്യാരംഗം കലാസാഹിത്യവേദി യിൽ പങ്കെടുപ്പിക്കാറുണ്ട്.

**ശ്രീമതി. മഞ്ചു പി എസ്** ന്റെ നേതൃത്വത്തിലാണ് വിദ്യാരംഗം കലാസാഹിത്യ വേദി പ്രവർത്തിക്കുന്നത്.

## ലിറ്റിൽ കൈറ്റ്സ്

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ചു നടപ്പാക്കി വരുന്ന ഹൈടെക്ക് സ്കൂൾ പദ്ധതിയുടെ ഫലമായി സ്കൂളുകളിൽ ഹൈടെക്ക് ക്ലാസ്സ് റൂമുകളും ഐ.സി.ടി. അധിഷ്ഠിത പഠനം യാഥാർത്ഥ്യമായിരിക്കുന്ന സാഹചര്യത്തിൽ ഐ.സി.ടി പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളെക്കൂടി ഉൾപ്പെടുത്തുക എന്ന ലക്ഷ്യം മുൻനിർത്തി നടപ്പാക്കിയ പദ്ധതിയാണ് ലിറ്റിൽ കൈറ്റ്സ്. സാങ്കേതികവിദ്യാഉപകരണങ്ങൾ കൈകാര്യം ചെയ്യാൻ അദ്ധ്യാപകരോടൊപ്പം കുട്ടികൾക്കും പരിശീലനം നൽകുകയാണ് ഇതിൻറെ ലക്ഷ്യം. **ശ്രീമതി. രേണുക എൽ** ലിറ്റിൽ കൈറ്റ്സിന്റെ ചുമതല വഹിക്കുന്നു.

## സൗഹൃദ ക്ലബ്ബ്

സൗഹൃദക്ലബ്ബിൻറെ ആഭിമുഖ്യത്തിൽ ഓരോ ക്ലാസ്സിൽ നിന്നും 12 വീതം കുട്ടികളെ തിരഞ്ഞെടുത്ത് ഒരു ഗ്രൂപ്പുണ്ടാക്കുകയും അവരിൽ നിന്നും വോളണ്ടിയർ ലീഡർഷിപ്പ് ട്രെയിനിങ് പ്രോഗ്രാമിന് വേണ്ടി രണ്ടു കുട്ടികളെ തെരഞ്ഞെടുക്കുകയും ചെയ്തു. കുട്ടികൾക്ക് മാനസികാരോഗ്യം ഉറപ്പുവരുത്തുന്നതിന് എറണാകുളം വെൽഡൺ ഹോസ്പിറ്റലിലെ സൈക്കോളജിസ്റ്റ് ഡോക്ടർ അനൂപ് കൃഷ്ണനും റീപ്രൊഡക്റ്റീവ് ഹെൽത്ത് വിഷയത്തെ ആസ്പദമാക്കി കായംകുളം എബനേസർ ഹോസ്പിറ്റലിലെ ഡോക്ടർ രുക്മിണിയും ക്ലാസ്സുകളെടുത്തു. സൗഹൃദ ക്ലബ്ബിൻറെ നേതൃത്വത്തിൽ “മക്കളെ അറിയാൻ” എന്ന പ്രോഗ്രാം നടന്നു. **ശ്രീമതി.ലതാകുമാരി** ടീച്ചറിന്റെ നേതൃത്വത്തിൽ സൗഹൃദ ക്ലബ്ബ് കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.

## കരിയർ ഗൈഡൻസ്

വിദ്യാർത്ഥിനികൾക്ക് അവരുടെ കഴിവിന്റെയും ആഗ്രഹത്തിന്റെയും അടിസ്ഥാനത്തിൽ അടുത്ത കോഴ്സുകൾ കണ്ടെത്താനും ഇഷ്ടപ്പെട്ട തൊഴിലിനെ ലക്ഷ്യമാക്കി സഞ്ചരിക്കുവാനും വേണ്ട നിർദ്ദേശങ്ങൾ ലഭ്യമാക്കുന്ന നിരവധി ക്ലാസുകൾ, കരിയർ വാർത്തകൾ എന്നിവ സമയബന്ധിതമായി നൽകുക എന്ന ലക്ഷ്യത്തോടെ കരിയർ ഗൈഡൻസിന്റെ പ്രവർത്തനങ്ങൾ വർഷങ്ങളായി നടന്നുവരുന്നു. പാത്ത് ഫൈൻഡർ പ്രോഗ്രാമിന്റെ ഭാഗമായി കോഴ്സുകളെ സംബന്ധിച്ച സംശയനിവാരണവും എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിലെ കൗൺസിലർമാർ നൽകുന്ന ക്ലാസുകളും പഠനത്തിന്റെ ഇടവേളകളിൽ നൽകുന്നുണ്ട്. കരിയർ ഗൈഡൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ കരിയർ പ്ലാനിങ് സംബന്ധിച്ച് കരിയർ ഗൈഡൻസ് കൗൺസിലറായ മറ്റം സെന്റ്.ജോൺസ് സ്കൂളിലെ ശ്രീ. വർഗീസ് പോത്തൻ സർ കുട്ടികൾക്ക് ക്ലാസ് എടുത്തു. പ്രോഗ്രാമിന്റെ ഭാഗമായി കുട്ടികളെ ഗ്രൂപ്പ് തിരിച്ച് കരിയർ വാർത്തകളും, കോഴ്സുകൾ

സംബന്ധിച്ച ക്ലാസുകളും നല്കിവരുന്നു. പത്താംക്ലാസ്, പ്ലസ്ടു വിദ്യാർഥിനികൾക്ക് കരിയർ ഗൈഡൻസ് കൗൺസിലിന്റെ നേതൃത്വത്തിൽ ക്ലാസുകൾ നടന്നുവരുന്നു. **ശ്രീമതി ലക്ഷ്മി** ടീച്ചറാണ് കരിയർ ഗൈഡൻസിന്റെ ചുമതല വഹിക്കുന്നത്.

## ശാസ്ത്രരംഗം

ഹൈസ്കൂൾ വരെയുള്ള കുട്ടികളുടെ വിവിധ ക്ലാസുകളുടെ സംയുക്ത വേദിയാണ് ശാസ്ത്രരംഗം. ലോകബഹിരാകാശവാരാഘോഷത്തിന്റെ ഭാഗമായി നമ്മുടെ കുട്ടികൾക്ക് പ്രത്യേക ക്ലാസുകളും സെമിനാറും സംഘടിപ്പിച്ചു.

ശാസ്ത്രം, ഗണിതശാസ്ത്രം, സാമൂഹ്യ ശാസ്ത്രം, വിവരസാങ്കേതികവിദ്യ തുടങ്ങിയ മേഖലകളിൽ കുട്ടികൾക്ക് പരിശീലനം നൽകുവാനും വിവിധ പരിശീലനങ്ങളിൽ പങ്കെടുപ്പിക്കുവാനും, ശാസ്ത്രമാഗസിൻ തയ്യാറാക്കുവാനും കഴിഞ്ഞു. ശാസ്ത്ര ക്വിസ്, സയൻസ് ഫെസ്റ്റ് എന്നിവയും നടത്തി. **ശ്രീമതി. ബീന** ടീച്ചറിന്റെ നേതൃത്വത്തിലാണ് ഈ ക്ലബ്ബ് പ്രവർത്തിക്കുന്നത്.

## കാർഷിക സേന

30 കുട്ടികൾ അടങ്ങുന്ന കാർഷിക സേനയുടെയും, എസ്.പി.സിയുടെയും, എൻ.എസ്.എസ്, ജെ.ആർ.സി എന്നിവരുടെയും നേതൃത്വത്തിൽ കൃഷിഓഫീസുമായി സഹകരിച്ച് സ്ഥാപനകൃഷി ആരംഭിച്ചു.

## ഗണിത ശാസ്ത്ര ക്ലബ്ബ്

കുട്ടികളുടെ ഗണിതശേഷി, ഗണിതാഭിരുചി, ഗണിതചിന്ത എന്നിവ വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. വിവിധ ഗണിത മോഡലുകൾ, ഗണിത ക്വിസ്, ഗണിതശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുത്തൽ, പസിലുകൾ, ഗെയിംസ്, വർക്കിംഗ് മോഡലുകൾ എന്നിങ്ങനെ കുട്ടികളെ ഗ്രൂപ്പുകളായി തിരിച്ച് സംഘടിപ്പിച്ചു. കുട്ടികൾക്ക് ഗണിതത്തോട് താല്പര്യം വർദ്ധിപ്പിക്കുന്ന പ്രവർത്തനങ്ങളായി അവവിലയിരുത്തി. **ശ്രീ.മനോജ്കുമാർ, ശ്രീമതി. രേണുക എൽ** എന്നിവരാണ്ഈ ക്ലബ്ബിൻറെ ചുമതല വഹിക്കുന്നത്.

## സോഷ്യൽ സയൻസ് ക്ലബ്

സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പാഠ്യപ്രവർത്തനങ്ങൾ നടത്തുന്നതിനായി അക്കാദമിക വർഷം ജൂൺ മാസത്തിൽ തന്നെ സോഷ്യൽ സയൻസ് ക്ലബ്ബ് രൂപീകരിച്ചു. ദിനാഘോഷങ്ങൾ (ലോകജനസംഖ്യാദിനം, ഗാന്ധിജയന്തി,ശിശുദിനം,അധ്യാപക ദിനം,

റിപ്പബ്ലിക് ദിനം) തുടങ്ങിയവ വിപുലമായി ആചരിച്ചു. ആറാം ക്ലാസിൽ സാമൂഹ്യശാസ്ത്ര വിഷയത്തിൽ കഴിവുള്ള കുട്ടികളെ കണ്ടെത്തുന്നതിനായി നടത്തിയ സ്റ്റെപ്പ്സ് പരീക്ഷയിൽ മിടുക്കു തെളിയിച്ച കുട്ടികളെ സബ്ജില്ലാതലത്തിലും, ജില്ലാതലത്തിലും പങ്കെടുപ്പിച്ചു. ഈ ക്ലബ്ബിന്റെ ചുമതല ശ്രീമതി.വിജയലക്ഷ്മി അമ്മാൾക്കാണ്.

## സ്പോർട്സ് ആൻഡ് ഗെയിംസ്

കായികമേളയിൽ ഉപജില്ല-ജില്ല-സംസ്ഥാന തലങ്ങളിൽ മികച്ച സ്ഥാനം കരസ്ഥമാക്കുവാൻ കായംകുളം ഗവൺമെൻറ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിലെ വിദ്യാർഥിനികൾക്ക് കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞവർഷം നടന്ന കായംകുളം ഉപജില്ല കായികമേളയിലും, ജില്ലാ മേളയിലും മികച്ച പങ്കാളിത്തം സ്കൂളിൽ നിന്നുണ്ടായി. ഏറെ അഭിമാനമായി മാറിയത്, സംസ്ഥാനതല Tug of war,Base Ball എന്നീ ഇനങ്ങളിൽ പങ്കെടുത്തതാണ്.

കുമാരി ഷിഫാന എസ് ആൽവിന, അഫ്ന, അക്ഷയ തുടങ്ങിയവർ Tug of war, Base Ball എന്നീ ഇനങ്ങളിൽ സംസ്ഥാനതലത്തിൽ മത്സരിക്കുകയും, വിജയിക്കുകയും ചെയ്തു. രാവിലെയും വൈകുന്നേരവും സ്കൂൾ ഗ്രൗണ്ടിൽ കുട്ടികൾക്ക് ലഭിക്കുന്ന പ്രത്യേക പരിശീലനം, കായിക മത്സരങ്ങൾക്ക് സ്കൂൾ നൽകുന്ന പ്രാധാന്യം വിളിച്ചറിയിക്കുന്നു.

## ORC (അവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ)

കുട്ടികൾ ഏതൊരു സമൂഹത്തിന്റെയും ഭാവിയാണ്. അവർ സംരക്ഷിക്കപ്പെടേണ്ടവരാണ്. അവർ ജീവിതത്തിൽ സുരക്ഷിതമാകേണ്ടതിന്റെ ഉത്തരവാദിത്വം കൂടി സമൂഹത്തിലുണ്ട്. മാറുന്ന കാലത്തിനൊപ്പം നമ്മുടെ കുട്ടികൾ അതിവേഗം മാറിക്കൊണ്ടിരിക്കുന്നു. വിവര ശേഖരണത്തിൽ അവർ ഏറെ മുന്നിലാണ്. അനാരോഗ്യകരമായ പ്രവണതകളും അവരെ പിന്തുടരും. ലൈംഗികചൂഷണത്തിലേക്കും ആത്മഹത്യയിലേക്കും വഴുതി വീഴാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതുണ്ട്. ലഹരിവസ്തുക്കൾക്ക് അടിമപ്പെടാതിരിക്കുവാൻ അവരെ ബോധ്യപ്പെടുത്തേണ്ടതുണ്ട്. അതിനായി കുട്ടികൾക്കും രക്ഷിതാക്കൾക്കും കൗൺസിലിംഗ് ക്ലാസുകൾ വർഷാരംഭത്തിൽ തന്നെ നടത്തിവരുന്നു. ഹൈസ്കൂൾ വിഭാഗത്തിന്റെ ചുമതല **ശ്രീമതി.പൊന്നുമോൾ എസ്** നും ഹയർസെക്കണ്ടറി വിഭാഗത്തിന്റെ ചുമതല **ശ്രീമതി.ശ്രീജി എസി**നുമാണ്.

## പ്രവർത്തി പരിചയമേള – ഗണിതശാസ്ത്രമേള – ഐ. ടി മേള

ഈ വർഷവും പ്രവർത്തിപരിചയമേളയിലും ഗണിതശാസ്ത്രമേളയിലും ഐ.ടി.മേളയിലും ധാരാളം കുട്ടികൾ പങ്കെടുത്തു. ഉപജില്ലാ-ജില്ലാ-സംസ്ഥാനതല മത്സരങ്ങളിൽ ശ്രേഷ്ഠവിജയം കരസ്ഥമാക്കി നമ്മുടെ കുട്ടികൾ ഐ.ടി മേളയിൽ പങ്കെടുത്ത് സംസ്ഥാനതലത്തിൽ മികച്ച ഗ്രേഡ് വാങ്ങിയ കുമാരി.ഗൗരിനന്ദന അഭിനന്ദനം അർഹിക്കുന്നു.

## പരീക്ഷാഫലം2024

മാർച്ചിൽ നടന്ന എസ് എസ് എൽ സി പരീക്ഷയെഴുതിയ 71 കുട്ടികളെയും വിജയിപ്പിച്ച് 100% വിജയം കൈവരിക്കാൻ നമുക്ക് കഴിഞ്ഞു. 21 കുട്ടികൾക്ക് മുഴുവൻ വിഷയത്തിൽ എ പ്ലസ്, 6 കുട്ടികൾക്ക് 9 എ പ്ലസ്, 6 കുട്ടികൾക്ക് 8 എ പ്ലസ് എന്നിങ്ങനെ ലഭിച്ചു. ഹയർ സെക്കൻഡറി പരീക്ഷയിൽ 80% വിജയം നേടാൻ നമുക്ക് കഴിഞ്ഞു. 26 കുട്ടികൾ മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് നേടി. ഒന്നാംവർഷ പരീക്ഷയിൽ 82% വിജയം കൈവരിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. 19 കുട്ടികൾക്ക് മുഴുവൻ വിഷയങ്ങൾക്ക് എ പ്ലസ് ലഭിച്ചു. അതിൽ കുമാരി. ദയ.ജെ 100 ശതമാനം മാർക്ക് കരസ്ഥമാക്കി.

### മുന്നൊരുക്കം

പത്താം ക്ലാസ്സിലെയും, പന്ത്രണ്ടാം ക്ലാസ്സിലേയും കുട്ടികൾക്ക് ക്ലാസ്സ് സമയം കഴിഞ്ഞ് ഒരു മണിക്കൂർ സമയം ക്ലാസ്സും, സീരീസ് ടെസ്റ്റും നടത്തുന്നുണ്ട്. പരീക്ഷാഭയം മാറുന്നതിനായി, കുട്ടികൾക്ക് കൗൺസിലിങ്ങ് ക്ലാസ്സുകൾ നടത്തിവരുന്നുണ്ട്.

## യൂണിഫോം വിതരണം

കുട്ടികളുടെ യൂണിഫോം വിതരണം പിടിഎയുടെ നേതൃത്വത്തിൽ സബ് കമ്മിറ്റി രൂപീകരിച്ചു നിർവഹിച്ചു. സമയബന്ധിതമായി എല്ലാ കുട്ടികൾക്കും യൂണിഫോം വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്.

## അച്ചടക്കം

പരീക്ഷാഫലത്തിൽ എന്നപോലെ തന്നെ സുപ്രധാനമാണ് വിദ്യാർത്ഥികളുടെ സ്വഭാവരൂപീകരണവും. പെൺകുട്ടികൾ മാത്രം പഠിക്കുന്ന വിദ്യാലയം എന്ന നിലയിൽ സവിശേഷമായ സ്വാതന്ത്ര്യം സ്കൂൾ ക്യാമ്പസിനുള്ളിൽ അനുവദിച്ചിട്ടുണ്ട്. ഒപ്പം അവശ്യം വേണ്ടതായ അച്ചടക്കം നിലനിർത്തുന്നതിനും ശ്രദ്ധിക്കുന്നുണ്ട്. മൊബൈൽ ഫോൺ

സ്കൂളിൽ കൊണ്ടുവരുന്നതും കർശനമായി നിരോധിച്ചിട്ടുണ്ട്. മൊബൈൽ അഡിക്ഷൻ സൃഷ്ടിക്കുന്ന ആരോഗ്യപ്രശ്നങ്ങളും, മാനസിക പ്രശ്നങ്ങളും, മറ്റു അപകടങ്ങളിൽ ചെന്ന് ചാടുന്നതും ഒഴിവാക്കുന്നതിന് ഇത് അനിവാര്യമാണെന്ന് സ്കൂൾ അധികൃതർ വിലയിരുത്തിയതാണിതിനു കാരണം.

## ഭൗതിക സാഹചര്യങ്ങൾ

ഭൗതിക സാഹചര്യങ്ങളുടെ കാര്യത്തിൽ സ്കൂളിനുള്ള അപര്യാപ്തത പരിഹരിക്കുന്നതിന് ഊർജിതമായ ശ്രമങ്ങൾ നടന്നുവരുന്നു. ബഹുമാനപ്പെട്ട കായംകുളം എംഎൽഎ ശ്രീമതി യു. പ്രതിഭയുടേയും വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സന്റെയും മറ്റു ജനപ്രതിനിധികളുടെയും ഇടപെടലിലൂടെ കാര്യങ്ങൾ ഏറെ മുന്നോട്ടു പോയിട്ടുണ്ട്. 1 കോടി 55 ലക്ഷം രൂപയും, 1 കോടി 30 ലക്ഷം രൂപയും വകയിരുത്തിയിട്ടുള്ള പുതിയ കെട്ടിടത്തിന്റെ നിർമാണം ഉടൻ ആരംഭിക്കുമെന്ന് പ്രത്യാശിക്കാം. പുതിയ കെട്ടിടത്തിന്റെ ശിലാസ്ഥാപനം, 2025 ഫെബ്രുവരി നാലിന് ബഹുമാനപ്പെട്ട എം. എൽ. എ. അഡ്വ. യു. പ്രതിഭ നിർവഹിച്ചു.

ഈ വിദ്യാലയം മാതൃകയായി വെളിച്ചമായി എന്നും നിലനിൽക്കണം. അതിന് എല്ലാവരുടെയും ഹൃദയപൂർവ്വമായ പിന്തുണയും സഹകരണവും ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

--------------------------------

# PTA EXECUTIVE



ഡോ. ബിജു ജോൺ
പ്രിൻസിപ്പാൾ



ശ്രീ. ഉണ്ണികൃഷ്ണൻ ആർ
ഹെഡ്മാസ്റ്റർ



ശ്രീ. എ നസീർ
(PTA പ്രസിഡന്റ്)



ശ്രീ. ബിജു മാധവൻ
(PTA വൈസ്പ്രസിഡന്റ്)



ശ്രീ ഷാജഹാൻ വൈ



ശ്രീ. ഹരിലാൽ



ശ്രീ അനിഗർ



ശ്രീമതി. സജിത പി.ആർ



ശ്രീമതി. ഹസീന വൈ



ശ്രീമതി. സജിത പി.ആർ



ശ്രീ അനസ് ഇല്ലിക്കുളം



ഡോ. അനീഷ് വി ഡി



ശ്രീമതി. ലതാകുമാരി കെ



ശ്രീമതി. കവിത എസ്



ശ്രീമതി. ബീന വി.ആർ



ശ്രീമതി. ശ്രീജി. എസ്

# MAGAZINE COMMITTEE



ഡോ. ബിജു ജോൺ
പ്രിൻസിപ്പാൾ



ശ്രീ. ഉണ്ണികൃഷ്ണൻ ആർ
ഹെഡ്മാസ്റ്റർ



ശ്രീ. എ നസീർ



ശ്രീ ഷാജഹാൻ വൈ



ശ്രീമതി. കവിത എസ്



ഡോ.അനീഷ് വി ഡി



ശ്രീമതി. ലേഖ. ആർ



കുമാരി. ദയ.ജെ

## കവിത

ദയ.ജെ , S2-A



# നാലുപേർ

കടൽ ഭിത്തിയിൽ തട്ടിതെറിച്ചു പോയ പ്രണയം
നാലുപേർ യാത്ര പോയി
സീതേ, നീ എങ്ങോട്ട് പോകുന്നു?

എനിക്കായ് ഒരുക്കിവെച്ച
അഗ്നിയുരുക്കി ചോരയാക്കാൻ
പാർത്ഥ, നീ എവിടെ പോകുന്നു?

ഉത്തമമായ ഒന്നിനായി സ്വർഗ്ഗത്തിലെ എത്താത്ത
എൻറെ ഉടലിൽ നിന്നൊരുപുംബീജം വേണമത്രേ
അംബേ ,നീ എങ്ങോട്ട് പോകുന്നു?

ശിഖണ്ഡിയായി പുനർജനിക്കാൻ എനിക്കാവില്ലെന്ന്
വ്യാസനോടോതാൻ
ആദ്യത്തെ മലം പോലെയും അവസാനത്തെ ജലം
പോലെയും നിർവികാരമായ ആ മരുഭൂമിയിൽ

അവരോടൊപ്പംനാലാമതൊരാൾ കൂടി യാത്ര ചെയ്തു.
വിജയത്തിൻറെ രുചി തേടി നടന്ന അയാൾ
സ്വന്തം ചോര നക്കികുടിച്ച് ആസ്വദിച്ചു
കവിത അവനിലൂടെ
ഒരു മഴയായി
പുഴയായി ഒഴുകി ....

ആ നീരുറവ മോന്തിക്കുടിച്ച്
വാപൊട്ടി അയാൾ ഛർദിച്ചു
അതൊരു അഗ്നിയായി ആളിപ്പടർന്ന്
ആമരുഭൂമിയാകെ തണുപ്പിച്ചു.

ആ തണുപ്പിൽ ആദ്യം ഉണ്ടായ കുട്ടിക്ക്
വാവിട്ടു കരയാൻ ശബ്ദനാളം മാത്രം ഉണ്ടായിരുന്നു
അതിലൂടെ അവൾ അഗ്നി തുപ്പി കൊണ്ടിരുന്നു

കഥ
നൗറിൻ ഫാത്തിമ , S2A



# പള്ളിക്കാട്ടിലെ പ്രണയം

'ഇന്ന് വെള്ളിയാഴ്ച ദിവസമാണ്.അവൻ എന്നെ കാണാൻ വരും. വരുമ്പോൾ എന്റെ കുഞ്ഞിന് കൊടുക്കാനായി എൻറെ കയ്യിൽ ഒന്നും തന്നെ ഇല്ലല്ലോ റബ്ബേ 'പള്ളിയിലെ കുറ്റിക്കാടുകൾക്കിടയിൽ ആരുടേതെന്ന് അറിയാൻ പറ്റാത്ത വിധം വള്ളിച്ചെടികളാൽ തൊട്ടാവാടികളാൽ മൂടപ്പെട്ടു കിടക്കുന്ന കബറുകൾക്കിടയിൽ ആരും ഒന്നു ശ്രദ്ധിക്കുന്ന തരത്തിൽ ഒരു ഖബർ. എവിടെനിന്നോ പൂമണം ഒഴുകിയെത്തുന്നു. മുല്ലയും മൈലാഞ്ചിയും ചേർന്ന് നിൽക്കുന്ന ഖബർ .കയറി വരുന്നവരുടെ ശ്രദ്ധ പിടിച്ചുപറ്റിയ ഏക ഖബർ അതായിരുന്നു.

'ആരുടേതാണ് ആ പുതിയ ഖബർ ' ഒരു അപരിചിതന്റെ ചോദ്യം കേട്ടാൽ ആ കുട്ടി ഒരു ചെറിയ നെടുവീർപ്പോടെ പുഞ്ചിരി വിടർത്തിക്കൊണ്ട് പറഞ്ഞു

'അത് എൻറെ ഉമ്മിയുടെതാണ് 'പിന്നീട് ഒരു ചോദ്യത്തിന് മറുപടി നൽകാൻ നിൽക്കാതെ ആ കൊച്ചു കാലടികൾ പള്ളിക്കാട്ടിലേക്ക് ഓടി പോവുകയായിരുന്നു.

അഞ്ചാം ക്ലാസിൽ പഠിക്കുമ്പോഴാണ് അവൻറെ ഉമ്മ ഹൃദയസംബന്ധമായ രോഗം മൂലം മരണപ്പെടുന്നത്. വാപ്പാ ഗൾഫിലായിരുന്നു.അത്യാവശ്യം തരക്കേടില്ലാത്ത ജീവിതമായിരുന്നു. അവരുടേത് ഭാര്യയുടെ മരണവാർത്തയറിഞ്ഞ് നാട്ടിലേക്ക് വന്നതു തന്നെ ശരീരത്തിന്റെ ഒരു ഭാഗം തളർന്നിട്ടായിരുന്നു.മറ്റ് ബന്ധുക്കളുടെ സഹായത്തോടെ ചികിത്സിച്ചു കൊണ്ടിരിക്കുന്നു ആ മനുഷ്യനും ഇന്നുവരെ തന്റെ പ്രിയതമയുടെ ഖബർ കാണാൻകഴിഞ്ഞിട്ടില്ല. എല്ലാ സൗഭാഗ്യങ്ങളും ഉണ്ടെന്നു പറഞ്ഞാലും ചെറിയ കാര്യങ്ങളിൽ എങ്കിലും നിർഭാഗ്യവാനായി മാറും. ആവശ്യത്തിനു സമ്പത്തും സന്തോഷവും എല്ലാം തന്നെ ഉണ്ടായിരുന്നെങ്കിലും ഇത് വലിയൊരു തീരാനഷ്ടമായി മാറിയിരിക്കുന്നു. പെട്ടെന്നുണ്ടായ പ്രിയപ്പെട്ടവരുടെ വേർപാട് ആ മനുഷ്യനെ ശാരീരികമായും മാനസികമായും തളർത്തി. എല്ലാ ദിവസവും അവനെ കുളിപ്പിച്ച് ഒരുക്കി അഞ്ച് നേരവും നിസ്കരിക്കുവാൻ പള്ളിയിൽ വിടും ഉമ്മയുടെ ഖബർ വിശാലമാക്കാനും വാപ്പിയുടെ അസുഖം എത്രയും വേഗം ഭേദമാകാനും ദുആ ചെയ്യാൻ കൽപ്പിക്കും

ആ കുഞ്ഞി കൈകൾ തനിക്കുവേണ്ടി പ്രാർത്ഥിക്കുവാൻ ഉയർത്തുമ്പോൾ താനാണ് ഈ ലോകത്തിലെ ഏറ്റവും വലിയ ഭാഗ്യം നിറഞ്ഞ പിതാവ് എന്ന് അദ്ദേഹം ആശ്വസിച്ചു.ഉമ്മ മരിച്ചതിന്റെ

രണ്ടാം വെള്ളിയാഴ്ചയായിരുന്നു അന്ന് വെള്ളിയാഴ്ചകളിൽ മാത്രമേ ചെറിയ കുട്ടികൾക്ക് പള്ളിക്കാട്ടിലേക്ക് പോകുവാനുള്ള അനുവാദം നൽകിയിട്ടുള്ളൂ അവൻ നിസ്കാരം കഴിഞ്ഞു മാതാപിതാക്കൾക്ക് വേണ്ടി പ്രാർത്ഥിച്ചു. മറ്റുള്ളവരെക്കാളും മുൻപ് ഇരിപ്പിടത്തിൽ നിന്ന് എഴുന്നേറ്റ് ഖബറിൽ കിടക്കുന്ന തന്റെ പ്രിയപ്പെട്ട ഉമ്മിയുടെ അടുത്തേക്ക് ഓടി

അവൻ ഓടിപ്പോയി ആ ഖബറിന് മീതെ ഇരുന്നു കുറച്ചുനേരം ആ മണ്ണിൽ കെട്ടിപ്പിടിച്ചിരുന്നു മറ്റുള്ളവരുടെ കണ്ണ് നനയിക്കുന്ന കാഴ്ചയായിരുന്നു അത് .അവിടെ ഇരുന്ന്അവൻ അറിയാവുന്ന സൂറത്തുകളുംമറ്റും ഓതിക്കഴിഞ്ഞ് ആ കുഞ്ഞിക്കൈകൾ മുല്ലവള്ളിയിലേക്ക് നീങ്ങി.അതിൽ നിന്ന് നാലു വലിയ പൂക്കൾ പറിച്ചു ഖബറിന്റെ മുകളിൽ വച്ചിട്ട് പറഞ്ഞു ഉമ്മി ഞാനിവിടെ പൂക്കൾ വെച്ചിട്ടുണ്ട് കുളിച്ചു കഴിഞ്ഞു ഇതെടുത്ത് തലയിൽ വയ്ക്കണം. വാപ്പിക്ക് ഇപ്പോൾ കുറച്ച് അസുഖം കുറവുണ്ട്. നന്നായി അസുഖം മാറുന്ന അന്നു തന്നെ ഉമ്മയെ വന്നു കാണും. ഉമ്മി വാപ്പിയോട് പിണങ്ങല്ലേ ഇത്രയും നാൾ എനിക്ക് ചോറ് വാരി തന്നത് ഉമ്മിയല്ലേ ഇപ്പോൾ ഞാനാണ് വാപ്പിക്കു ചോറ് വാരി കൊടുക്കുന്നത്. വാപ്പി അപ്പോൾ കരയുകയൊക്കെ ചെയ്യും. ഞാൻ പോവാണ്. വാപ്പിക്ക് മരുന്നു കൊടുക്കാൻ നേരമായി അടുത്ത ആഴ്ച നേരത്തെ വരാം''.

ആ കുഞ്ഞ് മനസ്സിൽ ഉള്ളത് എല്ലാംതുറന്നു പറഞ്ഞ് ആ ഖബറിന് അരികിൽ ചേർന്ന് കിടന്ന്, ഉമ്മയുടെ തല വെച്ച ഭാഗത്തായി ഒരു മുത്തം കൊടുത്തിട്ട് സലാം പറഞ്ഞു യാത്രയായി. ഉമ്മയുടെ റൂഹ് വീട്ടിലേക്ക് അവനോടൊപ്പം എത്തി. അവരുടെ രണ്ടുപേരുടെയും സംഭാഷണങ്ങൾ നിരീക്ഷിച്ച് അവരോടൊപ്പം ഇരിക്കാനോ കാര്യം പറയാനോ പറ്റാത്തതിനാൽ തേങ്ങിക്കരഞ്ഞു. പള്ളിയിൽ പോയിട്ട് അവിടെ നടന്ന കാര്യങ്ങൾ എല്ലാം ചോറ് കൊടുക്കുന്നതിനിടയിൽ അവൻ വാപ്പിയോട് പറഞ്ഞു തീർത്തു . ഓരോ ദിവസം കഴിയുംതോറും അദ്ദേഹത്തിന്റെ അവസ്ഥ വളരെ മോശമായി തുടങ്ങി വാപ്പയുടെ ഏത് അവസ്ഥയിലും

മുഴുവൻ ഊർജ്ജം നൽകി ആ മകൻ കൂടെ ഉണ്ടായിരുന്നു

അങ്ങനെയിരിക്കെ ഏതൊരു മയ്യത്തും പെട്ടെന്ന് വരാൻ ആഗ്രഹിക്കാത്ത ദിവസം വന്നെത്തി. അന്ന് ആ വീട്ടിൽ ഭയങ്കര തിക്കും തിരക്കും ഒക്കെ ആയിരുന്നു. അന്നായിരുന്നു അവൻറെ ഉമ്മ മരിച്ചതിന്റെ നാല്പതാം ദിവസം.ളുഹറിന് ശേഷം വെക്കാന്ന് വച്ചപ്പോഴാണ് അന്നാണ് വെള്ളി എന്ന് മനസ്സിലായത് ജുമുഅ കഴിഞ്ഞ് ഒരുപാട് താമസം വരുന്നത് കൊണ്ടു തന്നെ അസ് റിന്നുശേഷം വെച്ചു ദുആ. ആ വെള്ളിയാഴ്ചയും എല്ലാ ആഴ്ചത്തെ പോലെയും അവൻ പള്ളിയിൽ പോയി ഉമ്മയെ കണ്ടു പാപ്പിയുടെ രോഗാവസ്ഥയെ പറ്റി പറഞ്ഞു ഉമ്മയ്ക്ക് വേണ്ടി ദുആ ചെയ്തു വീട്ടിലേക്കു മടങ്ങി അസ്റിനു ശേഷം ഖബർ സിയാറത്ത് ചെയ്യാൻ വേണ്ടി എല്ലാവരും എത്തി.

കബർ സിയാറത്ത് കഴിഞ്ഞ് വീട്ടിലെത്തി .അവൻ ആദ്യം ചെയ്തത് വാപ്പിയെ കുളിപ്പിച്ച് അണിയിച്ച് ദുആ ചെയ്യുന്നതിന്റെ ആ സ്ഥലത്തായി വീൽചെയറിൽ കൊണ്ടിരുത്തി ദുആ ചെയ്തു കഴിഞ്ഞു മധുരപലഹാരങ്ങൾ നൽകി .അതിൽ നിന്ന് ഒരു പഴം എടുത്ത് വാപ്പിക്കു നൽകി. അപ്പോഴാണ് അവൻ ഒരു കാര്യം ശ്രദ്ധിച്ചത് എല്ലാ ദിവസത്തേക്കാളുംവാപ്പി ഇന്ന് അവശനാണ്. പെട്ടെന്നു തന്നെ അവൻ വാപ്പിയെ കട്ടിലിന്റെ അരികിൽ കൊണ്ടുവന്നു മറ്റുള്ളവരുടെ സഹായത്തോടെ കട്ടിലിൽ കിടത്തി എല്ലാ പ്രാവശ്യവും അവൻ ഇങ്ങനെയൊക്കെ ചെയ്യുമ്പോഴും അവന് വാപ്പി മുത്തം നൽകുമായിരുന്നു. അന്നത് ലഭിച്ചില്ല അത്രയും അവശതയിലായിരുന്നു. അവൻ ആ കട്ടിലിന്റെ അരികിൽ തന്നെ ഇരുന്നു .ഓരോ ചലനങ്ങളും നിരീക്ഷിച്ചു. വേദന കൊണ്ട് പുളയുകയായിരുന്നു ആ പിതാവ്. 'എവിടെയെങ്കിലും തടകണോ വാപ്പീ.... വെള്ളം വേണോ.... എന്നൊക്കെ ആ പാവം ചോദിച്ചു. മറുപടി പറയാൻ പറ്റാത്ത വിധം വേദന കൊണ്ട് പുളയുന്നു. 'അള്ളാഹ് '..സൈനു ...മോനേ.... റബ്ബേ..... എന്നൊക്കെ ആ പിതാവ് വിളിക്കുന്നുണ്ട്. പെട്ടെന്നു തന്നെ അവിടെ നിന്ന് ഒരു ഉസ്താദിനെ അവൻ വിളിച്ചു കൊണ്ടുവന്നു.അപ്പോൾ തന്നെ ഉസ്താദ് പറഞ്ഞു വെള്ളം എടുത്തോ എന്ന്. വെള്ളവുമായി നിൽക്കുന്ന മകനെ ഉസ്താദ് ചേർത്തു നിർത്തിയിട്ട് പറഞ്ഞു പാപ്പിയുടെ അരികിലിരുന്നു നിനക്കറിയാവുന്ന എല്ലാ ദിക്റും ചെല്ലാൻ. വാപ്പി തിരിച്ച് അത് പറയുന്നതുവരെ ചൊല്ലിക്കൊ എന്നു പറഞ്ഞ്ഉസ്താദ് അവിടെയിരുന്നു.ആ പാവം അവിടെയിരുന്നു ലാഇലാഹ ഇല്ലല്ലാഹു എന്ന് വാപ്പിയുടെ ചെവിയിൽ ഓതി കൊടുത്തു.അങ്ങനെ ആ പിതാവ് തിരിച്ച് ഉറക്കെ പറയാൻ തുടങ്ങി 'ലാ .... ഇലാഹ .....ഇല്ലള്ളാഹ് ......' വളരെ പണിപ്പെട്ടാ ണെങ്കിലും.അവൻത് അല്പാല്പം വെള്ളം വായിലേക്ക് ഒഴിച്ചു കൊടുത്തു.അത് കുടിക്കുകയും ചെയ്തു വാപ്പ എഴുന്നേൽക്കും എന്ന പ്രതീക്ഷയോടെ അവൻ വെള്ളം കുടിപ്പിച്ചു ഏകദേശം ഒരു മണിക്കൂറിനു ശേഷം ആ പിതാവിൻറെ കണ്ണുകൾ അടഞ്ഞു. ശ്വാസം നിലച്ചു. മുഖത്ത് വെളിച്ചം തെളിഞ്ഞു. പുഞ്ചിരി വിടർന്നു.

ഉസ്താദ് മറ്റുള്ളവരോട് പറഞ്ഞു 'മയ്യത്തിനെ കുളിപ്പിക്കുവാൻ വേണ്ട നടപടികൾ എടുക്കൂ.'മഗ്രിബിന് തന്നെ അടക്കം ചെയ്യണം ഇത്. മകൻ വാപ്പയെ ചേർത്തുപിടിച്ച് കരയാൻ തുടങ്ങി. "വാപ്പയും ഉമ്മയുടെ കൂടെ പോയി അല്ലേ.ഇത്രയും ദിവസം എൻറെ കൂടെ നിന്നിട്ട്?ഇനി ഞാൻ ആരുടെ കൂടെ നിൽക്കും ഞാൻ ഈ വീട്ടിൽ ഒറ്റയ്ക്കല്ലേ. സൈനാമ്മീ പോയപ്പോൾ ബാപ്പ എൻറെ കൂടെ ഉണ്ടായിരുന്നു. ഇനിയിപ്പോ ആരുണ്ട്?"ഇങ്ങനെയുള്ള കൊച്ചു കൊച്ചു കാര്യങ്ങൾ പറഞ്ഞ് അവൻ തേങ്ങി കരഞ്ഞു.കുറച്ചു സമയത്തിനുശേഷം മയ്യത്തിനെ കുളിപ്പിക്കാൻ എടുത്തു. ആ മകനും അവരുടെ കൂടെ നിന്നു. വാപ്പയെ ഇത്രയും ദിവസവും ഞാൻ കുളിപ്പിച്ചില്ലേ ഇന്നും ഞാൻ തന്നെ കുളിപ്പിക്കാം ഇങ്ങനെ പറഞ്ഞ് അവൻ മുൻപിലേക്ക് നീങ്ങി. മറ്റുള്ളവർ അതിനെ എതിർത്തു. മയ്യത്തിനെ കുളിപ്പിക്കുക എന്നാൽ ഒരു അഴുക്കു പോലും ആ ദേഹത്തിലുണ്ടാകാൻ പാടില്ല.അങ്ങനെ വേണം കുളിപ്പിക്കാൻ.വലിയവരുടെ വാക്കുകൾ കേട്ട് അവൻ നിശബ്ദതയോടെ മാറി നിന്നു. പെട്ടെന്ന് അവിടേക്ക് ഉസ്താദ് വന്നു അവനെയും നിങ്ങളുടെ കൂടെ ഉൾപ്പെടുത്തണമെന്ന് നിർദ്ദേശിച്ചു. അങ്ങനെ കുളിപ്പിക്കാൻ ആരംഭിച്ചു. അപ്പോഴാണ് അവർ

മനസ്സിലാക്കിയത് ആ മയ്യത്തിന് ഇത്രയും നാൾ ഒരു കൊച്ചു കുട്ടിയാണ് കുളിപ്പിച്ചിരുന്നത് എങ്കിൽ പോലുംആഗ്രഹത്തിൽ ഒരു അഴുക്ക് പോലും ഉണ്ടായിരുന്നില്ല.ആ പിതാവിൻറെ ഭാഗ്യമാണ് ഇങ്ങനെയൊരു മകനെന്ന് മറ്റുള്ളവർ പറഞ്ഞു.ഒരുപാട് നേരം വൈകിക്കാതെ തന്നെ മയ്യത്തിനെ കുളിപ്പിച്ച് വസ്ത്രം അണിയിച്ച് മറ്റുള്ളവർക്ക് കാണാനായി വെച്ചു.

മയ്യത്തിന്റെ അരികിലായി ആ കൊച്ചു പാവം ഇരിപ്പുണ്ട്. വാപ്പയുടെ കണ്ണുകളിൽ നോക്കി ആ കൈയിൽ പിടിച്ചു കൊണ്ട് അവിടെ ഇരുന്നു. താമസിക്കാതെ എത്രയും വേഗം മയ്യത്തിനെ അടക്കം ചെയ്യണം 'മയ്യത്തിനെ എടുക്കാൻ സമയമായിരിക്കുന്നു' ആരൊക്കെയോ അവിടുന്ന് വിളിച്ചു പറഞ്ഞു. ആ കുഞ്ഞി കൈകൾ മെല്ലെ ആ മയ്യത്തിന്റെ മുകളിൽ നിന്ന് അടർത്തി മാറ്റി. കരയാൻ കണ്ണുനീർ ഇല്ലാത്ത വിധം ആ മുഖത്തിലെ കണ്ണുകൾ നിശ്ചലമായി. ആരോ വന്ന് മയ്യത്തിനെ കൊണ്ടുപോകുന്നവരുടെ കൂടെ അവനെ കൂട്ടിക്കൊണ്ടുപോയി. അവിടെയും പള്ളിയിൽ ചെന്നിട്ട് മയ്യത്ത് നിസ്കാരത്തിനു ശേഷം അവൻ ഒഴികെ ബാക്കി എല്ലാവരും ആ ഖബറിന്റെ അരികിൽ എത്തി. അവസാന പിടിമണ്ണ് ഇടാൻ നേരം അവൻ വന്നു. കൈയിലുണ്ടായിരുന്ന മണ്ണ് അവസാനമായി ഖബറിലേക്കിട്ടു. ഖബറടക്കം കഴിഞ്ഞിട്ട് രണ്ടു മണിക്കൂറിൽ കൂടുതൽ കഴിഞ്ഞു.എല്ലാവരും വീട്ടിൽ പോയി.

അവൻ ആ രണ്ട് ഖബറുകൾക്കിടയിൽ കിടന്നു. രണ്ട് ഖബറിലും കെട്ടിപ്പിടിച്ചു അപ്പോഴാണ് അവിടേക്ക് പള്ളിയിലെ ഉസ്താദ് വന്നത് . വന്നിട്ട് 'വാ മോനെ പള്ളിയിൽ കയറൂ .. കഴിക്കാം ' എന്നു പറഞ്ഞ ശേഷം വീട്ടിൽ കൊണ്ടാക്കാം എന്നും. അവൻ അതിനു നൽകിയ മറുപടി ഉസ്താദിൻറെ കണ്ണ് നിറച്ചു എൻറെ എല്ലാം ഈ പള്ളിക്കാട്ടിൽ കിടക്കുകയാണ്. ഞാൻ അവിടെ പോയി എന്ത് ചെയ്യാനാ. ഞങ്ങൾ ഒരുമിച്ച് ഇവിടെ കിടന്ന ഓർമ്മ എനിക്കില്ല. വാപ്പി വന്നിട്ട് വേണം നമുക്ക് ഒരുമിച്ച് കഴിക്കാനും കിടക്കാനും കറങ്ങാനും ഒക്കെ. ഉമ്മി എപ്പോഴും പറയുമായിരുന്നു ജീവിച്ചിരുന്നപ്പോൾ ആരും അടുത്തില്ലായിരുന്നു. ഇപ്പോൾ അടുത്തുണ്ട്. പക്ഷേ കാണാൻ പോലും സാധിക്കാത്ത വിധം അകലെയായി. ഇത്രയും പറഞ്ഞു അവൻ തേങ്ങി കരഞ്ഞു. വല്ല വിധവും ഉസ്താദ് അവിടെ നിന്നും അവനെ പിടിച്ചെഴുന്നേല്പിച്ചു പള്ളിയിൽ കൊണ്ട് ചെന്നു കിടത്തിയുറക്കി. വെളുപ്പിന് നാലുമണിയോടെ ഉസ്താദ് ബാങ്ക് കൊടുക്കാനായി എഴുന്നേറ്റു. കിടക്കയിൽ കിടന്ന് ആ കുട്ടിയെ കാണാതെ വന്നപ്പോൾ ഉസ്താദ് ആദ്യം ഒന്ന് പരിഭ്രമിച്ചെങ്കിലും ഓടിപ്പോയി പള്ളിക്കാട്ടിൽ നോക്കിയപ്പോൾ ഉസ്താദ് പുതയ്ക്കാൻ കൊടുത്ത ഷീറ്റ് ഉമ്മയ്ക്കും ഉപ്പയ്ക്കും വിരിച്ചു കൊടുത്തിട്ട് അവരുടെ നടുക്കായി കിടന്നു ഉറങ്ങുന്നു. ഉസ്താദ് ശല്യപ്പെടുത്താനായി പോയില്ല കാരണം അവന്റെ ഏറ്റവും വലിയ ആഗ്രഹമായിരുന്നു അത്. രാവിലെ കിഴക്ക് നിന്നുള്ള സൂര്യകിരണങ്ങൾ ആ പള്ളിക്കാട്ടിലെ രണ്ട് കബറിനെയും അതിലെ മുല്ല പൂക്കളെയും കൂടുതൽ ഭംഗിയുള്ളവയാക്കി. ആ കുഞ്ഞ് കൺപീലിയിൽ ഇരുന്ന കണ്ണുനീരിൽ സൂര്യകിരണങ്ങൾ പ്രതിഫലിച്ചു. ഒന്നു വലുതായി ഒത്തിരി കൊച്ചുമക്കളുള്ള മക്കളുടെ ഉമ്മയുടെയും ഉപ്പയുടെയും ഖബറിനേക്കാൾ വൃത്തിയും പ്രകാശവും ഉള്ളതാക്കി മാറ്റി ആ

പ്രായപൂർത്തിയാകാത്ത കുഞ്ഞ്. അവൻ തന്റെ മാതാപിതാക്കൾക്ക് വേണ്ടി പ്രാർത്ഥിച്ചു ആ പള്ളിക്കാട്ടിന്റെ തന്നെ സൗന്ദര്യമായി മാറി ഖബർ ഇണകൾ.

## അനുസ്മരണം

ഏയ്ല ബൗദ്ധ്, H2



# നവ ഭാവനയുടെ എം.ടി.

നവോത്ഥാനത്തിലേക്ക് നടന്നു നീങ്ങിയ മലയാളിയുടെ സാമൂഹ്യ ജീവിതത്തിൻറെ നാനാ വശങ്ങളെയും തൻറെ സർഗാത്മകതയുടെ തൂലിക കൊണ്ട് വരച്ചുകാട്ടിയ എഴുത്തുകാരനായിരുന്നു എം ടി വാസുദേവൻ നായർ. മനുഷ്യരുടെ മാനസികവ്യാപാരങ്ങളെ തീവ്രഭാവങ്ങളോടെ സംവേദനം നടത്താൻ കഴിയുന്ന അതുല്യ പ്രതിഭയായിരുന്നു അദ്ദേഹം.

ഏതു കാലഘട്ടത്തിലായാലും അതേ സമകാലിക പ്രസക്തിയോടെ സമൂഹത്തിൽ ശ്രദ്ധ പുലർത്തുന്നവയാണ് എം.ടി യുടെ കൃതികൾ എന്ന് നിസംശയം വിലയിരുത്താം. കാലത്തിനൊത്ത് സഞ്ചരിക്കാൻ കെൽപ്പുള്ളവയാണ് എം ടി വാസുദേവൻ നായരുടെ രചനകൾ എല്ലാം.വർഷങ്ങൾക്ക് ശേഷവും അദ്ദേഹത്തിൻറെ ഓരോ കൃതിയും സമകാലിക പ്രസക്തി യോടെ ജനങ്ങൾ ഏറ്റെടുക്കുന്നുണ്ട്. തൻറെ വിരൽസ്പർശമേറ്റ എന്തിനെയും വായനക്കാരുടെ മനസ്സിലേക്ക് ആഴത്തിൽ വേരുപിടിപ്പിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. വൈകാരികതയാർന്ന സൂക്ഷ്മഭാവങ്ങളെ യാഥാർത്ഥ്യമാണോ എന്ന് തോന്നിപ്പിക്കുന്ന കഥാപാത്രങ്ങളിലൂടെ കാവ്യാത്മകമായ രീതിയിൽ അദ്ദേഹം അവതരിപ്പിച്ചു. സാധാരണ മനുഷ്യരുടെ ജീവിതങ്ങളെ അടുത്തറിയാനും അവരുടെ ജീവിതങ്ങൾ എഴുത്തിലേക്ക് ആവാഹിക്കാനും അദ്ദേഹം എപ്പോഴും ശ്രമിച്ചു. വായനക്കാരുടെ സർഗാത്മകതയെ ഉയർത്തുവാനും വായിക്കുന്നവയെ വിമർശനാത്മകമായി വിലയിരുത്താനുമുള്ള കഴിവിനെ പരിപോഷിപ്പിക്കുന്നവയായിരുന്നു എം ടി യുടെ കൃതികൾ. തൻറെ രചനകളിലൂടെ, പ്രകൃതിയിലെ മനോഹാരിതകളും, പഴയകാല കേരളീയ സമൂഹത്തിൻറെ കേവല ചുറ്റുപാടുകളും മാത്രമല്ല, നേരെമറിച്ച് അന്നത്തെ സാമൂഹ്യ വ്യവസ്ഥിതിയിൽ ഉണ്ടായിരുന്ന അസമത്വങ്ങളും യാതനകളും എം ടി തുറന്നെഴുതി.

വള്ളുവനാടൻ ഭാഷയും, നിളാതീരവും, കൂടല്ലൂരും എഴുത്തിനെ സമ്പന്നമാക്കുമ്പോൾ, നൈനിറ്റാളും എക്- താരയുടെ സംഗീതവും, ഇതിഹാസപുരുഷന്റെ സൂക്ഷ്മാവിഷ്കാരവും, സ്ത്രീപുരുഷ പ്രണയവും, ബന്ധങ്ങളിലെ വിള്ളലുകളും, വിരഹവും, ദാരിദ്ര്യത്തിന്റെ കരിപുരണ്ട മച്ചകങ്ങളും, നാലുകെട്ടിലെ ശ്വാസംമുട്ടിക്കുന്ന യാഥാർത്ഥ്യങ്ങളും ഒരുപോലെ അദ്ദേഹത്തിനു മുൻപിൽ വഴങ്ങി നിന്നു.

യാത്രാ തൽപരനായ അദ്ദേഹത്തിൻറെ ജീവിതത്തിലേക്കും എഴുത്തിലേക്കും പുതിയ മുഖങ്ങളും ജീവിതങ്ങളും ഇരുട്ടും വെളിച്ചവും പകരുകയും അത് മലയാളത്തിന്റെ സ്വകാര്യ അഹങ്കാരമായി മാറുകയും ചെയ്തു. ഓരോ മലയാളിയും വിസ്മയപൂർവ്വം നെഞ്ചിലേറ്റിയ ഒരുപിടി കഥാപാത്രങ്ങൾക്ക് ജന്മം നൽകാൻ അദ്ദേഹത്തിന് കഴിഞ്ഞു.

ബാല്യകാലത്തിൽ തന്നെ കഥാകവിതകൾ എഴുതിത്തുടങ്ങിയ എം ടി വാസുദേവൻ നായർ എന്ന മഹത്തായ പ്രതിഭയുടെ സാഹിത്യ യാത്ര ആരംഭിക്കുന്നത്. 1958-ൽ പുറത്തിറങ്ങിയ അദ്ദേഹത്തിൻറെ ആദ്യ നോവൽ കൂടിയായ 'നാലുകെട്ട്' ലൂടെയാണ്. കേരള രൂപവൽക്കരണത്തിനു ശേഷം പുറത്തുവന്ന നോവലാണ് 'നാലുകെട്ട്'. ജാതിക്കും മതത്തിനും അതീതമായി മനുഷ്യൻ സ്വാതന്ത്ര്യത്തെയും ഉന്നമനത്തെയും ലക്ഷ്യം വെച്ചുകൊണ്ടുള്ള പുതിയ കേരളത്തെ വിഭാവനം ചെയ്യുന്ന നോവലാണ് ഇത്. വർഷങ്ങളുടെ പഴക്കമുള്ള 'നാലുകെട്ട്' പൊളിക്കുന്നതിലൂടെ ഫ്യൂഡൽ കുടുംബ ബന്ധങ്ങളുടെ ചങ്ങല മുറുക്കങ്ങളും ഇല്ലാതാകുന്നു.

1959 ലെ കേരള സാഹിത്യ അക്കാദമി അവാർഡ് നേടിയ, അക്കാലത്ത് അഞ്ചുലക്ഷത്തിലേറെ കോപ്പികൾ വിറ്റഴിക്കപ്പെട്ട ഈ നോവൽ 14 ൽ അധികം ഭാഷകളിലേക്ക് തർജ്ജമ ചെയ്യപ്പെട്ടിട്ടുണ്ട്.

അപ്പുണ്ണി എന്ന കഥാപാത്രത്തിന്റെ യാത്രകളാണ് നാലുകെട്ട്. ജാതിക്കും തറവാടിനോടും ബന്ധപ്പെട്ട് നിൽക്കുന്നവരെ അംഗീകരിക്കുകയും അതിന് ഭിന്നമായി ശബ്ദമുയർത്തുന്നവരെ സമൂഹത്തിൽ നിന്ന് നിഷ്കാസിതരാക്കുന്ന പ്രവണതയും ഇന്നും നിലനിൽക്കുന്നു. സ്വതന്ത്ര വ്യക്തിയെന്ന നിലയിൽ ആധുനികലോകത്തേക്ക് അപ്പുണ്ണി ഉയർന്നുവരുന്നത് പാരമ്പര്യ രീതികൾക്ക് വിരുദ്ധമായി തൊഴിൽ ചെയ്തു കൊണ്ടാണ്. പണം ഇല്ലാത്തതിന്റെ പേരിൽ, കുടുംബ മഹിമയുടെ പേരിൽ ആട്ടിപ്പായിക്കപ്പെട്ട ഇടങ്ങളിലെല്ലാം 'പണം' സ്ഥാനം കണ്ടെത്തുന്നതിന് ഉദാഹരണം നോവലിൽ കാണാം. തന്നെ എതിർത്ത ഇടങ്ങളിൽ എല്ലാം വേരുറപ്പിക്കാൻ അപ്പുണ്ണിക്ക് കഴിഞ്ഞു. അന്ന് നിലനിന്നിരുന്ന മരുമക്കത്തായ സമ്പ്രദായയവും, കൂട്ടുകുടുംബങ്ങളും, നാലുകെട്ടും, സർപ്പക്കാവും , മച്ചിലെ ഭഗവതിയും തറവാട്ടുകുളവും എല്ലാം അതിനുള്ളിൽ ജീവിച്ചിരുന്നവർക്ക് നരകതുല്യമായ ഓർമ്മകളാണ്. നാലുകെട്ടിന്റെ അന്തരീക്ഷവും അതു തന്നെയായിരുന്നു. ഇടുങ്ങിയ മനസ്സുമായി കഴിഞ്ഞവരുടെ ഇടയിലേക്ക് നാലുകെട്ടിനെ പൊളിച്ച് ചുറ്റും കാറ്റും വെളിച്ചവും കടത്താൻ അപ്പുണ്ണി ശ്രമിക്കുന്നു. നാലുകെട്ട് മടക്കി വാങ്ങുക എന്നതിനപ്പുറം സ്വന്തമായി ഒരു മുറി ഉണ്ടാവുക എന്ന സ്വപ്നത്തിന്റെ ജീവിത സാക്ഷാത്കാരം കൂടിയായിരുന്നു ആ സന്ദർഭം. നാലുകെട്ടിൽ അധികാരം പുരുഷനിൽ കേന്ദ്രീകൃതമാകുന്നതും നിശബ്ദരാകേണ്ടി വരുന്ന സ്ത്രീ ജീവിതങ്ങളും കാണാം. കുടുംബത്തിൻറെ വരുമാനമെല്ലാം സൂക്ഷിക്കുന്നതും ചില വാക്കാനായി കൊടുക്കുന്നതും കുടുംബകാരണവരാണ്. അന്നത്തേക്ക് മാത്രമുള്ള നെല്ലും മറ്റ് അടിസ്ഥാന ആവശ്യങ്ങൾക്കായുള്ള സാധനങ്ങളും എടുത്തു കിട്ടാൻ അയാൾക്ക് മുന്നിൽ കാത്തിരിക്കേണ്ടിവരുന്ന കുടുംബനാഥകളും കുട്ടികളും. അവിടെ അമ്മയായാലും കൂടപ്പിറപ്പുകൾ ആയാലും ഭാര്യയായാലും കുടുംബനാഥൻ തന്റെ അധികാരത്തിന്റെയോ ഗർവിന്റെയോ പത്തി താഴ്ത്തിയിരുന്നില്ല. കുടുംബനാഥൻ ഭക്ഷണം കഴിച്ചതിനുശേഷം മാത്രം കഴിക്കാനായി കാത്തിരുന്ന കുട്ടികളും മറ്റ് അംഗങ്ങളും, വാക്കിലും നോട്ടത്തിലും പേടിച്ചു വിറച്ചിരുന്ന കുറേ ഗതികെട്ട മനുഷ്യരുടെ ജയിലറകൾ കൂടിയായിരുന്നു അന്നത്തെ ഓരോ നാലുകെട്ടും. കാലങ്ങൾക്ക് മുൻപേ, അന്നത്തെ തറവാടുകളിൽ നിലനിന്നിരുന്ന

ഇത്തരം പച്ചയായ യാഥാർത്ഥ്യങ്ങളെ എം ടി തുറന്നെഴുതി. കാലങ്ങൾക്ക് മുന്നേ എന്നു പറയുമ്പോഴും, ഇപ്പോഴും അതിന് പ്രാധാന്യമില്ലെന്ന് ചിന്തിക്കാം. ആധുനിക കാലഘട്ടത്തിലും പുരുഷൻ കുടുംബത്തിലും സമൂഹത്തിലും ഭരണാധികാരി ആകുന്നതും അടിച്ചമർത്തലും നിത്യ കാഴ്ച തന്നെയാണ്.

അടക്കി ഭരിക്കാൻ ഒരാളും അതിനു കീഴിൽ അടിച്ചമർത്തപ്പെട്ട ശബ്ദങ്ങളും, തള്ളിക്കളയുന്ന ജീവിതങ്ങളും, ഒറ്റപ്പെടുന്ന ബാല്യങ്ങളും, സ്വപ്നങ്ങളുടെ ചിറകൊടിഞ്ഞ അനേകം മനുഷ്യരുടെ യാതനകളും, ഇന്നും അവസാനിച്ചിട്ടില്ല. കുടുംബവും ആചാരങ്ങളും ജീവിതത്തിന്റെ നെടുങ്കൻ കാരാഗ്രഹങ്ങളും വ്യക്തിയെയും വ്യക്തിസ്വാതന്ത്ര്യത്തെയും എത്രത്തോളം പ്രയാസപ്പെടുത്തുന്നു എന്ന് സമൂഹത്തിന് ബോധ്യപ്പെടുത്തി കൊടുത്ത എഴുത്തുകാരൻ കൂടിയാണ് എം ടി. അസുരവിത്ത്, കാലം, രണ്ടാമൂഴം തുടങ്ങി അനേകം കൃതികൾ ഏതൊരു കാലത്തിലേയും മനുഷ്യൻറെ സാഹചര്യങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു.

എല്ലാത്തിലും ഉപരി എം ടി എന്ന സംവിധായകനെയും തിരക്കഥാകൃത്തിനെയും മലയാള ചലച്ചിത്ര ലോകത്തിന്റെ സ്വകാര്യ സ്വത്തായി നാം മാനിക്കുന്നു. അദ്ദേഹത്തിൻറെ തിരക്കഥയിൽ ഒരുങ്ങിയ ഒട്ടേറെ മലയാള സിനിമകൾ അന്നത്തെ സാമൂഹ്യ പശ്ചാത്തലങ്ങളെ കൂടി വെളിപ്പെടുത്തുന്നതായിരുന്നു. സമൂഹവുമായും, സാധാരണ വ്യക്തികളുമായും, മനുഷ്യരുടെ ജീവിതങ്ങളുമായും ഏറ്റവുമധികം അടുപ്പം പുലർത്തിയവയായിരുന്നു എം ടി യുടെ സിനിമകൾ. എം ടി വാസുദേവൻ നായരുടെ സിനിമകൾ പല കാലങ്ങളിലെ മലയാളി സമൂഹത്തിൻറെ പരിച്ഛേദങ്ങൾ കൂടിയാണ്. വ്യവസ്ഥാപിത കുടുംബ - സാമൂഹിക ഘടനയ്ക്കുള്ളിൽ നിൽക്കുകയും അതിനെ അതിലംഘിക്കുകയും ചെയ്യുന്ന സ്ത്രീകൾ എം ടി യുടെ സിനിമകളിലുണ്ട്. ഊഷ്മളമായ പെൺ കൂട്ടുകൾ അത് അമ്മയോ, സഹോദരിയോ, അയൽക്കാരിയോ , സഹപ്രവർത്തകയോ , ഭാര്യയോ ആകാം. എം ടി സിനിമകളുടെ ഏറ്റവും പ്രധാനമായ ഒരു സവിശേഷതയാണ്. ജാതിക്കും മതങ്ങൾക്കും അതീതമായുള്ള അത്തരം സൗഹൃദബന്ധങ്ങൾ 'ഓളവും തീരവും', 'മുറപ്പെണ്ണ്' , 'എന്ന് സ്വന്തം ജാനകി കുട്ടിക്ക് ' തുടങ്ങിയ ചിത്രങ്ങളിൽ കാണാം.

മഹാനായ ഒരു പ്രകൃതിസ്നേഹി കൂടിയായിരുന്നു അദ്ദേഹം. നിളയ്ക്കായുള്ള പോരാട്ടങ്ങൾ അതിനുദാഹരണമാണ്. മലയാള സാഹിത്യ ലോകത്തിന് എക്കാലവും വഴികാട്ടിയായിരുന്ന , മലയാളഭാഷയ്ക്കും മലയാളസാഹിത്യത്തിനും ലോക ക്ലാസിക്കുകളിൽ ഇടം നേടിക്കൊടുത്ത പ്രമുഖ എഴുത്തുകാരിൽ ഒരാളായ എം ടി വാസുദേവൻ നായർ... അദ്ദേഹത്തിൻറെ ഭൗതിക വിയോഗത്തോടുകൂടി അദ്ദേഹത്തിൻറെ വിലപ്പെട്ട സംഭാവനകളോ, അദ്ദേഹത്തിൻറെ കൃതികൾ സമൂഹത്തിൽ ഉറപ്പിച്ച സ്ഥാനമോ അവസാനിക്കുന്നില്ല.

മനുഷ്യഹൃദയത്തിലെ ആർദ്രതയുടെയും വൈകാരികതയുടെയും കണ്ണിയറ്റു പോകാത്തിടത്തോളം കാലം എം ടി വാസുദേവൻ നായർ എന്ന മഹാപ്രതിഭ ഓരോ മലയാളിയിലും ജ്വലിച്ചു നിൽക്കും .... **മഹാ മനുഷ്യന് പ്രണാമം...**

# Junior Red Cross

## JUNIOR RED CROSS

Govt. Girls High School, Kayamkulam

Seminar

31.01.2025




JRC യുടെ നേതൃത്വത്തിൽ നടന്ന സെമിനാർ -കൗമാര കാലഘട്ടം -കരുത്തും കരുതലും - എന്ന വിഷയത്തിൽ HM ഉണ്ണികൃഷ്ണൻ സർ ഉദ്ഘാടനം നിർവ്വഹിച്ച് സംസാരിക്കുന്നു.





# കരിയർ ഗൈഡൻസ്











# NSS












# SOUHRUDA CLUB













## ഗണിതം

പ്രമീള എസ് കെ,
ഗണിത ശാസ്ത്ര അദ്ധ്യാപിക



# MATHEMATICS IS THE KING OF SCIENCE

The "King of Science" is a title often bestowed upon mathematics.

Mathematics is considered the king of sciences because:

1. Universal language: Mathematics is a universal language that can beunderstood and applied across cultures, disciplines, and borders.
2. Foundation of sciences: Mathematics provides the foundation for manyscientific disciplines, including physics, engineering, computer science,economics, and more.
3. Problem-solving: Mathematics is a powerful tool for problem-solving, allowing us to model,analyze, and optimize complex systems and phenomena.
4. Logical reasoning: Mathematics is based on logical reasoning, which helps us develop criticalthinking, analytical skills, and sound judgment.
5. Beauty and elegance: Mathematics is often described as beautiful and elegant, with manymathematical concepts and theories exhibiting a deep sense of harmony and balance.

Some of the greatest minds in history, including Galileo, Newton, and Einstein, have recognized theimportance of mathematics in understanding the world around us.
As the famous mathematician and physicist Euclid once said, "Mathematics is the queen ofsciences, and geometry is the queen of mathematics." However, many would argue thatmathematics is not just the queen, but the king of sciences!

# പഴഞ്ചൊല്ലുകൾ

സമ്പാദക: അഞ്ജന, S1 C



- കതിരിൽ വളം വച്ചിട്ടു കാര്യമില്ല.
- അടയ്ക്കയായാൽ മടിയിൽ വയ്ക്കാം... അടയ്ക്കാമരമായാലോ?
- അടുത്തു നട്ടാൽ അഴക്, അകലത്തിൽ നട്ടാൽ വിളവ്.
- അരിയൻ വിതച്ചാ നവര കൊയ്യാമോ
- ആഴത്തിൽ ഉഴുത് അകലത്തിൽ വിതയ്ക്കുക
- ഇടവം തൊട്ട് തുലാത്തോളം കുട കൂടാതിറങ്ങല്ലേ
- ഉഴവിൽ തന്നെ കള തീർക്കണം
- ഉരിയരിക്കാരനു എന്നും ഉരിയരി തന്നെ
- ഇല്ലം നിറ വല്ലം നിറ പെട്ടി നിറ പത്തായം നിറ
- എൾളിന് ഉഴവ് ഏഴരച്ചാൽ
- എളിയവരും ഏത്തവാഴയും ചവിട്ടും തോറും തഴയ്ക്കും.

കഥ

ദയ. ജെ, S2A



# ഗാസയിൽ മഴ അപ്പോഴും പെയ്തുകൊണ്ടിരുന്നു

ജീവിതം ഈ നാലു ചുവരുകളിൽ അവസാനിക്കുന്നുവോ? ഈ ചോദ്യം തന്റെയുള്ളിൽ ഉണ്ടായതിന്റെ എൺപത്തിയൊന്നാം വാർഷിക ദിനത്തിൽ തന്നെ അത്തരത്തിലുള്ളൊരു മുറിക്കുള്ളിൽ സ്വന്തം അസ്തിത്വത്തെ മറന്ന് ആർക്കോ വേണ്ടി കറങ്ങിക്കൊണ്ടിരിക്കുന്ന ഫാനിനെ നോക്കി ആ വൃദ്ധ കിടന്നു. പുറത്ത് ഇപ്പോൾ ശബ്ദങ്ങളൊന്നും കേൾക്കുന്നില്ല. നല്ലൊരു കാറ്റു വീശിയപ്പോൾ വീണുപോയ മരച്ചില്ലകൾ പോലെ മനുഷ്യർ അങ്ങിങ്ങായി ചിതറിക്കിടക്കുന്നു. താൻ ആർക്കുവേണ്ടിയാണ് ജീവിച്ചത്?. എന്തിനു വേണ്ടിയാണ് ദൈവം ഈ ഇരുപത്തിയൊന്നും നൂറ്റാണ്ടിൽ തന്നെ ജീവിപ്പിച്ചത്? മുന്നോട്ടു മാത്രം തിരിയാനറിയാവുന്ന കാലചക്രം പിന്നോടു പോകാൻ തനിക്കാവില്ലെന്നറിയിക്കാൻ അവളിൽ ഒന്നവശേഷിപ്പിച്ചിരുന്നു....... ഓർമ്മ.

വൃദ്ധയുടെ മനസ്സിൽ ഒരു ചിത്രം തെളിഞ്ഞു വന്നു. ഒരു സ്ത്രീയും പുരുഷനും. കേവലം മുപ്പത് വയസ്സ് മാത്രമേ അവളുടെ അസ്ഥിക്കുള്ളൂ. എന്നാൽ ആ മനസ്സിന് അതിലും പ്രായമുള്ളതായി തോന്നിച്ചു. മഴ ചതിച്ച പുൽകൊടിയുടെ നിറമുള്ള കുപ്പായിട്ട പുരുഷൻ. ഇടതുവശത്ത് ഒരു പോക്കറ്റുണ്ട്. ഒരു ഹൃദയത്തോളം മാത്രം വലിപ്പമുള്ള ഒന്ന്. ഒന്നാമാത്തയാൾ തനിക്കായി മരിച്ചു. രണ്ടാമത്തെയാൾ ചരിത്രനായും.

ഒരു തണുത്ത പ്രഭാതം. രണ്ടു വലിയ മലകൾക്കിടയിൽ ആ തടാകം ഗമയൊട്ടുമില്ലാതെ നില കൊണ്ടു അതിനടുത്തായി ഒരു വലിയവീട്. തടി കൊണ്ടുണ്ടാക്കിയ വലിയൊരു പെട്ടിയായി മാത്രം അത് തോന്നിപ്പിച്ചു. അതിനുള്ളിൽ രണ്ടാത്മാക്കൾ വിരസത മാറ്റാൻ ജനാലയിലൂടെ അച്ഛന്റെ വരവു കാത്തിരിക്കുന്ന ഒരു കൊച്ചു പെൺകുട്ടി .ആ അഞ്ചു വയസ്സുകാരി പിന്നീട് തനിക്ക് വരാൻ പോകുന്ന വിപത്തിനെ കുറിച്ചോ ഇതിലും ഭീകരമായ ഒരവസ്ഥയെ കുറിച്ചോ അന്നറിഞ്ഞില്ല.

'അമ്മേ അച്ഛൻ എപ്പോ വരും?' കുസൃതിയും പ്രത്യാശയും ഒരു പോലെ നിറച്ചുണ്ടാക്കിയ ആ ചോദ്യത്തിന് പക്ഷേ അമ്മയുടെ കൈയ്യിൽ കൊടുക്കാൻ ഭയം മാത്രമേ ഉണ്ടായിരുന്നുള്ളൂ. ആ കയ്പേറിയ സത്യം മോന്താൻ തന്റെ മകൾക്കാമില്ലെന്ന തിരിച്ചറിവുള്ളതുകൊണ്ട് അവൾ ഇത്രമാത്രം പറഞ്ഞു, "വരും".

ഇന്നും തനിക്കായി പ്രതീക്ഷിച്ചിരിക്കുന്ന ആ ഒരു കഷ്ണം റൊട്ടി അവൾ ഭോഗിച്ചു. രണ്ടു പാളികൾ ചേർന്ന് ഒന്നായി തോന്നിച്ച വാതിൽ ഭയങ്കരമായ ഒരു ശബ്ദം പുറപ്പെടുവിച്ചു. പുറത്തെ മഴയൊടൊപ്പം തീരെ ചേർന്ന് പോകാത്ത താളമായിരുന്നു അതിന്റേത്. വരാൻ പോകുന്ന പ്രശ്നത്തെ മുന്നിൽ കണ്ട് അമ്മ ആ കൊച്ചു പെൺകുട്ടിയെ എപ്പോഴെങ്കിലും കുറച്ച് ധാന്യം ഇട്ടു വയ്ക്കാനായി കരുതിയ ആ വലിയ പെട്ടിക്കു പിന്നിൽ ഒളിപ്പിച്ചു.

കതക് തള്ളി തുറന്ന് രണ്ട് മനുഷ്യർ അകത്തേക്കെത്തി. അല്ല അവർ മനുഷ്യർ തന്നെയാണോ? അവരുടെ കൈയിൽ ഭാരം തോനിക്കുന്നതും എന്നാൽ ചെറുതുമായ ഒരു ഉപകരണം കാണപ്പെട്ടു. ഒരെണ്ണം ആ പച്ചവേഷധാരികളുടെ കൈയിലുണ്ടായിരുന്നു. അമ്മ അവർക്കു മുന്നിൽ കരഞ്ഞു കൊണ്ടിരുന്നു. എന്നാൽ അവരൊന്നും പറഞ്ഞില്ല. ആ ഉപകരണത്തിൽ നിന്നെന്തോ പുറത്ത് വരുകയും അത് ആ രണ്ടാണുങ്ങളുടെ ശരീരത്ത് രക്തം കൊണ്ടുള്ള ഒരു 'മോഡേൺ ആർട്ട് സൃഷ്ടിക്കുകയും ചെയ്തു.ആ മൃഗങ്ങൾ വേട്ടയവസാനിപ്പിച്ച് പുറത്തേക്കിറങ്ങി. ഇരയെ തിന്നാതെ.

നേരം കുറേയായി വിശപ്പ് മാത്രം കഴിച്ചു കൊണ്ടിരുന്ന ആ കൊച്ചു പെൺകുട്ടി വീണു കിടക്കുന്ന അമ്മയുടെ അരികത്തി. വാവിട്ടു കരഞ്ഞു. എന്നാൽ അത് കേൾക്കുന്നതിന് മുൻപേ അമ്മയുടെ ആത്മാവ് ശരീരത്തിൽ നിന്ന് രക്ഷ നേടിയിരുന്നു. ഈച്ചകൾ ആ ശരീരത്തെ ഉപദ്രവിക്കാൻ തുടങ്ങി. എന്നാൽ അവറ്റകൾക്കു പോലും വേണ്ടാക്ക കരു കൊച്ചു ശരീരം ഇപ്പോഴും ജീവനോടെ അവിടെ അവശേഷിച്ചു. കാലചക്രം തിരിക്കുന്നവർ ഇതറിയുന്നുണ്ടോ? തന്റെ അച്ഛനിതറിയുന്നുണ്ടോ? ഇടക്കിടെ താളബോധമില്ലാതെ മഴയെ സൃഷ്ടിക്കുന്ന ദൈവമിതറിയുന്നുണ്ടോ? എന്തിന് തന്റെ അമ്മയെ കൊന്ന മാതൃരാജ്യമായ ജർമ്മനി ഇതറിയുന്നുണ്ടോ?

തുറന്നു കിടന്ന വാതിലിലൂടെ ഒരു സ്ത്രീ ശരീരം കൂടി ഉള്ളിലെത്തി. അവളുടെ കറുത്ത കൈകൾ ആ കുട്ടിക്കു നേരെയടുത്തു. കറുപ്പ് ശരീരത്തെ മാത്രമേ ബാധിച്ചിട്ടുള്ളു മനസ്സിനെയല്ല. എത്ര മഴ നനഞ്ഞാലും ആ നിറം ഒരിക്കലും വെളുക്കാൻ പോകുന്നില്ല.ആ കൈർ ആ പെൺകുട്ടിയെ വാരിയെടുത്തു. ഇനി ഒരു ജീവാത്മാവോ പരമാത്മാവോ തന്നോടൊപ്പം വരാനില്ലെനുറപ്പാക്കി അ പുറത്തേക്കിറങ്ങി. ഒരു വലിയ വാഹനത്തിൽ നിറയെ ആളുകൾ . അവരിലേക്ക് ആ കറുത്ത സ്ത്രീയും വെളുത്ത പെൺകുട്ടിയും ഓടി കയറി. ഹാർബറ്റ് ലക്ഷ്യം വച്ചു കൊണ്ടുള്ള യാത്ര രാത്രിയായപ്പോൾ അവരെ അവിടെയെത്തിച്ചു.

ഒരു വലിയ കപ്പൽ. അത് നിറയെ പല നിറങ്ങളിലുള്ള വലിയ പെട്ടികൾ. അതിനോടോപ്പം യാത്ര ചെയ്യാൻ ഇതാ ഒരു വണ്ടി ആളുകളും. ഇരുട്ടിൽ ആ കപ്പൽ യാത്ര തുടങ്ങി. വെളിച്ചത്തെ കൈയ്യിൽ കൊണ്ടുപോകാൻ മനുഷ്യർ ശ്രമിക്കുന്നതിനും എത്രയോ മുൻപ് തന്നെ പ്രകൃതി അവനായി അതൊരുക്കിയിരുന്നു.

എൻപത് വർഷം കഴിഞ്ഞു. ഈ കാലമത്രയും ഈ കൊച്ചു രാജ്യത്ത് ജീവിച്ചു. ഭൂതകാലമെന്തെന്ന് ആരെയും അറിയിക്കാതെ. അന്ന് ജൂതയായത് കൊണ്ട് മരണപ്പെട്ട അമ്മയുടെ വിധി ഇന്ന് അതല്ലാത്തത് കൊണ്ടു മരിച്ച മകനെയോർത്ത് അതിലെ ആകസ്മികതയെ ഓർത്ത് വിരോധാഭാസത്തെ കുറിച്ച് ഓർത്ത് ആ വൃദ്ധ കിടന്നു. കാലം തെറ്റി അന്ന് ഒരു മഴ കൂടി ചെയ്തു. ഒരു കാർമേഘത്തിനും സൃഷ്ടിക്കാൻ സാധിക്കാത്ത ഒരു മഴ......ഓർമ്മയുടെ മഴ.

ഇന്ന് ഈ നാടും തന്റേതല്ലാതെയാകുന്നു. ഒരു മനുഷ്യനെ ജീവിക്കാൻ പ്രേരിപ്പിക്കുന്നതെന്താണ്? അത് മറ്റൊരു മനുഷ്യനാണ്. എന്നാൽ അവരാരും ഇല്ലെങ്കിൽ ? ഈ കാലമത്രയും ചിന്തിക്കാൻ സാധിക്കാതെപോയ സകല ചിന്തകളും ഒരു കടലായി ആ വൃദ്ധയുടെ ഉള്ളിൽ അലയടിച്ചു. തന്റെ മകൻ മരിച്ച ദിവസം അതായത് ഇന്നലെ അവതെ ഒരു നോക്കു കാണാൻ പോലും ആകാതെ ഈ ആശുപത്രിക്കിടയിൽ വെള്ളനിറമുള്ള നാല് ഭിത്തിക്കുള്ളിൽ അകപ്പെട്ട ആ വൃദ്ധ പോകാൻ തീരുമാനിച്ച ഇടത്തെ കുറിച്ച് ഒരിക്കൽ കൂടി ഓർത്തു. ദൈവത്തോടുള്ള ആദ്യത്തെ പ്രാർത്ഥനയും അതായിരുന്നു. അദ്ദേഹത്തോടൊപ്പമുള്ള ഒരു യാത്ര. ഏകാന്തമായ അനന്തതയിലേക്ക് തിരികെ വരാൻ വാതിലുകളില്ലാത്തഇടത്തേക്ക്ഒരു യാത്ര. താഴെ മരിച്ചു കിടന്നവർക്കിടയിലെത്ര മനുഷ്യരുണ്ടായിരുന്നു. അവർക്കെല്ലാം ആരെങ്കിലുമൊക്കെ ഉണ്ടാക്കുമോ? അവസാനമായി ഒരു പൂവ് ആ നെഞ്ചോട് ചേർത്ത് വയ്ക്കാൻ? ഒന്ന് തേങ്ങി കരയാൻ? അതിനെല്ലാം ഉത്തരമായി ഒരു തേങ്ങി കരച്ചിലായി ജലത്തിന്റെ ഒരായിരം റോസാപൂക്കളായി ഗാസയിലെ മഴ അപ്പോഴും പെയ്തു കൊണ്ടിരുന്നു.

ലേഖനം

ഫാത്തിമ. എസ്,S2 H



# മഹാമാരികളും മനുഷ്യന്റെ അതിജീവനവും

രണ്ടായിരത്തി ഇരുപതിൽ ചൈനയിൽ ഉത്ഭവിച്ച് ലോകത്തെ മുഴുവനും വിറപ്പിച്ച മഹാമാരിയാണ് കോവിഡ് അല്ലെങ്കിൽ കൊറോണ. സമ്പർക്കത്തിലൂടെയാണ് ഈ രോഗം പകരുന്നത്. രോഗം വന്നവരെ കണ്ടുപിടിച്ച് അവരുമായി ബന്ധപ്പെട്ടവരെ ക്വാറന്റെനിൽ ആക്കിയും കൂടുതൽ അസ്വസ്ഥതയുള്ളവരെ മാത്രം ആശുപത്രിയിൽ എത്തിക്കുന്ന രീതി തുടങ്ങിയ വ്യത്യസ്ത മാർഗ്ഗങ്ങളാണ് ഓരോ രാജ്യങ്ങളും സ്വീകരിച്ചിരുന്നത്. കോവിഡ് വന്നതോടെ പല സാംസ്കാരിക പരിപാടികൾ റദ്ധാക്കുകയും മാറ്റി വെക്കുകയും ഒക്കെ ചെയ്തു. വിദ്യാഭ്യാസ സ്ഥാപനങ്ങളും,തൊഴിലിടങ്ങളും, മത സ്ഥാപനങ്ങളും, എല്ലാം അടച്ചിട്ടു. പ്രവാസി മലയാളികളെയും, ടൂറിസ്റ്റുകളെയും എന്തിന് സ്വന്തം ബന്ധുക്കളെയും അയൽക്കാരെയും വരെ മാറ്റി നിർത്തേണ്ടി വന്നു.

കൊറോണ വൈറസിന് മുൻപും ധാരാളം വൈറസുകൾ ലോകത്തെ പരീക്ഷിയ്ക്കിട്ടുണ്ട്. ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ട ധാരാളം മഹാമാരികൾ ഉണ്ട്. മൃഗങ്ങളിൽ നിന്ന് മനുഷ്യരിലേക്ക് പകരുന്ന തരം സുനോസിസുകളാണ് മിക്കവരും മൃഗങ്ങളെ വളർത്താൻ തുടങ്ങിയതാണ് ഇത്തരം രോഗബാധകളുടെ തുടക്കം. ഇൻഫ്ലുവൻസ , ക്ഷയം, തുടങ്ങിയവ ഉദാഹരണങ്ങളാണ്. ഇതുപോലെ ധാരാളം മഹാമാരികൾ നമ്മുടെ ലോകത്ത് വന്നിട്ടുണ്ട്. അത്തരത്തിലുള്ളവയാണ് ഏഥൻസിലെ പ്ലേഗ്, കോളറ, ബ്ലാക്ക് ഡെത്ത്, വസൂരി, ക്ഷയം, കോവിഡ് 19 എന്നിവ.

2019 ഡിസംബർ അവസാനത്തോടെ അഥവാ 2020ന്റെ തുടക്കം ചൈനയിലെ ഹുബൈയ് പ്രവിശ്യയിലെ വുഹാനിൽ ആണ് കോവിഡ്-19 എന്ന വൈറസ്സ് തിരിച്ചറിയപ്പെട്ടത്. മനുഷ്യരും പക്ഷികളും ഉൾപ്പെടെയുള്ള സസ്തിനികളിലേക്ക് രോഗം ഉണ്ടാക്കുന്ന ഒരു കൂട്ടം വൈറസ്സുകളാണ് കൊറോണ അല്ലെങ്കിൽ കോവിഡ്. ബ്രോങ്കൈറ്റീസ് ബാധിച്ച പക്ഷികളിൽ നിന്ന് 1937ലാണ് ആദ്യമായി കൊറോണ വൈറസ്സിനെ തിരിച്ചറിഞ്ഞത്. കോവിഡ് ശ്വാസനാളത്തെയാണ് ബാധിക്കുന്നത്. ജലദോഷവും ന്യൂമോണിയയും ഒക്കെയാണ് ഈ വൈറസ്സ് ബാധയുടെ ലക്ഷണങ്ങൾ. മാസ്ക്ക്, ഹാൻഡ് സാനിറ്റൈസർ, സാമൂഹിക അകലം, തുടങ്ങിയ മാർഗ്ഗങ്ങളിലൂടെയാണ് കോവിഡിനെ ജനങ്ങൾ പ്രതിരോധിച്ചത്. ഇത്തരത്തിലുള്ള മഹാമാരികൾ ലോകത്ത് ഇനി ഉണ്ടാകാതെ ഇരിക്കട്ടെ എന്ന് പ്രാർത്ഥിക്കാം.

## അനുഭവക്കുറിപ്പ്

ഗൗരി ശങ്കരി, S1B



# MY JOURNEY WITH PROUD TO BE AN INDIAN.

I was very happy when I was selected for the programme "Proud to be an Indian" Heritage programme conducted by Asianet News and sponsored by xylem learning along with the ICL tours and travels. I got the golden opportunity to visit many wonderful places - culture and the beauty of the world.

**Dubai**

In Dubai, I wandered through the Gold souk and admired the sparkling jewellry. I enjoyed a calm cruise in Alseet and relaxed at Jumeirh island, explored the lively global village and strolled along Dubai Marina. The excitment of dune bashing in the desert and dunner at the ICL Lama desert camp filled me with adventure. The colourful display at Miracle Gardens made my heart smile.

**Delhi**

In Delhi I watched the Republic Day parade . It was aproud moment for each one. I also visited the Rajghat,the memorial of Mahatma Gandhi reminded me of our India's history and the values that binds together .

**Kolkata**

Kolkata,the city of joy greeted me with the warmth and energy. I visited the easten commander of the army and learned about the brave spirit of our soldiers. I also went to Jorsanko Thakurbari, the birth place of Rabindranath Tagore, and visited Mother Teresa 's house of the Missionaries of Charity which was very touching. The Victoria Museum shown me many interesting stories from the past.

**Darjeeling**

In Darjeeling I experience the wonderful journey of a toy train through the cool street.The fresh mountain air and beautiful views make me feel calm and happy.

This journey was a treasure of memories that deepend my love for our great country. Iwill akways remember these moments with a proud and joyful heart.

കഥ

ഫിദ എ വാഹിദ്, XI A

# ഒരു നോക്ക് കാണാൻ

രാവിലെ അതിശക്തമായ മഴയായിരുന്നു. ഇപ്പോൾ അത് ചാറ്റൽമഴയായി മാറിയിരിക്കുന്നു. സമയം 8:30 ആകുന്നു. എനിക്ക് സ്കൂളിൽ പോകേണ്ടതുണ്ട്. വല്യച്ഛനോട് യാത്ര പറഞ്ഞ് ഞാൻ ഇറങ്ങി അടുത്തുള്ള പുഴ കടന്നു വേണം എനിക്ക് സ്കൂളിൽ പോകാൻ. വള്ളക്കാരൻ ദാസപ്പൻ ചേട്ടൻ 8.45 ആകുമ്പോൾ വിളി തുടങ്ങും "ഇനി ആരെങ്കിലും വരുന്നുണ്ടോ.." കൃത്യമായി ദാസപ്പൻ ചേട്ടൻ 8.45 ന് വള്ളം എടുക്കും. പിന്നെ 9.00 മണിക്കേ വരൂ എന്തായാലും 8.45 ന് വല്യ ആളുകൾ കാണില്ല, സുഖമാണ് കാറ്റും കൊണ്ട് പോകാൻ ചാറ്റൽ മഴഉള്ളപ്പോൾ അതിലും രസം. ഇന്ന് സ്കൂളിൽ പുതിയ കുട്ടികൾ വരും കൂട്ടുകാർ പലരും വായിനോക്കാൻ പോകും, എനിക്ക് അത്തരം താത്പര്യങ്ങൾ ഇല്ലാത്തതു കൊണ്ട് ഞാൻ പോയില്ല. സ്കൂളിൽ വരുന്നത് പഠിക്കാൻ അല്ലേ.സ്കൂളിൽ എത്തിയപ്പോൾ മുൻവശത്തു തന്നെ കൂട്ടുകാർ ഉണ്ടായിരുന്നു.' .. ''എടാ....മനു നീ ബാഗ് വെച്ചിട്ട് പെട്ടന്ന് വാ ഇന്ന് ജൂനിയേഴ്സ് വരുവല്ലേ,'' എന്റെ കൂട്ടുകാരൻ അനൂപ് ആയിരുന്നു. ആളിനെ കാണാൻ കുറച്ച് കുഴപ്പക്കാരൻ ആണെങ്കിലും പാവം ആണ്. ഇന്ന് പുതിയ കുട്ടികൾ വരുന്നതുകൊണ്ട് തന്നെ ക്ലാസ്സ് കുറച്ച് വൈകിയേ തുടങ്ങു അതുകൊണ്ട് തന്നെ ഞാനും അവരോട് കൂടി . എല്ലാവരും സദസ്സിൽ വന്നിരുന്നു. അവിടെ വളരെ ഭംഗിയായി സദസ്സ് അലങ്കരിച്ചിരിക്കുന്നു. അതിനിടയിലായി ഞാൻ ഒരു കുട്ടിയെ കണ്ടു.നന്നായി പാടുന്നു. പരിപാടി തുടങ്ങാൻ സമയം ആയത് കൊണ്ട് തന്നെ എനിക്ക് അത് ശ്രദ്ധിക്കാൻ കഴിഞ്ഞിരുന്നില്ല.

പരിപാടി തുടങ്ങി ഈശ്വരപ്രാർത്ഥനയ്ക്ക് കുട്ടികൾ വന്ന് പാടി. ആ സ്വരം അത് ഞാനെവിടെയോ കേട്ടിട്ടുണ്ടല്ലോ അത് നേരത്തെ കേട്ട അതേ ശബ്ദം ഞാൻ തലപൊക്കി നോക്കി മയിൽപീലിപോൽ വിടർന്ന കണ്ണുകൾ, അല്ല അങ്ങനെയല്ല അതിലും ഭംഗിയുള്ളത്. ഭഎന്താ മോനേ മനു പെണ്ണിന്റെ മുഖത്തൊക്കെ നോക്കിത്തുടങ്ങിയോഭ?ഭ എന്നോട് അനൂപ് ചോദിച്ചു. ഞാനവനെ തുറുപ്പിച്ച് നോക്കി അപ്പോഴേക്കും പ്രാർത്ഥനകഴിഞ്ഞിരുന്നു. പിന്നീട് അവളെ കണ്ടതേ ഇല്ല പരിപാടി കഴിഞ്ഞ് ഞാൻ അനൂപി നോട് ചോദിച്ചു "അത് ഭആരാ?ഭഭ ഭ ഭ'ആര്ഭ?" "എടാ നമ്മൾ ഇപ്പോൾ കണ്ടില്ലേ ഒരു കൊച്ചിനെ" "ഏത് കൊച്ചിനെ" ?' "ഓ.. ഈശ്വര പ്രാർത്ഥന പാടിയ" ...... "ആ കൊച്ച് അത് 9 -ാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടിയാണ് "" "അല്ല നീ ഇപ്പോഴാ ണോ അവളെ കാണുന്നത്. അവളല്ലേ ഇവിടുത്തെ പാട്ടുകാരി "അവൻ പറഞ്ഞു. "ആ.... എനിക്കറിയില്ല . നീ ആരോടും പറയണ്ട" "എടാ മനൂ.... എനിക്ക് നിന്നോടല്ലാതെ മറ്റാരോടാണ് പറയാനുള്ളത്" ഞാനും ചിന്തിച്ചു. ശരിയാണ് കുഞ്ഞിലേ മുതൽ ഞങ്ങൾ ഒരുമിച്ചാണ് ഒരു ഉരുൾ പൊട്ടിൽ അവന്റെയും എന്റെയും അച്ഛനേയും അമ്മയേയും നഷ്ടമായി ഞാൻ അന്ന് ഒമ്പതിൽ ആയിരുന്നു. രാത്രിയിൽ

അവൻ ഞങ്ങളുടെ വീട്ടിലേക്ക് ഓടിവന്നതും എന്റെ അച്ഛൻ ആ സ്ഥലത്തോട്ട് പോയതും ഒക്കെ എന്റെ ഓർമ്മയിലുണ്ട്. ഇന്ന് ആ സംഭവം ഞാൻ എല്ലാരോടും പറയും. കാരണം എന്റെ അച്ഛൻ ജീവൻ രക്ഷിക്കാൻ പോയതാണ് എന്നാൽ തിരിച്ച് വന്നില്ല എന്ന് മാത്രം.

പിന്നെയും വേദിനിപ്പിക്കുന്നത് എന്റെ അമ്മയെക്കുറിച്ച് ഓർത്താണ്. എനിക്ക് ഓർമ്മ വെക്കുന്നതിനുമുന്നേ അച്ഛനും അമ്മയും ആയുള്ള വഴക്കിന്റെ പേരിൽ അമ്മ വീട് വിട്ടുപോയി പലരും ഒളിച്ചോടിയതാണ് എന്ന് പറഞ്ഞിരുന്നെങ്കിലും ഞാൻ അത് വിശ്വസിക്കാൻ തയ്യാറായില്ല. കാരണം എന്റെ അമ്മയാണ്.

ക്ലാസ്സിൽ എത്തി കുറച്ച് കഴിഞ്ഞപ്പോൾ തന്നെ ഉച്ചഭക്ഷണത്തിനായി ഉള്ള ബെൽ അടിച്ചു. ഞാനും അനൂപും സ്കൂളിൽ നിന്ന് തന്നെ കഴിക്കും. വലിയ കുട്ടികൾക്ക് ഭക്ഷണം തരില്ല.എങ്കിലും ഞങ്ങൾക്ക് അവർ ഭക്ഷണം തരുമായിരുന്നു. അന്ന് ഞാൻ അവർക്ക് ഇടയിൽ ഉള്ള സംസാരം കേട്ടിരുന്നു. ''അനാഥപിള്ളേർ അല്ലേ, കഷ്ടം കഴിച്ചോട്ടെ''. ഭക്ഷണത്തിൽ അന്ന് ഉപ്പ് കൂടുതൽ ആയിരുന്നു ഒരു പക്ഷെ എന്റെ വിഷമം ഭക്ഷണം തൊട്ടറിഞ്ഞത് കൊണ്ടാകാം. എന്നിരുന്നാലും ഞങ്ങളുടെ തൊട്ടപ്പുറത്തായി രാവിലെ കണ്ട അതേ പെൺകുട്ടി ഇരിക്കുന്നു. അനൂപ് പറഞ്ഞു ''ശ്രീലക്ഷമി'' ഞാൻ അവനെ നോക്കി അവളുടെ പേര് വരെ അവന് അറിയാം.അവൻ പറഞ്ഞു.'''എന്താ നോക്കുന്നേ വീടും അറിയാം'' ഞാൻ ഒന്നും മിണ്ടിയില്ല.കൈ കഴുകാൻ ഇറങ്ങിയ പ്പോൾ അവൻ പറഞ്ഞു. ഈ വർഷം ആണ് എന്നു തോന്നുന്നു. അവർ ഇങ്ങോട്ട് വന്നത് അങ്ങനെ അവൻ അവളെ പറ്റി കുറെ കാര്യങ്ങൾ പറഞ്ഞു. കൂടുതലും അവളുടെ അമ്മയെ പറ്റി.

കുറേ ദിവസങ്ങൾക്കു ശേഷം ഞങ്ങൾ നല്ല കൂട്ടായി എനിക്ക് ഒരു പെങ്ങൾ എന്ന രീതിയിൽ ആയിരുന്നു അവൾ. എല്ലാ ദിവസവും ഞാൻ അവളെ പറ്റി വല്യച്ഛനോട് പറയും അങ്ങനെയിരിക്കെ ഒരു ദിവസം അവളെയും അവളുടെ അമ്മയെയും ഞങ്ങൾ മാർക്കറ്റിൽ വെച്ച് കണ്ടു. അവളുടെ അതേ കണ്ണുകൾ ആയിരുന്നു അമ്മയ്ക്ക് . അവർ എന്നെയും അനൂപിനെ യും മക്കളെ പോലെ കണ്ടു സ്നേഹിച്ചു. ഞാൻ ക്ലാസ്സിലെ ഒരു പഠിക്കുന്ന കുട്ടിയായത് കൊണ്ട് എനിക്ക് ഒരു സ്കോളർഷിപ്പ് കിട്ടി..അത് ഒരു പരിപാടിക്ക് സ്കൂളിൽ വച്ച് നൽകാൻ നായിരുന്നു തീരുമാനം. അത് നന്നായി ഒന്നുമില്ലേലും എനിക്ക് വല്യച്ഛനെ ശ്രീക്കും അമ്മയ്ക്കും പരിചയപ്പെടുത്തിക്കൊടുക്കാമല്ലോ. അങ്ങനെ ഞാൻ വല്യച്ഛനെ വിളിച്ചോണ്ട് വന്നു. ശ്രീയുടെ അമ്മയും വല്യച്ഛനും കണ്ടപാടെ ഞെട്ടി. ശ്രീയും ഞാനും അനൂപും കൂടി സാധനം വാങ്ങാൻ കടയിൽ പോയതാണ് അവർ കാര്യമായി എന്തോ സംസാരിക്കുന്നത് കണ്ടു അനൂപ് എന്നെയും കൊണ്ട് അവന്റെ അച്ചന്റെ വീട്ടിൽ പോകാൻ തീരുമാനിച്ചിരുന്നു. എന്നിരുന്നാലും വല്യച്ഛനോട് കാര്യം തിരക്കണമായിരുന്നു എനിക്ക് ഞാൻ ചെന്നപ്പോൾ വലിയ സന്തോഷത്തിൽ ആയിരുന്നു വല്യച്ഛൻ " എടാ നിന്റെ അമ്മയാട അത്"

ഇത് കേട്ടതും എനിക്ക് ആദ്യം മനസ്സിൽ വന്നത് ശ്രീയുടെ അമ്മയെന്നാണെങ്കിലും ഇടറിയ ശബ്ദത്തിൽ ഞാൻ ഒന്നൂടെ ഉറപ്പിക്കാൻ ചോദിച്ചു. ' "ശ്രീയുടെ അമ്മ; അവൾ നിന്റെ സ്വന്തം

പെങ്ങൾ ആടാ"  എനിക്ക് സന്തോഷം തോന്നി അവരെ കണ്ടാലോ പക്ഷെ അപ്പോഴേക്കും അനൂപ് വന്നിരുന്നു അവനോടും ഞാൻ കാര്യങ്ങൾ പറഞ്ഞു. എന്തായാലും നാളെ ഒന്ന് അങ്ങോട്ട് പോണം ശ്രീയുടെ അമ്മയെ കാണാൻ അല്ല എന്റെ അമ്മയെ കാണാൻ അനൂപി ന്റെ കൂടെ ഞാൻ രാത്രി അവന്റെ അച്ഛന്റെ വീട്ടിൽ പോയി അവിടെയാണ് ഉറങ്ങിയതും പിറ്റേന്ന് അവിടുത്തെ മുത്തശ്ശി വിളിച്ചുണർത്തി വാർത്ത കാണിച്ചു. ഞങ്ങൾ 'താമസിച്ചിരുന്നിടം ശൂന്യമായിരിക്കുന്നു രാത്രിയിൽ ഉണ്ടായ ഉരുൾപൊട്ടൽ മഴയെ ഒന്നും വകവെക്കാതെ ഞാനും അനൂപും അങ്ങോട്ട് പോയി കുറച്ച് പേർ രക്ഷപെട്ടു എന്ന് കേട്ടു അതിൽ എന്റെ ആളുകൾ കാണണെ എന്ന് ഞാൻ പ്രാർത്ഥിച്ചു.

വല്യച്ഛൻ പോയി ഒപ്പം ശ്രീയും അമ്മയും ഞാൻ ഒരു നിമിഷം മരിച്ചു പോയി ഞാൻ കാത്തിരുന്ന എന്റെ അമ്മ കൈവെള്ളയിൽ എത്തിയപ്പോഴേക്കും ........ മഴയുണ്ടായതു കൊണ്ട് എന്റെ കടൽ സാഗരം ആരും കണ്ടില്ല എന്നു കരുതി പക്ഷെ മഴയോളം വരില്ലല്ലോ അത് ' മഴയോടുള്ള ഇഷ്ടം പോയ ആ ദിവസം ചാറ്റൽ മഴയെ പോലും ഞാൻ വെറുത്തു പോയി "എന്തിന് എന്നോട് ഈ ചതി" ദൈവത്തോട് ചോദിച്ചു. അതിന് പകരം ആയി ആയിരിക്കും അമ്മയുടേയും ശ്രീയുടേയും മൃതദേഹം കണ്ടെടുത്തു അവരെ കാണാനുള്ള മാനസികാവസ്ഥ ഞാൻ സൃഷ്ടിച്ചു അനൂപ് എന്നെ താങ്ങി അവനും അത് അമ്മയും പെങ്ങളും ആണ്

ഇന്ന് എന്റെ മനസ്സു പോൽ ആ നഗരം ശൂന്യമാണ്..... സ്കൂളും. ഒരിക്കൽ പ്രകൃതി എന്നിൽ നിന്നും പലതും അപഹരിച്ചു ഇന്ന് പൂർണമായി ....... എന്നിരുന്നാലും വിരോധം ഇല്ല എന്നു മാത്രം..........

# SPC





സ്റ്റുഡന്റ് പോലീസ്
കേഡറ്റ്സ്
GGHSS Kayamkulam
Unit No. 763




RESTAURANT
WEDLAND








# ഓപ്പൺ ലൈബ്രറി





# വരകൾ





നന്ദന. എം എസ്





അമൃത മനോജ്



**കഥ**

ഫാത്തിമ സഹ്റ, S1B

# അതിമോഹം വരുത്തിവെച്ച വിന

അറേബ്യയിലെ രാജാവായിരുന്നു സുൽത്താൻ മെഹ്മൂദ്. അദ്ദേഹം എന്ത് ആഗ്രഹിച്ചാലും അതെല്ലാം സ്വന്തമാക്കാൻ ശ്രമിക്കുന്നവൻ ആയിരുന്നു. ഒരിക്കൽ അദ്ദേഹത്തിന്റെ വിലപിടിപ്പുള്ള വജ്രമാല മോഷണം പോയി. അദ്ദേഹം ആകെ അസ്വസ്ഥനായി, കാരണം അദ്ദേഹത്തിൻറെ കുടുംബത്തിന് തലമുറകളായി കൈമാറി വന്ന സ്വത്ത് ആയിരുന്നു അത്. ഭടന്മാർ സംശയമുള്ള അഞ്ചുപേരെ പിടികൂടി കൊണ്ടുവന്നു. എത്ര ശ്രമിച്ചിട്ടും അവരാരും കുറ്റം സമ്മതിച്ചില്ല. അപ്പോഴാണ് രാജാവ് അറിയുന്നത് തൊട്ടടുത്ത പ്രദേശത്ത് അത്ഭുത ശക്തിയുള്ള ഒരു തത്തയുണ്ടെന്ന്. രാജാവ് ഭടന്മാരെ സൈനുദ്ദീന്റെ അടുത്തേക്ക് അയച്ചു. സൈനുദീനും തത്തയും കൊട്ടാരത്തിൽ എത്തി തത്ത കള്ളന്റെ കാലിൽ ചവിട്ടി നിന്നു. കുറെ ചോദ്യം ചെയ്തപ്പോൾ അയാൾ കുറ്റം സമ്മതിച്ചു. രാജാവ് സന്തോഷവാനായി. 200 പൊൻപണം സമ്മാനമായി നൽകി സൈനുദ്ദീനെ യാത്രയാക്കി. രാജാവിന് പിന്നീട് തത്തയെ പറ്റി ആയിരുന്നു ചിന്ത. എന്ത് വിലകൊടുത്തും തത്തയെ സ്വന്തമാക്കാൻ അദ്ദേഹം ആഗ്രഹിച്ചു. സൈനുദ്ദീനെ അദ്ദേഹം കൊട്ടാരത്തിലേക്ക് വിളിപ്പിച്ചു. ആയിരം പൊൻ പണംനൽകാം തത്ത യെ നൽകണമെന്ന് ആവശ്യപ്പെട്ടു. ഈ കൊട്ടാരം നൽകിയാൽ പോലും തത്തയെ നൽകില്ലെന്ന് സയിനുദ്ദീൻ പറഞ്ഞു. രാജാവ് കോപാകുലനായി. സൈനുദ്ദീനെ കൊന്നിട്ട് ആണെങ്കിലും തത്തയെ സ്വന്തമാക്കാൻ അദ്ദേഹം ആഗ്രഹിച്ചു. അതിനായി ഭടന്മാർക്ക് ഉത്തരവ് നൽകി. ഭടന്മാർ സൈനുദ്ദീനെ ലക്ഷ്യമാക്കി നീങ്ങി സൈനുദ്ദീനെ ആക്രമിക്കുന്നതിനിടയിൽ ഭടന്മാരുടെ കുത്തുകൊണ്ട് തത്ത ചത്തുപോയി. സൈനുദ്ദീൻ പൊട്ടി കരയാൻ തുടങ്ങി. രാജാവ് കുറ്റബോധം കൊണ്ട് സൈനുദ്ദീനോട് മാപ്പ് പറഞ്ഞു കൊട്ടാരത്തിൽ കൊണ്ടുവന്നു. കുറെ തത്തകളെ വാങ്ങി സൈനുദ്ദീനു നൽകി. അദ്ദേഹത്തിന്റെ പരിശീലനത്തിൽ തത്തകൾ വലിയ കഴിവുള്ളവരായി മാറി. പിന്നീട് ഒരിക്കലും രാജാവ് ഒന്നിനോടും അതിമോഹം കാട്ടിയിട്ടില്ല.

## ശാസ്ത്ര ലേഖനം

ദയ. ജെ, S2-A



# ന്യൂട്ടനും സിംഹവും...

ഒരു പന്തിനെ ഒരു നിശ്ചിത ഉയരത്തിൽ നിന്ന് കുറച്ചു മാറി താഴെ ഒരു സ്ഥലത്ത് (A to B) കുറച്ചു ദൂരത്തിൽ ഭൂഗുരുത്ത ബലത്തിന്റെ (Gravitational Force) സഹായത്തോടെ നിരങ്ങി ഇറങ്ങണമെങ്കിൽ അത് ഒരു നേർരേഖയിലൂടെ സഞ്ചരിക്കണം. എന്നാൽ ഏറ്റവും കുറഞ്ഞ സമയം




കൊണ്ട് താഴെ എത്തണമെങ്കിൽ ഏത് പാതയിൽ സഞ്ചരിക്കണം? അത് നേർരേഖയല്ലേ!

ഇത്തരത്തിൽ ഒരു ചോദ്യം ഗണിതശാസ്ത്രജ്ഞനും ഭൗതിക ശാസ്ത്രജ്ഞനുമായ ജൊഹാൻ ബർണോളി 1696 ജൂണിൽ മുന്നോട്ടു വച്ചു. ലോകത്തിലെ ഏറ്റവും മികച്ച ഗണിതശാസ്ത്രജ്ഞനെ കണ്ടു പിടിക്കുക എന്ന ലക്ഷ്യത്തോടെയാണ് അദ്ദേഹം ഇത് അവതരിപ്പിച്ചത്. കാൽക്കുലസ് (Calculus) അറിയാവുന്ന ഒരാൾക്ക് മാത്രമേ ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കൂ എന്ന് ബർണോളിക്ക് അറിയാമായിരുന്നു. ഈ പ്രശ്നം പരിഹരിച്ച് അയക്കാനായി അദ്ദേഹം അറു മാസം സമയവും കൊടുത്തു. Leibniz, l'Hôpital, Jakob Bernoulli എന്നിവർ മാത്രമാണ് ഉത്തരവുമായി മുന്നോട്ടുവന്നത്. ബർണോളിയുടെ സുഹൃത്ത് കൂടിയായ ലബനീസിന്റെ നിർദ്ദേശപ്രകാരം വിദേശത്തുള്ള ശാസ്ത്രജ്ഞനെ കൂടി പരിഗണിക്കാനായി അറുമാസത്തെ സമയം കൂടി നൽകി. സർ ഐസക് ന്യൂട്ടൻ അക്കാലത്ത് റോയൽ മിന്റിലെ വാർഡൻ ആയിരുന്നു. ന്യൂട്ടന്റെ ബുദ്ധി പരിശോധിക്കാൻ ആണ് ബർണോളി ഇത്തരത്തിലുള്ള പ്രശ്നവുമായി മുന്നോട്ടു വന്നത് എന്ന വാദവും നിലനിൽക്കുന്നുണ്ട്. 1967 ജനുവരി 29 ആം തീയതി ജോലികൾക്ക് ശേഷം

വീട്ടിലെത്തിയപ്പോൾ ന്യൂട്ടർ ബർണോളിയുടെ കത്ത് കണ്ടു."ഗണിതശാസ്ത്ര കാര്യങ്ങളിൽ വിദേശികൾ കളിയാക്കുന്നത് എനിക്ക് ഇഷ്ടമല്ല"" - ന്യൂട്ടൻ കുറിച്ചു.

അടുത്ത ദിവസം വെളുപ്പിനെ നാലുമണിയോടുകൂടി ന്യൂട്ടൺ പ്രശ്നം മുഴുവനായും പരിഹരിച്ചു. ഒരു ചലിക്കുന്ന ചക്രത്തിന്റെ അറ്റത്തുള്ള ബിന്ദുവിന്റെ ചലന പാത പോലെ വസ്തു സഞ്ചരിച്ചാൽ



കുറഞ്ഞ സമയം കൊണ്ട് അത് താഴെ എത്തും.(ചിത്രം ശ്രദ്ധിക്കുക) ഇതിനെ **Brachistochrone Curve** എന്ന് പറയുന്നു.(ഇതിന് മറ്റു ചില പ്രത്യേകതകൾ കൂടിയുണ്ട്. കണ്ടെത്തി നോക്കൂ).

ബർണോളി പോലും രണ്ടാഴ്ച്ച എടുത്താണ് പ്രശ്നം പരിഹരിച്ചത്. ന്യൂട്ടൺ തന്റെ ഉത്തരം ഫിലോസഫിക്കൽ ട്രാൻസ്ലേഷൻ(philosophical transactions) എന്ന ജേണലിൽ നൽകി. എന്നാൽ അദ്ദേഹം അതിൽ ഒപ്പിട്ടിരുന്നില്ല. ന്യൂട്ടൺ അണ് അതെഴുതിയത് എന്നതിന് ഒരു അടയാളവും ഇല്ലാത്ത ആ പേപ്പർ കണ്ട് ബർണോളി പറഞ്ഞത് brachistochrone curve (I recognize the lion by his claw) എന്നാണ്. ഈ പ്രശ്നവും അതിന്റെ ഉത്തരവും പിന്നീട് ശാസ്ത്രത്തിന്റെ പല മേഖലകളെ സഹായിച്ചു (ഉദാഹരണം: Principle of least action, calculus of variation).

ഒന്നുമില്ലായിമയിൽ നിന്ന് ശാസ്ത്രത്തെ ശാസ്ത്രമാക്കി വളർത്തിയതിന് ന്യൂട്ടന്റെ പങ്ക് ശ്രദ്ധേയമാണ്. എന്താണ് നമുക്ക് അറിയാത്തത് എന്ന് അറിയാത്ത (we don't know what we don't know) കാലത്തിലാണ് ന്യൂട്ടൺ തന്റെ സൃഷ്ടികൾ നടത്തിയത്. അതായത് ആണി അടിക്കാൻ ഒരു ചുറ്റിക വേണം.എന്നാൽ ചുറ്റിക എന്ന വസ്തുവിനെ കുറിച്ച് അറിവ് നമുക്ക് ഇല്ലെങ്കിലോ? അതുപോലെയായിരുന്നു അന്ന് ശാസ്ത്രത്തിന്റെ അവസ്ഥ. അവിടെ നിന്ന് നിർമ്മിത ബുദ്ധി വരെ വന്ന് നിൽക്കുന്ന ശാസ്ത്രത്തിലേക്ക് മനുഷ്യൻ എത്തിയതിന് ന്യൂട്ടന്റെ കണ്ടുപിടുത്തങ്ങൾ വലിയ പങ്ക് വഹിച്ചിട്ടുണ്ട്.

ന്യൂട്ടന്റെ പല സിദ്ധാന്തങ്ങളും തെറ്റാണെന്ന് ശാസ്ത്രജ്ഞന്മാർ തെളിയിച്ചിട്ടുണ്ടെങ്കിലും ഭൗതിക ശാസ്ത്രത്തിന്റെയും വളർച്ചയിൽ അദ്ദേഹം വഹിച്ച പങ്ക് ആർക്കും നിഷേധിക്കാനാവില്ല. ശാസ്ത്രം ഒരിക്കലും തെറ്റല്ല മറിച്ച് ശരികളിൽ നിന്ന് പുതിയ ശരികളിലേക്കുള്ള യാത്രയാണ്. ന്യൂട്ടന്റെ കണ്ടുപിടുത്തങ്ങളെ കുറിച്ച് ഫിസിക്സ് പാഠപുസ്തകങ്ങളിൽ പഠിക്കുമ്പോൾ ഇങ്ങേരുടെ തലയിൽ ആപ്പിളിന് പകരം നല്ല ചക്കയോ തേങ്ങയോ വീണിരുന്നെങ്കിൽ ഇതിൽ നിന്നൊക്കെ രക്ഷപ്പെടാമായിരുന്നു എന്ന ക്ലീഷേ ചിന്താഗതിക്ക് അപ്പുറം ന്യൂട്ടൺ ആരായിരുന്നു, എന്തായിരുന്നു എന്ന് മനസ്സിലാക്കേണ്ടത് ഓരോ ശാസ്ത്ര വിദ്യാർഥിയുടെയും ഉത്തരവാദിത്വമാണ്. ഒരു തരത്തിൽ അദ്ദേഹത്തിന്റെ പ്രതിഭയ്ക്കുള്ള ഒരു അഭിനന്ദനം കൂടിയാണ് ഇങ്ങനെയൊരു പറച്ചിൽ.

**ലേഖനം**

ഫാത്തിമ സഹ്റ, S1 B



# COMPUTER GAMES AND TODAY'S GENERATION.

Computer games have become the new trends in today's world,especially among children.There are a wide varieties of reason why computer games had become so popular in present times. Video game increase problem solving skills and typical reasoning fact allowed return to solve puzzles creativity both figuratively and literally. Video games have prove to increase hand eye cordnation and few thinking skills also helps in betterment of motor skills.According to results at Roshter University,games stimulating and allow the brain to make decision. It it also accelerate ones comprehension skill and reasoning abilities.

Computer games can also have negtive impact onchildren. When children spent a lot of their times playing computer games lack of physical activity happens which can cause various health problems. Also, the natural images which are created during their studies who be destroyed essentials of the computer game will be involving. Lack of social interaction will also occurs due to the adiction towards video games.

It is always advisable to use computer games in limited way. Must get engaged in physical activities.Focussing more on studies of indulging in more socially productive activities can reduce addiction towards video games. In short video games can be played but moderation.



**ചരിത്രം**
നീനു അനിരുദ്ധ്. ബി,
ഗണിതശാസ്ത്ര അദ്ധ്യാപിക

# Krishnapuram Palace

Krishnapuram palace is a palace and museum that's located in kayamkulam 47 kms from Alappuzha. This palace is a Keralean architectural germ built by the 18th century Travancore king, Anizham Thirunaal Marthanda Varma and well known for its mural paintings and architecture.This palace is maintained by the kerala state department of archaeology and contains exhibits that belonged to the palace and former occupant, the Travancore Maharaja Marthanda Varma. The major attraction of this palace is that it houses the biggest mural painting that can be found in all over kerala known as “Gagendra Moksha”.The double edged sword “Kayamkulam Vaal” can also be found here.

The palace is also famous for a large pond within the palace complex.It is also said that an Underground escape route runs from the bottom of the pond as a possible escape route from enemies.The palace houses, in its courtyard one of the four states of Buddha found in Alappuzha district.



## History

The palace was built by the King Marthanda Varma of Travancore after defeating and annexing Odanad in the Odanad-Travancore war of 1746. Before the construction of the

palace the king demolished an old palace at the site, which had been built by the King Veer Ravi Varma of Odanad (region 1700- 1775 AD). Initially a small palace of a single story known as Ettukettu, was built in the traditional style with an adjacent pond, temple and urappura under the management of the Prime minister, Ramayyan Dalava, which was later enlarged by the prime minister Ayyappan Marthanda Pillai. The palace complex has many other buildings which are a combination of traditional and western architecture. The present building, a three storage structure within the complex was renovated in the 1950's by the Archaeological department of Kerala in modern style comforting to the scientific techniques prescribed for the protection of heritage buildings. As a protected monument it houses the archaeological museum and its offices.



## Architecture

The Krishnapuram palace as one the finest and rarest example of a typical Keralite-style architecture, known in the local language as Pathinarukettu, is complete with gabled roofs, narrow corridors and domed windows.It is a miniature replica of Padmanabhapuram palace, which was the headquarters of Travancore Rajas. The palace complex originally encompassed a total land area of 56 acres.However, over the years as the monarchy rule ended the palace was completely neglected and fell to disuse and was dilapidated. Many buildings surrounding the main palace of Maharaja got destroyed and reduced to a mere 2.55 acres within a 10 feet high compound wall.The main palace, which was run down was rebuilt to the original state as a three storied monument by the Archaeological Department of Kerala in 1950s. The rare documents and artefacts which have been kept in other locations were brought back, restored and even exhibited in the palace that has been converted to a museum.



The palace restored to its originally built plans, comforting to Vastu Shastra norms, has 6 blocks or Kettu with 4 Nadumuttam or open areas in the centre or courtyards. The windows, doors and ventilators were placed in such a way as to ensure fresh air circulation and natural lighting in all the rooms. There are 22 rooms with the ornamental wood partitions with carvings. Additional openings were provided to prevent any negative effects of Murmavedham. The building he set with verandas all round to protect the outer walls getting damaged due to rain. The material used in the construction consisted of laterite stones, rubbles, rosewood and Angili wood. Roofing is steep and tiled with Mangalore tiles, which accentuates the beauty of the structure . A special feature of the carpentry adopted in the building, the palace consisted of wooden hinges and locks of the doors and windows instead of metallic fittings and fixtures.



The flooring consists of polished wood and also of black and red oxide cotted concrete. The steps are made of polished granite blocks . The aesthetic beauty of the palace has been further enhanced by the special designs of straight, curved and spiral staircases and sun shades. A small stream was created to flow close to the sudden vicinity of the palace which also functioned as a secret escape route in time of emergency. an underground tank or pond that stretches to the centre of the building was part of the palace, it provided air conditioning effect of moderate temperature in all interior rooms. The palace compound has many Padippuras, particularly at the main entrance, which are significators of status.

## Collection

The palace complex, which now functions as an archaeological museum, is a treasure house of ancient paintings and inscriptions, coins, magnetic remains, artefacts, made of wood, brass and stone sculptures. Some of the prominent displays in the complex are: The mural of Gajendra Moksham, Kayamkulam Vaal (sword), Buddha statue of the 10th century and ceremonial utensils and many other artefacts.





## Gajendra moksham

Within the palace is the archaeological museum which has an exhibit of Gajendra moksham, a 3 meters (9.8 fts) high mural, which is the largest single piece of mural painting so far discovered in Kerala. The literal meaning of Gajendra Moksham is the ‘salvation or the moksham of the elephant King Gajendra’.The theme of the mural is myological and depicts an elephant saluting Lord Vishnu in devotion while the other minor gods, goddesses and saints look on. Lord Vishnu was the family deity of the Kayamkulam Kings.



This mural is a fusion of colours and expressions was placed permanently at the entrance to the palace from the pond to enable the kings to worship the deity after their daily ablutions. The mythological legend narrated on Gajendra moksham is contained in the 10th century Sanskrit Bhagavata Purana. According to this legend,the Pandya king Indradyumna, devotee of lord Vishnu was given a curse by the sage Agastya, to be reborn as an elephant.

Gajendra or the elephant King while on a pleasure trip to the lake with his wives, was seized by a crocodile that caught hold of his leg with a firm grip and thus Gajendra was held captive for many years. Finally the helpless Gajendra appealed to Lord Vishnu, his chosen deity to rescue him from the predicament. Vishnu made his presence soon after riding Varaha, the Garuda.Varaha killed the crocodile. The entire sequel is vividly painted with vegetable colours on the mural with a dynamic portrayal of Garuda at the centre, about to land with ‘huge spread of wings and a facial expression raudra, in stark contrast to the compassionate features of the multi armed Vishnu. The mural also shows a smaller figure of Gajendra in mid trumpet and of the crocodile on the right side.

The mural truly represents the Kerala style painting on a very available space on it. Apart from the main characters the legends, saints, animals, mythical beasts and forest plants are also depicted. The outer edges of the mural are decorated with floriate borders. At the bottom, there is an exclusive triptuch-like like panel which depicts Balakrishna, the child Krishna surrounded by doting females.

## Kayamkulam Vaal

Kayamkulam Vaal ( Vaal means sword) is an important exhibit in the museum. The significance of the sword is that its both sides are sharp and it is more dangerous than any other martial weapon. It is set to have been used by the kayamkulasas in the 18th century and hands were a special attraction of the king.




## Buddha Mandapam

Buddha Mandapam (hall) is where an attractive statue of one of the four antic buddhas of the 10th century which were recovered in recent times in ponds found in Alappuzha district is displayed. The Buddha Mandapam is located in the finely landscaped and tender garden with profusion of flower plants, that surrounds the palace complex. This is found in Alappuzha district to justify the prevalence of Hinayana Buddhism in Maveli Kingdom. They are in meditating posture with Ushnisha(cap) and Upavita (upper garment). It had been thrown into fields and ponds during the anti Buddhism campaign. The ideal was found in a pool or tank called Puthenkula (Pond of Buddha) in Maruturkulangara in Karunagappally. This ideal has a skull cap adorned with lines of pearls or diamonds that represents the highest wisdom attained by Buddha.



The museum in Krishnapuram palace also has a copy of the Bible in Sanskrit printed in Calcutta in 1886. Ceremonial utensils are also on display in a display case, which consist of oil lamps, fine miniature figures and small stone columns carved with serpent deities .Some of these are arranged in an Arc form known as Prabhu and placed behind aTemple deity to provide a 'hallow of light'. Fine miniature panchaloha figures on the display are of Varuna, many Vishnu and a minuscule devotee in worship mode.

**കവിത**

അനാമിക എസ് പിള്ള, S1B



# मेरा भारत

चमकता सूर्य है भारत ।
हरे मोती से भरा है भारत ।
खेतों की खान है भारत ।
फूलों की बाग है भारत ।
नदियों का संगम है भारत ।
मन की पहचान है भारत ।
दिल की आभा है भारत ।
चाँदनी का चाँह है भारत ।
आजादी का देश है भारत ।
सत्य का पहचान है भारत ।
वीर सेनानियों का मुकुट है भारत ।
हमरा अपना है यह भारत i

കഥ

ആര്യനന്ദ. ബി, H1



# നീലാകാശത്തിനു മീതേ....

ഇത്തവണയും നാട്ടിലേക്കുള്ള യാത്ര സാധിച്ചില്ല. നാട്ടിലെ ഭക്ഷണം ഒത്തിരി മിസ്സ് ചെയ്യുന്നു. ഇവിടുത്തെ ഭക്ഷണം മടുത്തു. നാട്ടിലെ ചോറും മീൻ കറിയ്ക്കുമൊപ്പം ഇവിടുത്തെ കുബ്ബൂസ്സും ഹമൂസുമൊന്നും ഒരിക്കലും വരില്ല.ഇന്നത്തെ ഷിഫ്റ്റ് കഴിഞ്ഞു. ഇനി ഒരോട്ടപ്പാച്ചിലാണ്.ഹോസ്പിറ്റലിൽ നിന്നും റൂമിലേയ്ക്കത്തിയ ശേഷം നാട്ടിലേക്ക് വിളിച്ച് മോനോട് സംസാരിക്കണം.എന്നിട്ട് ഉറങ്ങണം പിന്നെ രാവിലെ എഴുന്നേറ്റ് ജോലിക്ക് പോണം. എന്റെ ദിനചര്യ ഇതാണ്. ഒരു സമാധാനപൂർണമായ ജീവിതം പക്ഷേത് ദുരിത പൂർണ്ണമാവാൻ അധികനേരം വേണ്ടി വന്നില്ല.

അന്നു രാത്രി ഞാൻ ഒത്തിരി വൈകിയാണ്. റൂമിലേക്കെത്തിയത്. ഉടനെ തന്നെ ഉറങ്ങുകയും ചെയ്തു.നാട്ടിലേക്ക് വിളിച്ചില്ല.രാത്രി ഒരു 1.00 മണിയായപ്പോൾ ഒരു സ്ഫോടന ശബ്ദം എന്റെ കർണ്ണ പടലങ്ങളെ സ്തംഭിപ്പിച്ചു. ഞാൻ ഉറക്കത്തിൽ നിന്ന് ഞെട്ടിയുണർന്നു. ആകാംക്ഷയോടെ ജനലിലൂടെ പുറത്തേക്ക് നോക്കി. അഗ്നിഗോളങ്ങൾ ആകാശത്തു നിന്ന് ഭൂമിയിലേക്ക് പൊട്ടി വീഴുന്നു. ലോകാവസാനമാണോ എന്ന് കരുതിയ നിമിഷം!

ചാർജിംഗിനിട്ട ഫോൺ പോലും എടുക്കാതെ ഞാൻ മുറിയിൽ നിന്നും പുറത്തിറങ്ങി. മുറിയുടെ പുറത്തുള്ള കാഴ്ച അതിദയനീയമായിരുന്നു. മരണഭയത്താൽ മനുഷ്യരുടെ കരച്ചിൽ എന്റെ ചെവിയിൽ ആഞ്ഞടിച്ചു ഒരു കൊടുംകാറ്റുപോലെ.

എന്റെ ചുറ്റിലും പൂർണ്ണമായും മരിച്ചവരും പാതി മരിച്ചവരും ജീവനു തുല്യം സ്നേഹിച്ച കുടുംബങ്ങൾ നഷ്ടപ്പെട്ടവരുമായി ഏറെ മുഖങ്ങൾ. എന്തു ചെയ്യണമെന്നറിയാതെ വിറങ്ങലിച്ചു നിൽക്കുന്ന മനുഷ്യർ. അപ്പോഴും ദൈവം കൈവിടില്ല എന്നു ചിലർ, ദൈവം കൈയ്യൊഴിഞ്ഞു എന്നു മറ്റു ചിലർ. എന്താണു സംഭവിക്കുന്നതെന്നറിയാതെ എന്നെ പോലെ വേറെയും കുറച്ചുപേർ. പിന്നേയും തീഗോളങ്ങൾ ആകാശത്തുനിന്ന് താഴേക്കു പതിക്കുന്നു. കൂടെ ഏറെ യുദ്ധവിമാനങ്ങളും. അവിടെ നിന്നവർ പറഞ്ഞു, അത് നമ്മളെ രക്ഷിക്കുവാൻ വന്നവരാണ്. ഈ വിമാനങ്ങളുടെ കൂടെ തുടർച്ചയായ വെടിയൊച്ചകൾ കേൾക്കുവാൻ തുടങ്ങി.

എന്റെ കൂടെ ജോലി ചെയ്യുന്ന മലയാളി ദമ്പതികളാണ് അഭിയും അലീനയും. അവർ എന്റെ കൂടെയുണ്ടായിരുന്നു. വിമാനങ്ങൾ കണ്ടപ്പോൾ അഭി പറഞ്ഞു ഇവ നമ്മളെ രക്ഷിക്കാൻ വന്നവരല്ല

മറിച്ച് ദ്രോഹിക്കാൻ വന്നവരാണ്. അതെ ഇവർ ഇസ്രായേലിന്റെ കൊലയാളി വിമാനങ്ങളാണ്. വിമാനങ്ങൾ ഞങ്ങളുടെ നേരെ പാഞ്ഞടുത്തു. ഒഴിഞ്ഞുമാറാവുന്നിടത്തോളം മാറി. പാതി തകർന്ന കെട്ടിടങ്ങൾ, കൂടെയുള്ളവരെ അവിടെ പാർപ്പിച്ചു. അതിൽ കുട്ടികൾ, മുതിർന്നവർ, സ്ത്രീകൾ എന്നിങ്ങനെ പലരും

നേരം പരപരാ വെളുത്തു. തലേന്ന് സൂര്യനസ്തമിച്ചപ്പോൾ സമാധാനത്തിന്റേയും കരുണയുടേയും അടയാളമായ ഗാസ പിറ്റേ ദിവസം നേരം പുലർന്നപ്പോൾ ക്രൂരതയുടേയും മനുഷ്യകുരുതിയുടേയും അടയാളമായി.

എന്തിനാണ് യുദ്ധം നടക്കുന്നത് യുദ്ധം കൊണ്ട് എന്ത് ലഭിക്കാനാണ്.മാനുഷികതയുടേയും മനുഷ്യത്വത്തിന്റേയും എല്ലാ അതിർ മരുകളേയും ലംഘിക്കുന്നതാണ്ഇന്നോളം ഉണ്ടായിട്ടുള്ള എല്ലാ യുദ്ധവും.

ഗാസയുടെ തെരുവിൽ അനേകം അനാഥ കുഞ്ഞുങ്ങൾ തന്റെ മാതാപിതാക്കളെ തേടി നടക്കുന്നു. രക്ഷപെടാനുള്ള ഓട്ട പാച്ചിലിനിടയ്ക്ക് എപ്പോഴോ അലീനയ്ക്ക് അഭിയെ നഷ്ടപ്പെട്ടു. പക്ഷേ അവൾക്ക് നാലുമാസം പ്രായമുള്ള ഒരാൺകുഞ്ഞിനെ ലഭിച്ചു.ആ കുഞ്ഞിനെ രക്ഷിക്കുന്നതിനിടയിലാണ് അഭി അലീനയെ വിട്ടു പോയത്. ആക്രമണം തുടങ്ങി നാൽപ്പത്തിനാലാം മണിക്കൂറിൽ പാലസ്തീൻ സൈന്യം ഞങ്ങളെ രക്ഷിച്ചു.

പ്രാർത്ഥനയുടേയും വേദനയുടേയും ധീരതയുടേയും 44 മണിക്കൂർ. അവർ ഞങ്ങളെ ഗാസയിൽ നിന്നും മാറ്റി.മലയാളികളെ തിരിച്ച് കേരളത്തിലേക്ക് അയച്ചു. യുദ്ധമെന്ന മഹാമാരിയെ കീറിമുറിച്ച് നീലാകാശത്തിനു മീതേ ഞങ്ങൾ പറന്നുയർന്നു തിരികെ കേരളത്തിലേക്ക്.

ഓരോ യുദ്ധവും പൊട്ടിപ്പുറപ്പെടുമ്പോൾ ഇരു കൂട്ടർക്കും അവരുടേതായ കാരണങ്ങളും ന്യായീകരണങ്ങളും ഉണ്ടായിരുന്നു. എന്നാൽ അനേകം നിരപരാധികളുടെ ജീവിതം ഇല്ലാതാക്കിയാണ് അത് പര്യവസാനിക്കുന്നത്. ഹിരോഷിമയിലും നാഗസാക്കിയിലും വീണ അണുബോംബ് ലോകമനസാക്ഷിയെ ഇന്നും ഞെട്ടിച്ച ദുരന്തമാണ്. അതിന്റെ പ്രത്യാഘാതങ്ങൾ അവിടുത്തെ ഇന്നത്തെ തലമുറ ഇപ്പോഴും അനുഭവിക്കുന്നു.

'എന്തിനു വേണ്ടിയാണ് യുദ്ധം' എന്ന ചോദ്യത്തിന് ഇന്നും ഉത്തരമില്ല.രക്ത ചൊരിച്ചിലിലൂടെ ശാന്തിയുടെ തീരത്ത് എത്തുവാൻ ആർക്കും കഴിയില്ല.

ധർമ്മയുമെന്നു വിശേഷിപ്പിക്കുന്ന പാണ്ഡവ - കൗരവ യുദ്ധം അഥവാ കുരുക്ഷേത്രയും അതിനുദാഹരണമാണ്.

ലോകത്തിൽ ഇന്നേവരെ ഒരു യുദ്ധ വിജയമായിരുന്നില്ല. ഒരു യുദ്ധവും അവസാനിച്ചു എന്ന് നമുക്ക് തോന്നും.പക്ഷേ അത് മറ്റൊരു യുദ്ധത്തിന് കാരണമാകും. യുദ്ധം ഉണ്ടാക്കുന്ന സാമൂഹിക സാമ്പത്തിക പ്രശ്നങ്ങൾ തലമുറകളോളം തുടരും. അഭയാർത്ഥി പ്രവാഹം പോലുള്ള കാഴ്ചകൾ എന്നും നമ്മെ വേദനിപ്പിക്കും.

# ചിന്തകൾ

ലക്ഷ്മി. വി. രാധാകൃഷ്ണൻ,
ഭൗതികശാസ്ത്ര അധ്യാപിക



# നല്ല ചിന്തകൾ

ഒരു മനുഷ്യന്റെവ്യക്തിത്വത്തിന്റെ സാരാംശം അയാളുടെചിന്തകളാണ്

LM Child

സഹമനുഷ്യരോട് കാണിക്കാവുന്ന ഏറ്റവും വലിയ തെറ്റ് അവരെ വെറുക്കുക എന്നതല്ല. അവരോട് അനാസ്ഥ കാണിക്കുക എന്നതാണ് Bernard Shaw

മനുഷ്യർക്ക് കൈവശപ്പെടുത്താവുന്ന ഏറ്റവും വലിയ നിധി ജീവിതത്തിൽ ഒരു ലക്ഷ്യമുണ്ടാവുക എന്നതാണ്. RL Stevenson

ഓരോഅവകാശത്തോടുമൊപ്പം ഒരു ഉത്തരവാദിത്തമുണ്ട്. ഏതെങ്കിലും ഒരവസരത്തിൽ അവകാശം ചോദിക്കുന്നതിനുമുമ്പ് സ്വന്തം ഉത്തരവാദിത്തം നിർവ്വഹിച്ചിട്ടുണ്ടോന്ന് ആരെങ്കിലും അന്വേഷിച്ചെങ്കിൽ ലോകം എത്ര വ്യത്യസ്തമാകുമായിരുന്നു. Paul Sweeney

വിദ്യാഭ്യാസത്തിന്റെപ്രാഥമികഘടകങ്ങൾപുസ്തകങ്ങളേക്കാൾനിരീക്ഷണവുംവ്യക്തികളേക്കാൾ അനുഭവവും ആകുന്നു A B Alcott

സ്വഭാവഗുണവുംപരോപകാരതൃഷ്ണയും സിംഹത്തിന്റെ ധൈര്യവും പ്രദാനം ചെയ്യേണ്ട ഒന്നാണ് വിദ്യാഭ്യാസം Swami Vivekananda

നമ്മുക്ക് എന്താണ് വേണ്ടത് എന്ന് വ്യക്തമായി മനസ്സിലാക്കാതെ അത് നേടുവാൻ ശ്രമിക്കുന്നതാണ് നമ്മുടെ എല്ലാം അസന്തോഷത്തിന്റെ മുഖ്യനിദാനം Don Herald

കുഞ്ഞുങ്ങൾക്ക് രണ്ട്പൈതൃകങ്ങൾ പകർന്നു കൊടുക്കാൻ ശ്രദ്ധിക്കുക 1. ഉറച്ചു നിൽക്കാനുള്ള വേരുകൾ 2. പറന്നുയരാനുള്ള ചിറകുകൾ H Karter

ജീവിക്കുന്ന സ്ഥലത്തിൽ അഭിമാനം കൊള്ളുന്ന ആളെയാണ് എനിക്കിഷ്ടം അങ്ങനെയാവുമ്പോൾ അയാൾ അവിടെ ജീവിച്ചതിൽ ആ സ്ഥലവും സ്ഥലവാസികളും അഭിമാനമുള്ളവർ ആയിരിക്കും.

Abraham Lincoln

നിങ്ങളുടെ സമയം എങ്ങനെ ചെലവഴിക്കുന്നു എന്നതാണ് പണം എങ്ങനെ ചെലവഴിക്കുന്നു കന്നതിനേക്കാൾ പ്രധാനം. Emerson



**കവിത**

ഭാവന വിശ്വം, H2

# Winged Victory of Samothrace

Frozen by time
She stood before the crowd

With no head in place
Another soul marbleized by fate,

Her eyes non-existent
Spoke no truthabout her antique lore

Still her soullingersin air
Telling the truth about her scattered past.

കഥ

ഫാത്തിമ സഹ്റ,S1B



# गर्मी का मौसम

गर्मियों का महीना था। स्कूल में छुट्टियाँ चल रहा था। छुट्टियों में मै ने अपने परिवार से मिलकर घुम ने का निश्चय किया।
हमने तय किया कि छुट्टियों में शिमला जाएं । मैं और बहिन शिमला जाने के लिएबहुत उत्सुक थे। हम सभी लोग पार्किं ग के बाद एयर पोर्ट निकले । जब हमएयरपोर्ट पहुंचे . तब हमारी खुशी का टिकाना नहीं था।

हमलोग हवाई जहाज में जाकर बैठे और उस के उडने की प्रतीक्षा कर रहे थे। तभीमुझे कुछ ठीक नहीं लगा। मुझे एक सपना सा आया कि यह हवाई जहाज में कि सीनेबम रखा गया है। फिर मैं ने सोचा कि यह तो बस सपना मात्र है । लेकिन मेरा मनयह स्वीकार ने को तैयार नहीं था । मैंने अपने पापा से बताया कि मैं कुछठीक नहीं लग रहा था और मैंने उनका कारण भी बताया । शायद हमारे आसपास के लोग . भी यह सुनकर बहुत घबरा गये होंगे । तभी मुझे चक्कर आने लगा और मैं अचानकबेहोश होकर गिर गया। मुझे हवाई जहाज से बाहर ले गया और पापा ने निर्णयलिया किहम शिमला नहीं जाएँगे और यह सुनकर मुझे बहुत दुःख भी हुआ । परंतुमन को एक सुकून भी मिला ।

मेरी बात सुनकर जो लोगडर गये थे उन्होंने भी उस हवाई जहाज से बाहर निकलने का निर्णय लिया । उसके बाद हम घर चले गये और सब लोग मुझसे बहुत नाराज भी थे। तब पापा ने जाकरटी वी में खबरें सुन ने लगा । जब हम खबरें सुन रहे थे तो सभी चौंक गये ।एकदम मैं हैरान हो गया । सबसे बडा खबर यह आ रहा था कि जिस हवाई जहाज में हमजाने वाले थे उस में बम रखा गया था और सभी यात्री मर गये । हम सब रोने लगे। साथ ही साथ एक सुकून भी आ या कि हम उस हवाई जहाज में नहीं थे। उसके बादहम सब एक दूसरे का गला लगाया । माँबाप ने मुझे धन्यवाद दिया।

इस से हमें यह सीख मिलता है कि कभी कभी छोटों के मन में भी भगवान कुछ सपना दिखाते हैं और वह सपना सही भी हो सकते हैं।



# ഗണിതം

നീനു അനിരുദ്ധ്. ബി,
ഗണിത ശാസ്ത്ര അദ്ധ്യാപിക

# The Man Who Knew Infinity...

The mathematical genius Srinivasa Ramanujan

Suddenly the entire world started talking about this Indian man almost a century after his death...Do you know why? Apparently the scientists figured out that the mysterious formula written by this man on his deathbed a hundred years ago now explains the behaviour of black holes.The surprising part is the very concept of black holes didn't even exist at that time, but this man figured out the formulas of it. How was it possible?



In 2012, American mathematician, Ken One came up with a ground breaking mathematical formula to study black holes in an entirely new way, and you know how he figured it out. Just by studying a single paragraph written by this mathematician almost a hundred years ago while lying on his deathbed. It's none other than Srinivasa Ramanujan Iyengar, the man who knew the Infinity.

Being born in Tamilnadu, he grew up in an extremely poor family, where even getting food on a daily basis was a struggle. But that didn't stop him from exploring mathematics. The numbers fascinated him. He was obsessed with mathematics. At the young age of 15, he started developing mathematical theories and solving advanced problems of Trigonometry, cubic equations and quartic functions of algebra. But there was one particular book he came across that changed his life for good, that is “Synopsis of Elementary Results in Pure and Applied Mathematics” by G. S. Carr. This book had around 5000 theorems mostly without logical validation. He was completely self taught. So just like that book he started producing theorems based on his feelings rather than giving logical validation. Because of the limited access to the outside world he was not aware of the theorems which were already established in the

mathematical community. So when he was in school, he discovered Bernoulli numbers completely on his own without any influence from the outside world and the people around him in that small town couldn't even understand what this young boy was doing. Ramanujan obviously did well in school so he got a scholarship to join a government college.

He was completely possessed by mathematics so he neglected all other subjects and terribly failed in them, so his scholarship got cancelled and he couldn't continue his studies further. For the next few years, Ramanujan tried his best to get into a college but he couldn't. So he kept working on his mathematical ideas completely on his own and started sharing the problems and solutions in the journal of Indian Mathematical Society, even though he did not have a College degree people started to recognise him as a mathematical genius. At the age of 21, Ramanujan married and he had to take up a job to support the family. Soon his health started deteriorating and he was badly needed to get a surgery, which he could not afford in any way.So he continued to live with that condition until one surgeon offered to do the surgery for free. That's how poor he was. Once recovered he began to write letters to a lot of British mathematicians sharing his work. But most of them rejected it, the year we are talking about is 1913, India was still under the control of the British government. Even if you are a mathematical genius, sadly you need Western approval. Look how far we have come today. It's been 77 since we got independence and most of the top tech companies in the world are now been led by Indian minds,let it be Sundar Pichai of Google, Satya Nathella of Microsoft,Lakshman Narasimhan of Starbucks or Neel Mohan of YouTube Indian minds are ruling the world now.

While all the Britishers ignored Ramanujan’s letters one man was amazed ,G S Hardy. Initially he also thought that Ramanujan could be a fraud.Even though he already knew some of the theories,others he could not even understand and it was and it was so shocking that he thought it must be correct because no one would have the imagination to invent them.That's how ground breaking those formulas of Ramanujan where so hardly immediately wrote back to Ramanujan “I was exceeding interested by your letter and by the theorems which you state you will however understand that before I can judge your properly of the value of what you have done, it is essential that I should see proofs of sum of your assertions”he asked Ramanujan to come to Cambridge and prove his theorems.

At first Ramanujan refused to come,but Hardy was not ready to give up. At last Ramanujan agreed.What Ramanujan early sent to hardly where just few samples of his work.When he showed the rest of his book in person Hardy was blown away by what Ramanujan has done.This man was discovering theorems and its solutions,without even knowing the concept of what was he writing. He was writing formulas and solving it.But he did not have any proof.He himself didn't even know how he got those ideas.But he was very confident that his theorems were correct.Strange right! When people asked how he knew this theory? He simply said,his Devi ,his kuladeivam,Namagiri thaayar gave it to him. Yes, that's what he said and was very stubborn about it. But obviously the British mathematicians were not ready to buy this during his 5 years stay in England.He really had a rough time,being a pure vegetarian and someone with health issues, he could not adjust to the food and whether of England.His health started deteriorating so rapidly that he spent most of the days in hospital and it was not just physical health that was collapsing,he was mentally depressed as well.




Even in this difficult conditions he never gave up on mathematics.Once Hardy took a taxi to visit Ramanujan who was in the hospital the taxi number was 1729,which Hardy thought a dull number. Ramanujan spontaneously said 1729 is the smallest number that can be stated as the sum of 2 cubes in different ways. Since then 1729 is known as the Ramanujan number. He did accomplish a lot during his stay in England.He graduated from Cambridge University with Bachelor of Arts and Research which is later called as PhD. He was elected as the fellow of Cambridge philosophical society and Royal society and finally the fellow of Trinity College Cambridge and he was the first Indian to get in this fellowship. G H Hardy wrote in a letter about Ramanujan "He will return to India with a scientific standing and reputation such as no Indian has enjoyed before and I am confident that India will regard him as the treasure he is" At the same time, his health was getting worse day by day.With the hope of getting better he returned back to India in 1919, but it never got better and he died within a year.On his deathbed, he was just pouring out mathematical formulas which again, he had no idea of what does formulas meant.And one of those formulas turn out to be explaining the behaviour of black holes and many of the till reminds a mystery.

As of now he made significant contributions to mathematical fields such as complex analysis, number theory, mathematical analysis, infinite series, continued fraction,game theory,mock theta function, circle method, hypergeometric series, the Riemann series, the elliptic integrals, the theory of divergent series, functional equations of Zeta function and the list goes on, while still lot of his formulas are yet to be proved. There was no internet or computer at that time. All he had was one book. Imagine what kind of genius he must have been Srinivasa Ramanujan in the man who lived a short life of 32 years. Most of the time starving and faced enormous obstacles throughout his life but he never gave up on his dream, his thriving force that is mathematics.And it is really overwhelming to see him getting all the appreciation he truly dissolves at least after a century.




In 2011,on the 125th anniversary of his birth, the Indian government declared that 22nd December will be celebrated every year as National Mathematics Day. Just like Ramanujan, India gave birth to many brilliant minds like Aryabhatta, Panini, J C Bose, C V Raman and countless others.The more we dig into the history, the more amazing it will be.



## കവിത നിരൂപണം

അനുപ്രിയ എസ്, H1

# മാമ്പഴം

ഗ്രാമജീവിതത്തിന്റെ നന്മ വഴികളിലൂടെ ജീവിത യാഥാർത്ഥ്യങ്ങളെ ചിത്രീകരിച്ച പ്രശസ്തനായ കവിയാണ് വൈലോപ്പിള്ളി ശ്രീധരമേനോൻ. ഗ്രാമീണ ജീവിതത്തെ ഇത്ര മനോഹരമായി മലയാളികൾക്ക് പരിചയപ്പെടുത്തിയ കവി ഇല്ലെന്ന് പറയാം. വൈലോപ്പിള്ളിയെക്കുറിച്ചോർക്കുമ്പോൾ ആദ്യം നമ്മുടെ മനസ്സിൽ ഓടിയെത്തുന്നത് 'മാമ്പഴം' എന്ന കവിതയിലെ വരികളാണ്. കവിത അവസാനിക്കുമ്പോഴേക്കും അതിന്റെ അന്തസത്ത ദുഃഖപരിയവസായിയായ ഒരു കഥ വായിച്ച പ്രതീതി ഉണ്ടാകും. വാത്സ്യല്യനിധിയായ മകന്റെ വേർപാടിന്റെ വേദനയിൽ ഒരു മാതാവിന്റെ ഹൃദയഭേതകമായ തേങ്ങലുകളാണ് നിഴലിക്കന്നത്. വീട്ടുമുറ്റത്ത് തൈമാവിന്റെ ഹൃദയ ഭേദകമായ തേങ്ങലുകളാണ് നിഴലിക്കുന്നത്. വീട്ടുമുറ്റത്ത് തൈമാവിൽ നിന്നും ആദ്യത്തെ മാമ്പഴം വീഴുന്നത് കാണുന്ന അമ്മ നാലു മാസം മുൻപ് ആ മാവ് പൂത്തുതുടങ്ങിയപ്പോൾ തന്റെ മകനൊരു പൂങ്കുല പൊട്ടിച്ചെടുത്തതും താൻ ശകാരിച്ചതും ഓർക്കുന്നു.

"മാങ്കനി വീഴുന്നേരം ഓടിചെന്ന് എടുക്കേണ്ടോൻ, പൂങ്കുല തല്ലുന്നതു തല്ലുകൊള്ളാഞ്ഞിട്ടല്ലെ" എന്ന അമ്മയുടെ ശകാരം കുഞ്ഞിനെ സങ്കടപ്പെടുത്തുകയും കളങ്കമേൽക്കാത്ത അവന്റെ കണ്ണിനെ കണ്ണുനീർ തടാകമാക്കുകയും ചെയ്തിരുന്നു. മാങ്കനി പറിക്കു വാൻ താൻ വരുന്നില്ല എന്ന് പറഞ്ഞ് പൂങ്കുല വെറും മണ്ണിലെറിഞ്ഞു കളഞ്ഞു കുട്ടി. മാമ്പഴക്കാലത്തിനു മുൻപേ മരിച്ചു പോയി. കൊച്ചു കുട്ടികൾക്ക് അക്ഷരം കൂട്ടി ചൊല്ലുവാൻ ആ കാറായില്ലെങ്കിലും അവർ പറയുന്നത് അർത്ഥപൂർണ്ണമാകുന്നു. നിഷ്കളങ്കതയാണ് അവർക്ക് പ്രവചനാശക്തി നൽകുന്നത്. മാമ്പഴം പെറുക്കാൻ കുട്ടി വരുന്നില്ല എന്ന് പറഞ്ഞ വാക്കുകൾ ദീർഘദർശനമായി പരിണമിച്ചു.

കുഞ്ഞിനോടുള്ള സ്നേഹവും കുഞ്ഞിനെന്തെങ്കിലും ദണ്ഡം പിണയുമ്പോൾ അസ്വസ്തവും അധീരവും ആകുന്ന അമ്മയുടെ ദുഃഖവും മാമ്പഴം എന്ന കവിതയിൽ ഉടനീളം കാണാം. കൊച്ചു മക്കൾ കൗതുകവശാൽ കാണിച്ച കുസൃതി രസിക്കാത്ത അമ്മ അവനെ ശാസിച്ചെങ്കിലും പിന്നീട് മകന്റെ പെട്ടെന്നുള്ള മരണവും അമ്മയെ തീരാദു:ഖത്തിലാഴ്ത്തുന്നു.

സാധാരണ ഈ സംഭവത്തെ അസാധാരണമായ ഒരു വികാരമാക്കിവൈലപ്പിള്ളി മാറിയിരിക്കുന്നു. അതോടൊപ്പം അമ്മയ കുഞ്ഞും തമ്മിലുള്ള ശാശ്വതമായ ബന്ധത്തിന് ഊന്നൽ നൽകുകയും ചെയ്യുന്നു.

അങ്കണത്തൈമാവിൽ നിന്ന് ആദ്യത്തെ മാമ്പഴം വീഴുമ്പോൾ സാധാരണഗതിയിൽ അമ്മ സന്തോഷിക്കുന്നതിനു പകരം അമ്മ കണ്ണുനീരൊഴുക്കുകയാണ്. എന്നാൽ ഈ വൈരുധ്യവും അതിന്റെ പിന്നിൽ ഗൗരവപൂർണ്ണവും ധാരുണവുമായ എന്തോ ഉണ്ടെന്ന പേരിൽ നിന്നുള്ള ജിജ്ഞാസയും തുടക്കം മുതലേ കവിതയിൽ കാണുന്നു. അമ്മയുടെ കണ്ണീരിനെ നിഷ്ഫലമാക്കുന്ന ദൈന്യത്തെ വർധിപ്പിക്കുന്ന വൈരുധ്യങ്ങൾ കാവ്യത്തിൽ ഉടനീളം കാണാം. കുറ്റബോധം കൊണ്ട് വീർപ്പുമുട്ടി അമ്മ കഴിയുമ്പോൾ പാരിനെകുറിച്ച് ഉദാസീനനായി മാനവർക്കാരോമലായി മകൻ വാഴുന്നു. ആർക്കും വേണ്ടാതെ മുറ്റത്തു കിടകുന്ന മാമ്പഴത്തിന് മുന്നിൽ സ്തബ്ധയായി നിൽക്കുന്ന അമ്മയുടെ ചിത്രത്തിന് സമാന്തരമായി മാവിൻ ചോട്ടിൽ കളിവീടുണ്ടാക്കുന്ന അയൽ വീട്ടിലെ കൊച്ചു കുട്ടിയെ കവി അവതരിപ്പിക്കുന്നു.

"അങ്കണ തൈമാവിൽ നിന്ന് ആദ്യത്തെ പഴം വീഴെ അമ്മതൻ നേത്രത്തിൽ നിന്നു തീർന്ന കണ്ണുനീർ" എന്നു തുടങ്ങി "ഒരു തൈ കുളിർക്കാറയരികത്തണഞ്ഞപ്പോൾ അരുമക്കുഞ്ഞിൽ പ്രാണൻ അമ്മയെ ആശ്ലേഷിച്ചു ' എന്നു വരെയുള്ള വരികളിൽ കൂടി മാതൃത്വത്തിന്റെ മഹനീയതയും ശൈശവത്തിന്റെ നിഷ്കളങ്കതയും വൈലോപ്പിള്ളി ആവിഷ്കരിച്ചിരിക്കുന്നു. തൈക്കുളിർ കാറ്റായി മകന്റെ പ്രാണൻ അമ്മയെ ആശ്ലേഷിയുന്നു എന്ന് പരാമർശനത്തിലൂടെ മരണത്തിനു പോലും വേർപെടുത്താനാവാ ആതാണ് മാതൃപുത്രബന്ധമെന്നുള്ള തന്റെ വിശ്വാസം വൈലോപ്പിള്ളി വ്യക്തമാക്കുന്നു. പിന്നങ്ങി പോയാലും പിന്നെ വിളിക്കുമ്പോൾ കുണുങ്ങി കുണുങ്ങി ഉണ്ണാൻ വരുന്ന മകന്റെ രൂപം അമ്മ ഓർക്കുന്നുണ്ട്. അമ്മയുടെ വാത്സല്യത്തിന്റേയും ചൂട് കവിതയിലൂടെ നിലനിർത്താൻ മാമ്പഴത്തിന് കഴിഞ്ഞിട്ടുണ്ട്.

ആർ.ലേഖ,
മലയാളം അധ്യാപിക



# ദശപുഷ്പങ്ങൾ

ദക്ഷിണഭാരതത്തിലെശൈവരുടെ വിശേഷദിവസമായ ധനുമാസത്തിലെ തിരുവാതിര നാളിൽ സ്ത്രീകൾ ആചാരപ്രകാരം ദശപുഷ്പങ്ങൾ ചൂടാറുണ്ട്.ഔഷധമായി ഉപയോഗിക്കുന്ന 10 കേരളീയ നാട്ടു ചെടികളാണ് ദശപുഷ്പങ്ങൾ. പൂക്കൾ എന്നാണ് പറയുന്നതെങ്കിലും ഇവയുടെ ഇലകൾക്കാണു പ്രാധാന്യം. കേരളത്തിലെ തൊടികളിലെങ്ങും കാണുന്ന ഈ പത്ത് സസ്യങ്ങൾക്കും നാട്ടുവൈദ്യത്തിലും ആയുർവേദ ചികിത്സയിലും വളരെ പ്രാധാന്യമുണ്ട്. ഇവയെല്ലാം മംഗളകാരികളായ ചെടികൾ ആണെന്നാണ് വിശ്വാസം.

ആദി കറുകക്ക് ദേവകളും വമ്പിച്ച ബ്രഹ്മാവ് തന്നെയല്ലോ
പിന്നെ ചെറൂളക്ക് നല്ല യമൻ ആകുന്നതല്ലോ ദേവകളും

മൂന്നു വിഷ്ണുക്രാന്തി പൂവതിന് മൂർത്തി മഹാവിഷ്ണുലോകനാഥൻ
നാലതിൽ പൂവാം കുരുന്നിലയ്ക്ക് ബാല ശശിമുഖി ശ്രീപാർവ്വതി

അഞ്ചതിൽ മോക്ഷമിക്കുള്ള ദേവൻ പഞ്ചബാണാരി മഹാശിവൻ താൻ
ആറാകും മുക്കുറ്റി പൂവതിന് പാർവതി ദേവി ഭഗവതിയായ്

ഏഴാകും കയ്യുണ്ണിക്കുള്ള ദേവൻ ഏഴാംബുധീനാഥനാം വരുണൻ
എട്ടാകും നല്ല നിലപ്പനയ്ക്ക് കേട്ടാലും നല്ലൊരു കാമദേവൻ

ഒമ്പതിൽ നല്ലോരു ഴിഞ്ഞക്കിപ്പോൾ അൻപോടറിഞ്ഞാലുമിന്ദ്രൻ താനും
പത്തിൽ തിരുതാളി പൂവതിന് മൂർത്തിമാനച്യുതൻ ഉണ്ണികൃഷ്ണൻ

ആദി തുടങ്ങി ക്രമത്തിൽ വച്ച് ആദരവോടൊരു മാലകെട്ടി
ആദീലെടുപ്പതുകൂടെ ചൂടി ആവോള മന്ത്രജപം കഴിച്ചു
മംഗല സ്ത്രീകൾക്ക് മംഗല്യം നൽകുവാൻ മങ്കമാരാദരാൽ കൈപിടിച്ചു.
പന്തടിപ്പാട്ടുകൾ പോലെ പാടി. ചന്തത്തിൽ നിന്നു കുരവിയിട്ടു.

## കറുക

ദശപുഷ്പങ്ങളിൽ ആദ്യത്തേത് കറുകയാണ്. അന്തരീക്ഷ ശുദ്ധിക്കും കറുക ഉത്തമമാണ്.നിലംപറ്റി വളരുന്ന ഈ ചെടി പൊവേസി സസ്യകുടുംബത്തിലുള്ളതാണ്. ആയുർവേദത്തിൽ ഔഷധമായും ഹൈന്ദവ ആചാരങ്ങളിൽ പൂജയ്ക്കായും കറുക ഉപയോഗിച്ചു വരുന്നു.

## ചെറൂള

ദശപുഷ്പങ്ങളിൽ രണ്ടാമത്തേത് ചെറൂളയാണ് യമധർമ്മനാണ് ദേവത.
ശരീരത്തിലെ വിഷാംശങ്ങൾ പുറത്തു കളയുന്നതിനും വൃക്കരോഗങ്ങൾ തടയുന്നതിനും ഫലപ്രദമായ ചെറൂള രക്തസ്രാവം, കൃമിശല്യം , മൂത്രാശയ കല്ല് എന്നീ രോഗങ്ങൾക്കും ഉത്തമം .മൂത്രാശയ രോഗങ്ങൾക്ക് ഏറ്റവും ഫലപ്രദമായ മരുന്നായി ഉപയോഗിക്കുന്നു.ഹിന്ദു ആചാരപ്രകാരം ബലിക്രിയകൾക്ക് ചെറൂള ഉപയോഗിക്കാറുണ്ട്.

## വിഷ്ണുക്രാന്തി

ദശപുഷ്പങ്ങളിൽ മൂന്നാമത്തെതാണ് വിഷ്ണുക്രാന്തി. മഹാവിഷ്ണുവാണ് ദേവത.ഉഷ്ണ മേഖല പ്രദേശങ്ങളിൽ ജലനിരപ്പിൽ നിന്നും 1600 മീറ്റർ വരെ ഉയരെയുള്ള വെള്ളക്കെട്ട് ഇല്ലാത്ത പ്രദേശങ്ങളിൽ ആണ്ടോടാണ്ട് വളരുന്ന സസ്യമാണിത്.ഇതിന്റെ പൂക്കൾ നീല നിറത്തിൽ കാണുന്നു. വിഷ്ണുക്രാന്തി ആരാധനയ്ക്ക് ഉപയോഗിക്കുന്നു.വേദകാലഘട്ടത്തിൽ വിഷ്ണുക്രാന്തി ഗർഭധാരണശേഷി വർദ്ധിപ്പിക്കുന്ന ഔഷധമായി ഉപയോഗിച്ചിരുന്നു.

## പൂവാംകുറുന്തൽ

ദശപുഷ്പങ്ങളിൽ നാലാമത്തേതാണ് പൂവാം കുരുന്നില ശ്രീപാർവതിയാണ് ദേവത ശരീര താപം കുറയ്ക്കാനും മൂത്രപ്രവാഹം സുഗമമാക്കാനും വിഷം കളയുന്നതിനും രക്തശുദ്ധിക്കും ഔഷധമായി ഉപയോഗിക്കുന്നു. സംസ്കൃതത്തിൽ സഹദേവി എന്നാണ് ഇത് അറിയപ്പെടുന്നത്. നാട്ടുവൈദ്യത്തിലും ആയുർവേദ ചികിത്സയിലും വളരെ പ്രാധാന്യമുള്ള ദശപുഷ്പങ്ങളിൽ ഒന്നാണ് ഇത്.

## മുയൽച്ചെവിയൻ

ദശപുഷ്പങ്ങളിൽ അഞ്ചാമത്തേതാണ്. മുയൽച്ചെവിയൻ അഥവാ മോക്ഷമി. ശിവനാണ് ദേവത.ഇലകൾക്ക് മുയലിന്റെ ചെവിയോട് സാദൃശ്യമുള്ളതിനാലാണ് ഈ പേര് ലഭിച്ചത്. ശശശ്രുതി എന്നാണ് സംസ്കൃതത്തിൽ ഇതിൻറെ പേര്.ആരും നട്ടുവളർത്തുകയോ പരിഗണിക്കുകയോ ചെയ്യാറില്ലെങ്കിലും സമൂലം ഔഷധമാണ് മുയൽച്ചെവിയൻ.തൊണ്ട സംബന്ധമായ സർവ രോഗങ്ങൾക്കും അർശ്ശസിനും മുയൽച്ചെവിയൻ ആശ്വാസം നല്കുന്നു.

## മുക്കുറ്റി

ദശപുഷ്പങ്ങളിൽ ആറാമത്തേതാണ് മുക്കുറ്റി.പാർവതി ദേവിയാണ് ദേവത.കേരളത്തിലെ പാതയോരങ്ങളിലും പറമ്പുകളിലും തണലുള്ള പ്രദേശങ്ങളിലും മുക്കുറ്റി ധാരാളം കാണാറുണ്ട് .കവികളും എഴുത്തുകാരും മുക്കുറ്റിയെ കേരളീയ ഗ്രാമീണ സൗഭാഗ്യങ്ങളുടെ രൂപകമായി കണക്കാക്കാറുണ്ട് . തൊട്ടാവാടിയുടെ അത്ര വേഗത്തിൽ അല്ലെങ്കിലും തൊടുമ്പോൾ ഇലകൾ വാടുന്ന സ്വഭാവം മുക്കുറ്റിക്കുണ്ട്.പ്രമേഹത്തിനും തലവേദനയ്ക്കും മുക്കുറ്റി ഔഷധമാണ്.

## കയ്യോന്നി

ദശപുഷ്പങ്ങളിൽ ഏഴാമത്തെതാണ് കയ്യോന്നി. വരുണനാണ് ദേവൻ.കേശരാജൻ എന്നാണ് സംസ്കൃതത്തിൽ അതിനെ വിശേഷിപ്പിക്കുന്നത്.കേശസംരക്ഷണത്തിന് ഇതിനുള്ള അസാധാരണ ഗുണവിശേഷം കണക്കിലെടുത്താണ് അങ്ങനെ വിളിക്കുന്നത്

## നിലപ്പന

ദശപുഷ്പങ്ങളിൽ എട്ടാമത്തേത് നിലപ്പനയാണ്.പനയുടെ രൂപത്തിലുള്ള ഒരു ചെറിയ പുൽച്ചെടിയാണിത്. കറുത്ത മുസ് ലിഎന്നും അറിയപ്പെടുന്നു. മഞ്ഞപ്പിത്തത്തിനുള്ള കൺകണ്ട ഔഷധമാണ് നിലപ്പന.

താലമൂലി, താലപത്രിക,വരാഗി എന്നീ പേരുകളിൽ സംസ്കൃതത്തിൽ അറിയപ്പെടുന്ന ഈ സസ്യത്തിന് ഹിന്ദിയിൽ മുസ്‌ലി എന് പേര്.

## ഉഴിഞ്ഞ

ദശപുഷ്പങ്ങളിൽ ഒമ്പതാമത്തേത് ഒഴിഞ്ഞയാണ്. ഇന്ദ്രനാണ് ദേവത. ഇന്ദ്രവല്ലി എന്നും പാലരുവമെന്നും അറിയപ്പെടുന്നു. ഒരു വാർഷിക സസ്യം. വെള്ള പൂക്കളും കായും വിത്തുമുണ്ട്. മൂന്നായി വിഭജിക്കപ്പെട്ടിട്ടുള്ള ഇലകളാണ് ഇതിനുള്ളത്. സന്ധി വീക്കം, വാതം, നേത്രരോഗങ്ങൾ ആർത്തവ സംബന്ധമായ പ്രശ്നങ്ങൾ എന്നിവയ്ക്ക് ഒഴിഞ്ഞ ഫലപ്രദമാണ് . തലമുടിക്ക് താളിയായും ഉപയോഗിക്കാം.

## തിരുതാളി

ദശപുഷ്പങ്ങളിൽ പത്താമത്തേതായി കരുതപ്പെടുന്നത് തിരുതാളിയാണ്. സ്ത്രീ വന്ധ്യതയ്ക്കും ഗർഭപാത്ര സംബന്ധമായ അസുഖങ്ങൾക്കും തിരുതാളി അത്യുത്തമം. ത്വക് രോഗങ്ങൾ പിത്തം എന്നിവയ്ക്ക് തിരുതാളി മരുന്നാണ്.സംസ്കൃതത്തിൽ ലക്ഷ്മണ എന്ന പേരുകൂടാതെനാഗപുത്രി, നാഗിനി , പുത്രഗന്ധ എന്നീ പേരുകളുമുണ്ട് .ഇല്ലംനിറ എന്ന ചടങ്ങിൽ തിരുതാളിയും ഉഴിഞ്ഞയും കതിർക്കുല കെട്ടുന്നതിന് ഉപയോഗിക്കാറുണ്ട്.

## കവിത

ഷിദ. എ. വാഹിദ്, S1A

# മഴയും മനസ്സും

കോരിച്ചൊരിയുന്ന മഴയോടൊപ്പം
മനസ്സും കരഞ്ഞു, മൂടുന്ന മഞ്ഞിലും
ഞാൻ നിന്നെ തിരഞ്ഞു....
ഏകാന്തതയിൽ മറഞ്ഞിരിക്കുന്ന
അദൃശ്യരൂപമേ നീയിന്നും എന്നെ നോവിക്കുന്നുവോ
വിദൂരതയിൽ
എങ്ങോ മാഞ്ഞുപോയ സഖി..
നിന്നോളം ഒരു വസന്തവും
എന്നിൽ പൂക്കാനില്ല
ഒരിക്കൽ മഴയായി നിൻറെ കണ്ണിൽ പെയ്തത്
ഇന്ന് വസന്തമായി നിന്റെ ചുണ്ടിൽ വിരിയുന്നു.

## കവിത

നിള കുഞ്ഞുമോൻ , S2B

# അമ്മ

കുഞ്ഞു പല്ലുകൾ മൊട്ടിട്ട നേരം
തേനൂറും പുഞ്ചിരിയാൽ
ഓടിയെത്തിയ അമ്മ
മാറോടു ചേർത്ത കാലം
കാറ്റിലോടി നീങ്ങുന്നു.
നദി പോലൊഴുകുന്ന കാലം..
ഏകയായ്
വിതുമ്പുന്നു ബാല്യം.
സൂര്യരശ്മിയായി ജീവനെ ചുംബിച്ചുണർത്തുന്ന
പൊന്നുസന്ധ്യയാണമ്മ.



# രണ്ടു കവിതകൾ

കസ്തൂരി, S2A

## അവൾക്കായ്

മറ്റുള്ളവർക്കായി സ്വയം കത്തിയെരിഞ്ഞ വെളിച്ചം
കരുതലിന്റെ കാവൽ
വാത്സല്യ വലയം
മാതൃത്വം !
അച്ഛൻറെ പുണ്യം,
അമ്മതൻ പാതി,
അരുമകൾക്കൊക്കെയുംചക്കരയുമ്മ.
ചിറകു നീർത്തി പറക്കുന്ന സ്വപ്നങ്ങൾ.
സ്വാതന്ത്ര്യത്തിന്റെ ആകാശത്തിൽ
വിഷാദ പറവകൾ.
തീക്കനലായി പാതകൾ.
കരിന്തിരി കത്തിയെരിഞ്ഞ തിരികൾ.
വഴിവിളക്കുമായ്
വെളിച്ചം എത്തുന്നതോർത്ത്.

## കാലം

ആർദ്രമാം പൂവിൻറെ പുഞ്ചിരിയിൽ
പുണ്യമായ് നീയിന്നൊളിഞ്ഞിരിപ്പു
ഭ്രാന്തിയാം പുഴ പോലെ ഒഴുകുന്ന കാലത്തിൽ
അറിയുന്നു ഞാൻ നിന്നെ ......
മറവിതൻ മുറിവില്ലാ വാക്കിൻറെ തന്ത്രിയിൽ
പെയ്യുന്ന മേഘമായ് കരയെ പുണരവേ ,
ആളുന്ന തീയായ്
ആഴിത്തലപ്പിലും
കാളുന്ന ചിന്തയായ്
കാലമേ സാക്ഷി നീ.

# OUR STAFF



# ഹയർ സെക്കന്ററി പുതിയ കെട്ടിടത്തിന്റെ ശിലാസ്ഥാപനം









# Plus Two Batches






# Plus Two Batches






# Plus One Batches





# അദ്ധ്യാപകദിനം











**കവിത**

വിദ്യ എസ്,
ഇംഗ്ലീഷ് അധ്യാപിക



## A Green Lament

I was a tree.

The word 'tree' has many meanings. Some made me shade, some made me shelter, some food and others firewood. But how happy I was! All could be happy because of me. And it made me happy too. In the sun, in the rain and in the moonlight, my friends were many. All needed me for making nests, for taking rest, for playing and for chatting. Since I didn't have anyone, I was only happy to be a part of others' joy.

Now I am alone. Not a single bird is with me. I am alone unable to bear the weight of the withered branches. Where are those chatters? Only the loud laughter of the JCBs could be heard. With trembling withered branches, I am standing alone on the verge of death. My friends are all gone! The authorities who feel me an unpleasant sight near the beautiful concrete buildings have ordered to kill me. They want to cut down all the trees and make roads there. I agree. Let them do it. Even if I am gone, they can't live without growing another tree. They will plant a tree where they kill me. If I have another birth, I wish to be a huge tree providing shade among the tender grass on this beautiful earth.

The noise of a JCB is getting nearer and nearer. I am leaving with a smiling face. Let us meet again someday...

## It's Raining...

It's raining somewhere... The cold breeze flew saying rain is wildly dancing on the hills.

"Why doens't the rain come here to quench the thirst of the dry earth?", grieved the one-legged crow to the breeze.

The breeze, he listens to nothing. He simply says whatever comes to his mind and leaves. He says it is his duty; he only knows that. He never listens.

Seeing the gloomy crow, I said 'it seems there will be rain today'. She opened the eyes and looked up to the sky.

'She is a fool to look at the blistering sun and say there will be rain', the crow laughed forgetting her sorrow. The sun grew more and more intense.

I pretended I didn't see the crow peeping in to the bucket near the well. I went there, drew a bucket of water and put it aside. This summer affects everyone, not just humans. Birds and animals are also suffering.

So God may give the rains. The breeze chuckled and wheeled like an eagle. There is some mystery in his arrival. But this time he came very earlier than usual and is saying something loudly. But the crow is not here to listen to him.

He will speak even if nobody is there to listen. The odour of the earth is spreading as the night falls. The crow is sitting in the tree in the yard. The trumpet of the wind sounds and he is frightened.

All of a sudden it starts raining heavily...

## പ്രശ്നോത്തരി

ആദില എസ്, VII A

# IT QUIZ

1) Which one is the first search engine in Internet?

**Ans:- Archie**

2) Number of bit used by the IPv6 address?

**Ans:-128 bit**

3) Which one is the first web browser invented in 1990?

**Ans:- Nexus**

4) Which is the programming language is used to create programs like applets?

**Ans:- JAVA**

5) First computer virus is known as?

**Ans:-Creeper virus**

## ജീവിതചരിത്രം

ആയിഷ നസ്രീൻ എച്ച്, X B

# കുഞ്ചൻനമ്പ്യാർ

പതിനെട്ടാം നൂറ്റാണ്ടിൽ ജീവിച്ച കുഞ്ചൻനമ്പ്യാരെ മലയാളത്തിലെ മഹാകവിയും ഹാസ്യസാഹിത്യചക്രവർത്തിയുമാണ് സാഹിത്യലോകം ആദരിക്കുന്നത്. തുള്ളൽപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവാണ്. അദ്ദേഹം ജനിച്ച കിള്ളിക്കുറിശ്ശിമംഗലത്തെ കലക്കത്ത് ഭവനം ഇന്ന് കുഞ്ചൻനമ്പ്യാർ സ്മാരകമായി നിലകൊള്ളുന്നു. കല്യാണ സൗഗന്ധികം, സ്യമന്തകം, ഘോഷയാത്ര, കിരാതം, നളചരിതം, ബാലിവിജയം, കീചകവധം, തുടങ്ങി അറുപത്തിനാലോളം തുള്ളപ്പാട്ടുകളും ശ്രീകൃഷ്ണചരിതം മണിപ്രവാളം, ഇരുപത്തിനാലുവൃത്തം മുതലായ കാവ്യങ്ങളുമാണ് പ്രധാന കൃതികൾ.

## മഹത് വചനങ്ങൾ

രുഗ്മിണി എസ്, H2

ഒരാളെയും മറ്റുള്ളവരുടെ മുന്നിൽ വച്ച് തരംതാഴ്ത്തി സംസാരിക്കരുത് [illegible] മുറിവുണക്കാനോ ഒരു ക്ഷമ പറയാനോ പോലും ജീവിതത്തിൽ പിന്നീട് അവസരം ലഭിച്ചില്ല എന്നുവരാം.

വൈകാരികമായും കറുപ്പ് ഒരു മോശം നിറമാണ് . എന്നാൽ ഓരോ ബ്ലാക്ക് ബോർഡുകളും ആണ് വിദ്യാർത്ഥികളുടെ ജീവിതം ശോഭനം ആക്കുന്നത്.

നിങ്ങളുടെ അമ്മയോട് സംസാരിക്കുമ്പോൾ മൂർച്ചയുള്ള വാക്കുകൾ ഉപയോഗിക്കരുത്.നിങ്ങളെ സംസാരിക്കാൻ പഠിപ്പിച്ചത് അമ്മയാണെന്ന് മറക്കരുത്.

**എ. പി. ജെ. അബ്ദുൽ കലാം**

കഥ

ശ്രീപദ്മ എസ്. പി, H2



# മാനസ നിള

അദ്ധ്യാപക ജീവിതത്തിൽ നിന്നും വിരമിച്ചിട്ട് ഇന്ന് പത്ത് വർഷം തികയുകയാണ്. രണ്ടു മൂന്നു ദിവസമായി ഒരു വരണ്ട ചുമ ശരീരത്തെയാകെ അസ്വസ്ഥമാക്കുന്നുണ്ട്. ഉമ്മറത്തെ ചാരുകസേരയിൽ മുറ്റത്തേക്ക് നോക്കിക്കൊണ്ട് മഹേന്ദ്രൻ മാഷ് അങ്ങനെ കിടന്നു. ആദ്യമായി താൻ ആറ്റിങ്ങൽ സ്കൂളിൽ നിയമനം നേടി എത്തിയ കാലം മാഷിന്റെ മനസ്സിലേക്ക് കടന്നുവന്നു. മാഷ് ഒരു നിമിഷം കണ്ണടച്ചു കിടന്നു.

'ഇത് നിങ്ങളുടെ പുതിയ ചരിത്ര അധ്യാപകൻ.... പേര് മഹേന്ദ്രൻ'

ഇത്രയും പറഞ്ഞ് മഹേന്ദ്രനെ വിദ്യാർഥികൾക്ക് പരിചയപ്പെടുത്തിയ ശേഷം ഹെഡ്മാസ്റ്റർ പുറത്തേക്ക് പോയി. എട്ടാം ക്ലാസ് ആയിരുന്നു അത്.വിദ്യാർത്ഥിനികൾ മാത്രമുള്ള ക്ലാസ്. വിദ്യാർത്ഥിനികൾ കൗതുകത്തോടെ മഹേന്ദ്രനെ നോക്കി. മഹേന്ദ്രൻ പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു.

"ഞാൻ മഹേന്ദ്രൻ ...സ്ഥലം ആലപ്പുഴ .ഇനി ഞാൻ നിങ്ങളെയൊന്ന് പരിചയപ്പെടട്ടെ....' വലതുവശത്തെ മുൻനിരയിലെ ബെഞ്ചിൽ ആദ്യം ' മഹേന്ദ്രൻ ചോദിച്ചു.

'എന്താ മോളുടെ പേര് ?

'മാനസ'

'വലുതാകുമ്പോൾ മോൾക്ക് ആരാകണമെന്നാണ് ആഗ്രഹം......?

'ഡോക്ടർ'

'ഇനി അഥവാ ഡോക്ടർ ആകാൻ കഴിഞ്ഞില്ല എന്ന് കരുതുക പിന്നെ ആരാകാനാണ് ആഗ്രഹം...' മഹേന്ദ്രൻ ചോദിച്ചു.

'എൻജിനീയർ

'അതിനും കഴിഞ്ഞില്ലെങ്കിൽ ?' മഹേന്ദ്രൻ ആവർത്തിച്ചു.

അതിനും കഴിഞ്ഞില്ലെങ്കിൽ .

ടീച്ചർ അവൾ ചിരിച്ചുകൊണ്ട് പറഞ്ഞു.

'ശരി ഇരുന്നോളൂ.. എന്താണ് അടുത്ത ആളുടെ പേര് ?

'നിള '

'മോൾക്ക് ആരാകാനാണ് ആഗ്രഹം?'

'ഡോക്ടർ'

ഡോക്ടറാകാൻ കഴിഞ്ഞില്ലെങ്കിൽ ആരാകാനാണ് ഏറ്റവും ആഗ്രഹിക്കുന്നത് ?

'ഡോക്ടർ' അവൾ വീണ്ടും പറഞ്ഞു

'ഡോക്ടർ ആകാൻ കഴിഞ്ഞില്ലെങ്കിലുള്ള കാര്യമാണ് ഞാൻ ചോദിച്ചത്. '

'അതെന്താണ് മാഷേ .ആകണമെന്ന ആഗ്രഹം മാത്രമേ ഉള്ളൂ. 'കഴിഞ്ഞില്ലെങ്കിൽ' എന്ന ചിന്തയ്ക്ക് എന്നിൽ പ്രസക്തി ഇല്ലെന്ന് മാത്രമല്ല മറിച്ചൊരു ചിന്ത എന്റെ മനസ്സിലൊട്ട് ഇല്ലാതാനും.' അവൾ പറഞ്ഞു

ആ കുട്ടിയുടെ കണ്ണുകളിലെ നിശ്ചയദാർഢ്യം മഹേന്ദ്രൻ ദർശിച്ചു.

'ഈ ചുമ ഇങ്ങനെ വച്ചുകൊണ്ടിരുന്നാൽ മതിയോ ഡോക്ടറെ കാണണ്ടേ'. ഭാര്യ ഉമ്മറത്തേക്ക് വന്ന് ചോദിച്ചു. മഹേന്ദ്രൻ ഞെട്ടി ഉണർന്നു.

'ശരി.... ഞാൻ ഹോസ്പിറ്റലിലൊന്ന് പോയി വരാം.

മാഷ് കുപ്പായം മാറി കവലയിൽ എത്തി.

'തരംഗിണി' പ്രൈവറ്റ് ബസ്സാണ്... അത് വരുന്നുണ്ട്.മാഷ് ബസ്സിൽ കയറി.എല്ലാ സീറ്റുകളിലും ആളുകൾ ഇരിപ്പുണ്ട്. ഏറ്റവും മുന്നിലെ ഒരു സീറ്റിൽ ഒരു തടിച്ച സ്ത്രീ ഇരിക്കുന്നുണ്ട്. അവിടെ ഒരാൾക്ക് കൂടി ഇരിക്കാൻ സ്ഥലമുണ്ടായിരുന്നു. മാഷ് അങ്ങോട്ട് ചെന്നയുടനെ...

"അയ്യോ മഹേന്ദ്രൻ മാഷോ...'

അവൾ ബഹുമാനത്തോടെ ചാടിയെണീറ്റ ശേഷം ഒരറ്റത്ത് ഒതുങ്ങി ഇരുന്നു കൊണ്ട് പറഞ്ഞു.

'മാഷ് ഇങ്ങോട്ട് ഇരുന്നോളൂ.' മഹേന്ദ്രൻ അവിടെ ഇരുന്നു.

'മാഷിന് എന്നെ ഓർമ്മയില്ലേ... 'അവൾ ചോദിച്ചു.

മഹേന്ദ്രൻ അവളുടെ മുഖത്ത് സൂക്ഷിച്ചു നോക്കി.

'ഞാൻ മാനസയാണ് മാഷേ മാഷ് ആദ്യമായി ആറ്റിങ്ങൽ സ്കൂളിൽ ജോയിൻ ചെയ്യാൻ വന്ന സമയത്ത് ആരാകണമെന്ന് എന്നോട് ചോദിച്ചത് ഓർമ്മയുണ്ടോ... ?അവൾ ചോദിച്ചു.

മഹേന്ദ്രൻ അത്ഭുതപ്പെട്ടുപോയി. ഇന്ന് രാവിലെ ഓർത്തതേയുള്ളൂ. മഹേന്ദ്രൻ ചിന്തിച്ചു. പക്ഷേ അക്കാര്യം മഹേന്ദ്രൻ മാഷ് അവളോട് പറഞ്ഞില്ല.

'മാനസ ഇപ്പോൾ എന്ത് ചെയ്യുന്നു...?

'ഞാൻ ഇപ്പോൾ ചേർത്തല ഗവൺമെൻറ് സ്കൂളിൽ പ്യൂൺ തസ്തികയിൽ ജോലി ചെയ്യുന്നു. മാഷ് ഇപ്പോൾ ചിന്തിക്കുന്നത് എന്താണെന്ന് ഞാൻ പറയട്ടെ. ഡോക്ടർ എൻജിനീയർ, ടീച്ചർ.... എന്തേ ഇപ്പോൾ പ്യൂൺ ആയിപ്പോയി എന്നല്ലേ... ഞാനിപ്പോൾ ശരിക്കും സന്തുഷ്ടയാണ് മാഷേ. എനിക്കൊരു സ്ഥിര വരുമാനം ഉണ്ട് .മാത്രമല്ല നന്നായി പഠിക്കുന്ന ഒരു മകനുമുണ്ട്. എൻജിനീയർ ആവുകയാണ് അവന്റെ ലക്ഷ്യം.പണ്ട് മാഷ് എന്നോട് ചോദിച്ച അതേ ചോദ്യം ഞാനൊരിക്കൽ അവനോട് ചോദിച്ചു. എൻജിനീയർ ആകാൻ കഴിഞ്ഞില്ലെങ്കിൽ ആരാകാനാണാ ഗ്രഹമെന്ന് .പക്ഷേ എന്റെ ചോദ്യത്തിന് മറുപടി ഒന്നും നൽകാതെ അവൻ ഒഴിഞ്ഞുമാറി.. അവൻ എൻജിനീയറാകും മാഷേ.എനിക്ക് ഉറപ്പുണ്ട്.കാരണം അവന്റെ മൗനം തന്നെയാണ് അതിനുള്ള തെളിവ്.

മാഷിന് ഒരു കാര്യം അറിയാമോ...ഈ ലോകത്ത് ലക്ഷ്യബോധമുള്ള കുഞ്ഞുങ്ങളുള്ള മാതാപിതാക്കൾ ഏറെ ഭാഗ്യം ശ്രദ്ധിച്ചവരാണ്. ഒരു കുഞ്ഞിൽ ഒരു ലക്ഷ്യം ജനിക്കുമ്പോൾ ഒപ്പം മാതാപിതാക്കളിലും ലക്ഷ്യബോധം ജനിക്കുന്നു. അവരെ ആ ലക്ഷ്യത്തിലേക്ക് എത്തിക്കുക എന്ന ലക്ഷ്യബോധം!. ശരിക്കും മാതാപിതാക്കൾ കുഞ്ഞുങ്ങളോടാണ് നന്ദി പറയേണ്ടത്. തുരുമ്പ് പിടിച്ചു പോകാതെ അവരുടെ ജീവിതത്തിന് ഒരു ലക്ഷ്യമുണ്ടാക്കി കൊടുക്കുന്നതിന്....' അവൾ വാതോരാതെ സംസാരിച്ചുകൊണ്ടിരുന്നു

'താലൂക്ക് ആശുപത്രിക്ക് മുന്നിൽ ആരെങ്കിലും ഇറങ്ങാൻ ഉണ്ടോ...?" കണ്ടക്ടർ വിളിച്ചു ചോദിച്ചു.

'ഞാനിവിടെ ഇറങ്ങുകയാണ്. മാനസയെ കണ്ടതിൽ വളരെയധികം സന്തോഷം.'

'എനിക്കും വളരെ സന്തോഷമായി മാഷേ.' അവൾ തൊഴുതു കൊണ്ട് പറഞ്ഞു.

മഹേന്ദ്രൻ മാഷ് താലൂക്ക് ആശുപത്രിയിലേക്ക് നടന്നു. ഒ.പി. ടിക്കറ്റ് എടുത്ത ശേഷം കസേരയിൽ കാത്തിരുന്നു. കസേരയിലിരിക്കുമ്പോഴും മാഷിന്റെ മനസ്സിൽ മാനസ പറഞ്ഞ ആ വരികൾ ആയിരുന്നു....

'ഒരു കുഞ്ഞിൽ ഒരു ലക്ഷ്യം ജനിക്കുമ്പോൾ ഒപ്പം മാതാപിതാക്കളും ലക്ഷ്യബോധമുള്ളവരായി മാറുന്നു.'

'മഹേന്ദ്രൻ.... മഹേന്ദ്രൻ. ' നേഴ്സ് രണ്ടു പ്രാവശ്യം പേര് വിളിച്ചു.

മാഷ് അകത്തു കയറി. വെളുത്തു മെലിഞ്ഞ് വലിയ കണ്ണട വച്ച് തലയിൽ നരവീണു തുടങ്ങിയൊരു വനിതാ ഡോക്ടർ ..അവർ മഹേന്ദ്രനെ കണ്ട് ചാടി എണീറ്റു.

'ഇവിടെ ഇരിക്കു മാഷേ... മാഷിന് എന്നെ മനസ്സിലായില്ലേ?

മഹേന്ദ്രൻ സൂക്ഷിച്ചു നോക്കി

'മാഷേ... ഞാൻ നിള

'ഡോക്ടർ നിള'

ഇന്നലെ ഇവിടെ ഞാൻ സ്ഥലം മാറ്റം ലഭിച്ചു. വന്നതേയുള്ളൂ...'

താൻ ഏതോ സ്വപ്നലോകത്തിലെന്ന പോലെ മഹേന്ദ്രൻ അത്ഭുതപ്പെട്ടുപോയി. രാവിലെ ചിന്തയിലേക്ക് കടന്നു വന്ന രണ്ട് കുഞ്ഞുങ്ങൾ വർഷങ്ങൾക്ക് ശേഷം ദേ ഇപ്പോ തനിക്ക് പോലും തിരിച്ചറിയാൻ കഴിയാത്ത വിധത്തിൽ ഈ ദിവസം തന്നെ തന്റെ മുന്നിൽ!.

'ഒടുവിൽ ഡോക്ടർ ആയി അല്ലേ...'

മഹേന്ദ്രൻ ചിരിച്ചുകൊണ്ട് ചോദിച്ചു

'ഒടുവിൽ' അല്ല മാഷേ... ഞാൻ എട്ടാം ക്ലാസ് മുതൽ ഡോക്ടർ തന്നെയായിരുന്നു.അപ്പോഴും ഇപ്പോഴും ഞാൻ ഡോക്ടർ തന്നെയാണ്.'

അവളുടെ ആ വരികൾക്ക് ഒരുപാട് അർത്ഥമുള്ളതായി മാഷിന് തോന്നി.

'അടുത്തിടെ വരണ്ട ചുമ വല്ലാതെ ബുദ്ധിമുട്ടിക്കുന്നു.' മാഷ് പറഞ്ഞു.

അവൾ മഹേന്ദ്രനെ പരിശോധിച്ചു.

'ന്യൂമോണിയയുടെ ആരംഭമാണ്.സാരമില്ല..ഈ ഗുളിക കഴിച്ചാൽ മതിയാകും.'

അവൾ ഏതാനും ഗുളികകൾ നൽകി

മാഷ് വാതിലിന് അടുത്തേക്കു നടക്കാൻ തുടങ്ങുമ്പോൾ അവൾ എണീറ്റുവന്ന് മഹേന്ദ്രന്റെ കാലുകളിൽ തൊട്ടു തൊഴുതു. എന്നിട്ട് മാഷിനെ ചേർത്ത് നിറുത്തിക്കൊണ്ട്

'മാഷിനൊരു കാര്യം അറിയാമോ... ? ഈ ലോകത്ത് യഥാർത്ഥ ലക്ഷ്യത്തിന് ഓപ്ഷനുകളില്ല... ഓപ്ഷനുകളോടെ നമ്മളിലേക്ക് കടന്നുവരുന്ന ലക്ഷ്യങ്ങൾ ലക്ഷ്യങ്ങളേയല്ല.... ക്ഷണികമായ കേവലം ആഗ്രഹങ്ങൾ മാത്രമാണ്.....'

പുഞ്ചിരിച്ചുകൊണ്ട് അവളുടെ ശിരസ്സിൽ കൈവെച്ചനുഗ്രഹിച്ച ശേഷം മാഷ് പുറത്തിറങ്ങി ബസ്സ് സ്റ്റോപ്പിലേയ്ക്ക് നടന്നു, അകലെ നിന്ന് 'തരംഗിണി' ബസ്സിന്റെ ഹോൺ കേൾക്കുന്നു.

കഥ

മീനാക്ഷി. ആർ,VI-B



# ANTONIO AND THE THIEF

Mexico was a big city. There was a rich man in the City. His name was Antonio He was a miser. He would not have done anything to help the poor. He would not have given anyone money or gold. He did not even like seeing poor people and would make fun of everyone. One night a thief broke into the house of Antonio. All his money and gold were stolen. When he woke up in the morning, he found the door open. He was very sad because there was no money or gold in the almirah. "Oh my God, thief has stolen all my money and gold". Antonio cried out and wept. This was heard by his poor neighbour Louis. "Oh my god, ins't that Antonio's voice". Louis suddenly ran to Antonio's house. People gathered there. Some how Louis got inside the house. When he looked in the almara, there was no money or gold in the almirah. He quickly run out of the house and started looking for the thief. Louis caught the thief and brought him before Antonio. The thief returned Antonio's gold and money. Antonio asked the thief why he had stolen Antonio's money. Then he cried and said. "I need some money for an urgent case, so l did it, please let me free. I swear I will never steal anyone's money or gold again 100% sure". The thief said firmly. "Okay then we will let you free ", said Louis. Antonio understood the value of the poor man. Antonio appologized to Louis." I will never be arrogant again, I will help the poor and I will never make fun of the poor again. Gold and money will be given to the poor". Antonio gave Louis one thousand dollars and two gold chains. Louis was very happy. The thief was also happy to let him go. Not only he let the thief go free but he also gave him a thousand dollars and two gold chains. The thief was very happy. Later Antonio helped everyone.Thus the people of the town began to love and respect Antonio.

**പാചകം**
ആതിര എൽ,C1



# ചക്കപ്പായസം

## ചേരുവകൾ

| | |
|---|---|
| ഉണക്കലരി | 1 കപ്പ് |
| പഴുത്ത ചക്കച്ചുള | 1/2 kg |
| ശർക്കര ചുരണ്ടിയത് | 1/2 kg |
| നെയ്യ് | 2 ടീസ്പൂൺ |
| തേങ്ങ ചിരകിയത് | 1 |
| തേങ്ങാക്കൊത്ത് | 1/2 കപ്പ് |
| ഏലയ്ക്ക | 1/2 ടീസ്പൂൺ |

## തയ്യാറാക്കുന്ന വിധം

ഉണക്കലരി പാകത്തിന് വെള്ളം ചേർത്ത് വേവിക്കുക അരി തിളയ്ക്കുമ്പോൾ ഇതിലേക്ക് ചക്ക അരിഞ്ഞതു ചേർത്ത് യോജിപ്പിക്കുക നന്നായി വെന്തു ചേരുമ്പോൾ ശർക്കരയും നെയ്യും ചേർത്ത് യോജിപ്പിക്കുക. ഇത് കുറുകിയതിനു ശേഷം രണ്ടാം പാൽ ചേർത്ത് തിളപ്പിക്കുക.ഇത് കുറുകി വരുമ്പോൾ ഒന്നാം പാൽ ചേർക്കുക. ഏലയ്ക്കപ്പൊടിയും വറുത്തതേങ്ങക്കൊത്തും വിതറി വാങ്ങി വെയ്ക്കുക.

# വരകൾ





ശ്രീ നന്ദന ജെ, S1 B






അനുപ്രിയ, H1

# വരകൾ





അഞ്ജു എച്ച് H1






മീനാക്ഷി. ആർ, VII.B

# സ്കൂൾ കലോൽസവം








# സ്കൂൾ കലോൽസവം





## കവിത

സ്നേഹ, S1B

# बचपन

एक बचपन का जमाना था,
जिसमें खुशियों का खजाना था
चाहत चाँद को पाने की थी,
पर दिल तितली का दिवाना था...
माँ की कहानी थी,
पश्यिो का फसाना था
बारिश में कागज की नाव थी,
हर मौसम सुहानाथा
रोने की वजह ना थी
ना हँसने का बहाना था...
क्यों हो गए हम इनने बड़े,
इससे अच्छा तो वह बचपन का ज़माना वह बचपन का जमाना था......

**ജീവിതചരിത്രം**

ആഷ്നി. യു, VIII B

# Florence Nightingale

Florence Nightingale was a nurse who saved many lives in the 19th century. She was named after the city of Florence in Italy,where her parents went after they got married in 1818. Her family was rich and they had two homes in Britain as well as servants. Florence was an unusual young woman for her time because she didn't want to go to parties and get married. She wanted to be a nurse and help people. Her family didn't want her to become a nurse because hospitals back then were dirty, horrible places.

They were worried about her. In 1851, Florence went to Germany and learned all about nursing. It was hard work, but she loved it. In 1854, lots of British soldiers went to fight in the Crimean War. Army hospitals were filled with injured men, but there were no nurses and many men died. Florence and a team of nurses went to help. Florence worked 20 hours a day to make the army hospital a cleaner and safer place. She brought the men fresh food, she cleaned the hospital beds and she used clean bandages on the wounded soldiers.

Soon, fewer men were dying. At night, Florence walked around the hospital. She talked to the injured soldiers and helped the men to write letters to their families. She carried a lamp and the soldiers called her 'The lady with the lamp'.When Florence returned to England, people called her a heroine because of her amazing work in the Crimean War. Queen Victoria wrote her a letter to say thank you. She continued to work hard in Britain to improve hospitals and she was given a medal called the Order of Merit. She was the first woman to receive this honour.

**കഥ**

നൗറിൻ ഫാത്തിമ



# അപരിചിതനായ പരിചിതൻ

അന്ന് ഒരു മഴയുള്ള ദിവസമായിരിരുന്നു നല്ല കാര്യങ്ങൾ നടക്കാൻ പോകുമ്പോൾ മഴ കാണും എന്ന് അമ്മ എപ്പോഴും പറയും അന്ന് രാവിലെ ഉറക്കത്തിൽ നിന്ന് എഴുന്നേറ്റത് ഇത് കേട്ടു കൊണ്ടായിരുന്നു. അവളുടെ കോളേജ് പഠനത്തിന്റെ ആദ്യ ദിവസമാണ് ഏതൊക്കെ മുഖങ്ങൾ ആയിരിക്കും അഭിമുഖീകരിക്കാൻ പോകുന്നത് അവരൊക്കെ എവിടെ നിന്നൊക്കെ ആയിരിക്കും ഇതെല്ലാം തന്നെ അവരുടെ മനസ്സിൽ മാറി മാറി ചോദിച്ചു കൊണ്ടിരുന്നു. ആദ്യദിവസം ആയതുകൊണ്ട് തന്നെ അതി രാവിലെ എഴുന്നേറ്റു ഒരുപാട് നേരം പലകാര്യങ്ങളും ഓർത്തു മഴ ആസ്വദിച്ച് അവൾ ബാൽക്കണിയിൽ ഇരുന്നു .തന്റെ പഴയ കൂട്ടുകാർ ഇപ്പോൾ എവിടെയായിരിക്കും അവരിൽ ആരെങ്കിലും ഒക്കെ  തന്റെ കൂടെ കാണുമോ ഇങ്ങനെയുള്ള പല പല ചോദ്യങ്ങളും അവളുടെ മനസ്സിനെ ഒരുപാട് അലട്ടി.എങ്കിലും അവൾ ഒരു നിമിഷം അവളുടെ മനസ്സ് പുതിയ കോളേജിലേക്ക് അവിടുത്തെ പുതിയ കൂട്ടുകെട്ടുകളിലേക്കും ഒന്നുപോയി.

ഒരുപാട് സമയം ചിന്തിച്ചു ചിന്തിച്ചിരുന്നു.സമയം പോയത് അവൾ അറിഞ്ഞതേയില്ല .ഇപ്പോഴും മഴയായിരുന്നു. അനിയത്തിയെവിളിച്ചുണർത്തി കുളിപ്പിച്ച് ഒരുക്കി യൂണിഫോമൊക്കെഅണിയിച്ചിരുത്തി. അമ്മ പ്രഭാത ഭക്ഷണം പാകം ചെയ്ത് കൊണ്ടുവച്ചു .രണ്ടുപേരും കുളിച്ച് സുന്ദരികളായി മേശപ്പുറത്തിരുന്ന് ഭക്ഷണം കഴിച്ചു. ഭക്ഷണം കഴിക്കുമ്പോഴും അവരുടെ ചിന്ത അവിടെ കോളേജിലെ കുട്ടികൾ എങ്ങനെയായിരിക്കും അതായിരുന്നു .അമ്മ പെട്ടെന്ന് ആനിയെ സ്കൂളിൽ അയക്കാനായി ഭർത്താവിനോട് പറഞ്ഞു എന്നിട്ട് ഡോളിയുമായിരുന്നു ഭക്ഷണം കഴിക്കാനിരുന്നു.

ഡോളി..... നീ രാവിലെ പ്രാർത്ഥിച്ചിരുന്നോ ?. അമ്മ പ്രാർത്ഥിച്ചു അപ്പോഴാണ് പ്രാർത്ഥിച്ചിട്ടില്ല എന്ന സത്യം ഓർത്തത് തന്നെ. ഇനിയും പ്രാർത്ഥിക്കാനുള്ള സമയം ഒരുപാടുണ്ടല്ലോ എപ്പോൾ വേണമെങ്കിലും പ്രാർത്ഥിക്കാമല്ലോ  അവൾ മനസ്സിൽ വിചാരിച്ചു. പെട്ടെന്നാണ് അവൻ സമയം ശ്രദ്ധിച്ചത് സമയം ഒരുപാട് ആയിരിക്കുന്നു. ഇനിയും താമസിച്ചാൽ ഗേറ്റ് പൂട്ടുമായിരിക്കും അവൾ അമ്മയോട് എന്നപോലെ പറഞ്ഞു .ദൈവം നിന്നെ അനുഗ്രഹിക്കട്ടെ ഏന്തെങ്കിലും ആവശ്യം വന്നാൽ അച്ഛനെയും അമ്മയെയും വിളിക്കണം. അമ്മ ഡോളിയോട് പറഞ്ഞു. ഡോളി അമ്മയോട് യാത്ര പറഞ്ഞു അമ്മയ്ക്ക് ഒരു മുത്തം നൽകി വീട്ടിൽ നിന്നും ഇറങ്ങി അവിടെനിന്ന് കുറച്ച് അകലെ ഒരു ബസ്റ്റോപ്പ് അവിടെനിന്നാൽ നേരിട്ട് കോളേജിന്റെ വാതുക്കൽ ഇറങ്ങാൻ പറ്റുന്ന രണ്ട്

ബസ്സ് മാത്രമാണ് ഉള്ളത് അതിലൊന്ന് പോയി കഴിഞ്ഞിരുന്നു .രണ്ടാമത്തെ ബസ്സിന്റെ സമയം അവൾക്ക് അറിയില്ലായിരുന്നു. അവൻ കുറെ സമയം അവിടെ ബസ് കാത്തുനിന്നും അവളുടെ കണ്ണ് എപ്പോഴും തന്റെ വാച്ചിലേക്ക് ആയിരുന്നു.അച്ഛനെ വിളിക്കാം എന്ന് കരുതി ഫോൺ എടുക്കാനായി ബാഗ് നോക്കിയപ്പോഴാണ് അവൾ കുട വീട്ടിൽ വച്ച്മറന്നുവെന്ന സത്യം മനസിലാക്കിയത്. അച്ഛൻ വരുമ്പോൾ അതും കൂടി എടുക്കാൻ പറയാം എന്നൊക്കെ കരുതി അവൾ ഫോൺ എടുത്തപ്പോഴേക്കും ബസ് വരുന്നത് അവളുടെ ശ്രദ്ധയിൽ പെട്ടു. പെട്ടന്നവൾ ഫോൺ എടുത്ത് ബാഗിലിട്ട് ബസ്സിൽ കയറി. ബസ്സിലും ഒരുപാട് അപരിചിത മുഖങ്ങൾ ഉണ്ടായിരുന്നു. അങ്ങനെ ഒരുപാട് സമയത്തെ യാത്രക്കു ശേഷം അവൾ കോളേജിൽ എത്തി.

" പുറമെ കാണാൻ നല്ല ഭംഗിയുണ്ട് ''..... അവൾ മനസ്സിൽ പറഞ്ഞു. അവൾ കോളേജും പരിസരവും പെട്ടന്ന് ഒന്ന് കണ്ണോടിച്ച് നോക്കിയ ശേഷം,കുട്ടികൾ ഒരു പാട് നിൽക്കുന്ന സ്ഥലത്തേക്ക് അവളും ചെന്നു. അവിടെ ഓരോ ക്ലാസുകളുടേയും പേരും അത് എവിടെയെന്നുമൊക്കെ കൃതിമായി എഴുതിയിട്ടുണ്ടായിരുന്നു. തന്നെപ്പോലെ തന്നെ ആദ്യമായി വരുന്നവരാണ് എല്ലാവരും . അവരെല്ലാം തന്നെ ഒറ്റയ്ക്കാണ് അതുകൊണ്ടുതന്നെ വലിയ ഭയമാണ് കേട്ടോ, ഒന്നും തന്നെ അവൾക്ക് അവിടെ അനുഭവപ്പെട്ടില്ല പെൺകുട്ടികൾ കൂടുതലും കൂട്ടം കൂട്ടങ്ങളായി നിൽക്കുന്നുണ്ട് അപരിചിതരായിരിക്കാം എന്ന് അവൾക്ക് തോന്നി. അവൾ അവളുടെ ക്ലാസ് ഏതാണെന്ന് നോക്കി ശരിപ്പെടുത്തിയ ശേഷം അവിടേക്ക് നടന്നു. ഒരു കുട്ടി അവളുടെ മുമ്പേ നടക്കുന്നത് അവൾ ശ്രദ്ധിച്ചത് ക്ലാസിലെ കുട്ടി ആയിരിക്കാം എന്ന് കരുതി അവൾ അവനോട് ക്ലാസ് ഏതാണെന്ന് അന്വേഷിച്ചു .അവൻ അവളുടെ ക്ലാസ്സിലേക്ക് തന്നെയാണ് എന്ന് അവൻ പറഞ്ഞു. കുറച്ചു കൂടി മുൻപോട്ട് പോയ ശേഷം അവൻ തിരിഞ്ഞു നിന്ന് ചോദിച്ചു പേര് എന്താണ് ? വേറേതോ ചിന്തയിലായിരുന്ന ഡോളി പെട്ടെന്ന് അവളുടെ പേര് മറന്നു പോയി കുറച്ചു നേരം ആലോചിച്ച് നിന്ന ശേഷം അവൾ പറഞ്ഞു "ഡോളി ""....."" ഓഹ് നൈസ് നെയിം" എനിക്ക് ഈ പേര് ഒരു പാട് ഇഷ്ടമാണ് കാരണം ഗലീലിയോ ടോൾസ്റ്റോയി, അന്ന കരീന എന്ന പുസ്തകത്തിലെ ഒബ്ലോസ്കിയുടെ വളരെ ക്ഷമതയായ സുന്ദരിയായ ഭാര്യയുടെ പേരാണ് ഡോളി, ഞാൻ ഒരു പാട് ഒരു പാട് ആ കഥാപാത്രത്തെ ഇഷ്ടപ്പെടുന്നു. കുട്ടിയൂ ആ സ്വഭാവ കാരി ആയിരക്കും അല്ലിയോ? അവൻ ചെറു പുഞ്ചിരിയോടെ അവളോട് ചോദിച്ചു. അവൾക്ക് നേരത്തെ ആ കഥാപാ ത്രത്തക്കുറിച്ച് അറിയാമായിരുന്നതു കൊണ്ട് തന്നെ അവൾ ഒന്ന് ചിരിക്കുക മാത്രം ചെയ്തു. അങ്ങനെ അവർ രണ്ടു പേരും നടന്നുനീങ്ങി. മഴ പുറത്ത് ശക്തമാകാൻ തുടങ്ങിയിരുന്നു. അവർ ക്ലാസൊക്കെ കണ്ടുപിടിച്ചു. ആൺകുട്ടികളും പെൺകുട്ടികളും രണ്ട് ഭാഗത്തായിട്ടായിരുന്നു ഇരുന്നിരുന്നത്. പെട്ടെന്ന് കണ്ട ഒരു സീറ്റിൽ ആൾ കേറിയിരുന്നു. കുറച്ചധികം സമയം അവൾ തന്റ സഹപാഠികൾ ക്ലാസിൽ കയറുന്നത് നോക്കി ഇരുന്നു. പെട്ടെന്ന് അടുത്തിരുന്ന കുട്ടിയുടെ പേര് ചോദിച്ചു. അവൾ നിറഞ്ഞ പുഞ്ചിരിയോടെ പേരു

പറഞ്ഞു.'"ഡോളി, നിന്റെ പേര് എന്താണ്?''.''ഞാൻ മീനു, ഇവിടെ ആരെയെങ്കിലും പരിചയമുണ്ടോ'' അവൾ എന്നോട് ചോദിച്ചു ''ഇല്ല നിനക്കോ?''.

ഈ കോളേജ് തന്നെ ആദ്യമായിട്ടാണ് കാണുന്നത് . അപ്പോഴാണ്, ഡോളി ഒരു കാര്യം ഓർത്തത് ഒരു ചെറുക്കനെ പരിചയപ്പെട്ടല്ലോ. ഞാനെന്തു കൊണ്ട് അവന്റെ പേര് അന്വേഷിച്ചില്ല?

അങ്ങനെ ഇരിക്കെ മീനു തന്നെ പറ്റി സംസാരിച്ചു. ഡോളി പൊതുവേ ആദ്യം തന്നെ ആരോടും വലിയ അടുപ്പംകാണിക്കാത്ത ആളാ. തന്റെ കാര്യങ്ങൾ എല്ലാം തന്നെ പറയുന്നു ഒരു കാര്യവുമില്ല അതുകൊണ്ടുതന്നെ പറയുന്നത് കേൾക്കുക മാത്രമേ ചെയ്തിട്ടുള്ളൂ. കുറെ കൂട്ടുകാരെ പരിചയപ്പെടാൻ കഴിഞ്ഞു. അവരുടെ പേരുകളും പഠിച്ചു കൊണ്ട് കുറച്ചുദിവസം അങ്ങനെയൊക്കെ കടന്നുപോയി. അങ്ങനെ ഒരു ദിവസം അവർ മീനുവുമായി ലൈബ്രറിയിൽ പോയി.കുറെ ആൺകുട്ടികൾ അവിടേക്ക് കടന്നുവന്നു സ്വന്തം ക്ലാസിൽ പഠിക്കുന്നവരെ അറിയാമെങ്കിലും കോളേജിൽ വന്നിട്ട് വിരലിൽ എണ്ണാവുന്നദിവസമല്ലേ ആയിട്ടുള്ളു അതു കൊണ്ട് ഡോളി അവരുടെ മുഖത്ത് നോക്കിയതേയില്ല.ഒരു കാര്യം ശ്രദ്ധിച്ചു അതിൽ ഒരാളുടെ കയ്യിൽ അവൾ തേടുന്ന ഒരു പുസ്തകമുണ്ട് .അവർ പോയതിനു ശേഷം മീനു വിനോട് ഡോളി കാര്യം പറഞ്ഞു. എന്തുകൊണ്ട് എന്നോട് അപ്പോൾ പറഞ്ഞില്ല ഞാൻനിനക്ക് അത് മേടിച്ചു തരുമായിരുന്നല്ലോ മീനു പറഞ്ഞു.

നിനക്ക് അവരെയൊക്കെ അറിയുമോ ഡോളി മീനു വിനോട് ചോദിച്ചു പിന്നല്ലേ.അവരെല്ലാം നമ്മുടെ ക്ലാസിലെയാണ്. മീനു പെട്ടെന്ന് പറഞ്ഞു കുറഞ്ഞ സമയം കൊണ്ട് ഇവൾ ഇത്രയധികം കുട്ടികളുമായി പരിചയത്തിൽ ആയോ, ഒരു ചിന്ത അവളുടെ മനസ്സിലൂടെ കടന്നുപോയി .ലൈബ്രറിയിൽ നിന്ന് ഇറങ്ങി ക്ലാസ്സിലേക്ക് പോയി. അവിടെ ആരൊക്കെയാണ് ലൈബ്രറിയിൽ നിന്ന്പുസ്തകം എടുത്തതെന്ന് മീനു ശ്രദ്ധിച്ചിരുന്നു. മീനു ഡോളിയുമായി അവരുടെ അടുത്തേക്ക് പോയി.

"' റോബിൻ നിങ്ങൾ ഏതൊക്കെ പുസ്തകങ്ങളാണ് അവിടെനിന്ന് എടുത്തത് എന്ന് കാണിക്കുമോ വളരെ സൗമ്യമായി അവരോട് ചോദിച്ചു അവർ ഓരോരുത്തരും അവർ എടുത്ത പുസ്തകം എടുത്തു കാണിച്ചു എന്താണ് എന്താണ് പ്രശ്നം? അവരിൽ ഒരാൾ ചോദിച്ചു മീനു പറഞ്ഞു ഒരാൾ എടുത്ത പുസ്തകം വായിച്ചാൽ കൊള്ളാമെന്നുണ്ടായിരുന്നു ഏത് പുസ്തകമാണ് തനിക്ക് വേണ്ടത്?പറയൂ അവരിൽ ഒരു സുന്ദരനായ ചെറുപ്പക്കാരൻ ആയ നിവിൻ ചോദിച്ചു..എന്നിട്ട് നിന്നെ എന്താഅറിയാത്തത് മീനു വളരെ ഉത്കണ്ഠയോടെ ചോദിച്ചു .. "അതെ അറിയാം ഞങ്ങൾ പരിചയപ്പെട്ടിരുന്നു" ആദ്യ ദിവസം നോക്കി ചിരിക്കുക മാത്രം ചെയ്തു. ഏത് പുസ്തകമാണ് വേണ്ടത്,റോബിൻ ചോദിച്ചു. "ഓർമ്മയ്ക്കായി ഞാൻ ' ഡോളി പറഞ്ഞു.ഇത് ഞാൻ ആണ് എടുത്തത് വായിച്ചിട്ട് മതിയോ നിവിൻ ചോദിച്ചു."ആ.. മതി വായി ച്ചിട്ട് തന്നാൽ മതി ' ഡോളി മറുപടി പറഞ്ഞു.എന്നിട്ടും കുറെ സമയം അവർ സംസാരിച്ചു.ആദ്യദിവസം തന്നെ ഡോളിയെ

ഇഷ്ടപ്പെട്ടിരുന്നു. ദിവസങ്ങൾ കടന്നുപോയി കോളേജിലെ കൂട്ടുകാരുമൊത്ത് കാര്യം പറഞ്ഞിരിക്കാൻ നല്ല രസമാണ് ഡോളിയും മീനുവും ഭയങ്കര സുഹൃത്തുക്കളായിരുന്നു അവരുടെ ഒപ്പം കുറേ സുഹൃത്തുക്കളും ഉണ്ടായിരുന്നു .അങ്ങനെ ഇരിക്കുമ്പോൾ അവൻ നടന്നുവരുന്നത് അവൾ കണ്ടു. അവൾ അവനെ നോക്കി,അവൻ അവളെ നോക്കി ചിരിച്ചു.അവളും നോക്കി ചിരിച്ചു ശെരിക്കും അവൻ അവളോട് മിണ്ടാൻ തന്നെ വരികയായിരുന്നു. അവൻ കുറെ നേരം ഇരുന്ന് സംസാരിച്ചു എന്തുകൊണ്ടാണെന്ന് അറിയില്ല അവളും ഒരുപാട് സംസാരിച്ചു അങ്ങനെ അതിന്റെ ഇടയിൽ അവൻ അവൾക്ക് ആ പുസ്തകം കൊടുത്തു അത് അവളെ വളരെ സന്തോഷവതിയാക്കി. ഏറെ നാളായി അവർ തിരഞ്ഞു നടന്ന പുസ്തകമായിരുന്നു.

അവൾ അവനോട് നന്ദി പറഞ്ഞു ഹൃദയത്തിന്റെ ഭാഷയിലൂടെ . പിറ്റേ ദിവസം മുതൽ അവർ ആ പുസ്തകം എന്ന ഒറ്റക്കാരണത്താൽ വളരെ പരിചിതരായി മാറി. അവന്റെ ഉള്ളിലെ ഇഷ്ടം അവൻ അവളെ അറിയിച്ചില്ല, സുഹൃത്തുക്കളോട് പോലും .

അവൾ, ആഗ്രഹിക്കുന്ന ആവശ്യപ്പെടുന്ന എല്ലാ പുസ്തകങ്ങളും അവൻ അവൾക്കു നൽകി. അവിടെ അവരുടെ പ്രണയം ആരംഭിച്ചു..

അവൾ അറിയാതെ അവനും അവൻ അറിയാതെ അവളും പരസ്പരം സ്നേഹിച്ചു ഒരിക്കലും പിരിയാൻ പറ്റാത്ത വിധം അവർ സ്നേഹിച്ചിരിക്കുന്നു. എന്നാൽ വിധി മറ്റൊന്നായിരുന്നു .പെട്ടെന്നുണ്ടായ ഒരു വാഹന അപകടത്തിൽ നിവിൻ മരിച്ചു .എന്നാൽ ഡോളി ഇതൊക്കെ അറിഞ്ഞതേ ഇല്ലായിരുന്നു. മരണം അറിഞ്ഞ ഡോളി നിശ്ചലയായി നിൽക്കുക മാത്രം ചെയ്തു .അവൾക്കറിയില്ലായിരുന്നു ആദ്യം അവനെ കണ്ടപ്പോൾ ഇത്രയും പിരിയാൻ പറ്റാത്ത വിധം ഒരു ബന്ധം സ്ഥാപിക്കാൻ പറ്റുമെന്ന്. അത് വലിയ ഒരു ഉണങ്ങാത്ത മുറിവ് ആകുമെന്ന് .അവൾ വീട്ടിൽ ചെന്ന് ബാൽക്കണിയിൽ ഇരുന്നു. അവിടെ ആ പുസ്തകം ഇരിപ്പുണ്ടായിരുന്നു അവൾ ആ പുസ്തകത്തിന്റെ പുറംചട്ട ഒന്നു കൂടി വായിച്ചു ''ഓർമ്മയ്ക്കായി ഞാൻ'' വായിച്ച പാടെ അവളുടെ കണ്ണ് നിറഞ്ഞ് ഒഴുകി.

## ജീവിതചരിത്രം

ജീന .എസ്, H2



# എം.ടി.വാസുദേവൻ നായർ –ജീവിതരേഖ

മടത്ത് തെക്കേപ്പാട്ട് വാസുദേവൻ നാരായണൻ നായർ എന്ന് മുഴുവൻ പേര്.പൊന്നാനി താലൂക്കിൽ കൂടല്ലൂരിൽ 1933 ജൂലൈ 15ന് ജനനം. അച്ഛൻ നാരായണൻ നായർ, അമ്മ അമ്മാളുഅമ്മ. കുമരനല്ലൂർ ഹൈസ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസം.പാലക്കാട് വിക്ടോറിയ കോളേജിൽനിന്ന് 1953 ൽ കെമിസ്ട്രി ബിരുദം. അധ്യാപകൻ, പത്രാധിപർ,കഥാകൃത്ത്, നോവലിസ്റ്റ്, തിരക്കഥാകൃത്ത്,സിനിമ സംവിധായകൻ എന്നീ നിലകളിൽ പ്രശസ്തനായി. **മുറപ്പെണ്ണ്** എന്ന സിനിമയ്ക്കാണ് ആദ്യ തിരക്കഥ എഴുതിയത്.**ഒരു വടക്കൻ വീരഗാഥ** , **പരിണയം** തുടങ്ങിയ ചലച്ചിത്രങ്ങൾക്ക് ദേശീയ അവാർഡ്.**ഓളവും തീരവും, ബന്ധനം, ഓപ്പോൾ** , **അനുബന്ധം, തൃഷ്ണ, ഇടവഴിയിലെ പൂജ മിണ്ടാപൂച്ച, അമൃതംഗമയ, പെരുന്തച്ചൻ, സുകൃതം, ഒരു ചെറുപുഞ്ചിരി, തീർത്ഥാടനം** എന്നിവയ്ക്ക് സംസ്ഥാന ബഹുമതികളും ലഭിച്ചു .തിരക്കഥയെഴുതി സംവിധാനം ചെയ്ത സിനിമകൾ.

**കടവ്** സിംഗപ്പൂർ ,ജപ്പാൻ എന്നിവിടങ്ങളിൽ നടന്ന ചലച്ചിത്രോൽസവങ്ങളിലും അവാർഡുകൾ നേടി.മലയാളസിനിമയ്ക്ക് നൽകിയ സംഭാവങ്ങൾക്ക് പ്രേംനസീർ അവാർഡ് ലഭിച്ചു. 1996 ലെ കേരള സംസ്ഥാന ടെലിവിഷൻ അവാർഡ് **നാലുകെട്ടിന്** ലഭിച്ചു. **രണ്ടാമൂഴം** വയലാർ അവാർഡ്, മുട്ടത്തുവർക്കി ഫൗണ്ടേഷൻ അവാർഡു നേടി. **നാലുകെട്ട്, സ്വർഗ്ഗംതുറക്കുന്ന സമയം, ഗോപുരനടയിൽ** എന്നീ കൃതികൾക്ക് കേരള സാഹിത്യ അക്കാദമി അവാർഡും, **കാലം** എന്ന നോവലിന് കേന്ദ്ര സാഹിത്യ അക്കാദമി അവാർഡും,**വാനപ്രസ്ഥത്തിന്** ഓടക്കുഴൽ അവാർഡും ലഭിച്ചിട്ടുണ്ട്. 1996 ലെ ജ്ഞാനപീഠപുരസ്കാരത്തിന് എം.ടി അർഹനായി .കാലിക്കറ്റ് സർവകലാശാലയും മഹാത്മാഗാന്ധി സർവ്വകലാശാലയും 1996 ൽ ഓണററിഡീലറ്റ് ബിരുദം നൽകി ആദരിച്ചു. 2005ലെ പത്മഭൂഷൻ ബഹുമതി ലഭിച്ചു.2005ൽ കേരള സാഹിത്യ അക്കാദമിയുടെ വിശിഷ്ട അംഗത്വം ലഭിച്ചു. 2011 ൽ കേരള സർക്കാരിന്റെ എഴുത്തച്ഛൻ പുരസ്കാരത്തിന് അർഹനായി.മാതൃഭൂമി പിരിയോടിക്കൽ പത്രാധിപർ, കേരള സാഹിത്യ അക്കാദമി പ്രസിഡന്റ്, കേന്ദ്ര സാഹിത്യ അക്കാദമി എക്സിക്യൂട്ടീവ് മെമ്പർ എന്നീ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. ഫിലിം ഫിനാൻസ് കോർപ്പറേഷൻ, നാഷണൽ ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ, ഫിലിം സെൻസറിങ് കമ്മിറ്റി എന്നിവയിൽ അംഗമായിരുന്നു. 1998 ലെ ഇന്ത്യൻ മനോരമ ചെയർമാൻ ആയിരുന്നു. 2008 ൽ

കൊൽക്കത്ത നേതാജി ഓപ്പൺ യൂണിവേഴ്സിറ്റി ഡീലിറ്റ് നൽകി ആദരിച്ചു. തുഞ്ചൻ സ്മാരക സമിതി അധ്യക്ഷൻ കൂടിയായിരുന്നു.സാഹിത്യ-സംസ്കാരിക രംഗത്തെ വിവിധ മേഖലകളിൽ പ്രവർത്തിച്ചു.

## പ്രധാന കൃതികൾ

മഞ്ഞ് ,കാലം നാലുകെട്ട് ,അസുരവിത്ത് ,വിലാപയാത്ര പാതിരാവും പകൽവെളിച്ചവും ,അറബിപ്പൊന്ന്,രണ്ടാമൂഴം ,വാരണാസി , ഇരുട്ടിന്റെ ആത്മാവ്, ഓളവും തീരവും,കുട്ടിയേടത്തി,പതനം ,ബന്ധനം,സ്വർഗം തുറക്കുന്ന സമയം, നിന്റെ ഓർമ്മയ്ക്ക്, വാനപ്രസ്ഥം എം ടി യുടെ തിരഞ്ഞെടുത്ത കഥകൾ,കളിവീട്, വേദനയുടെ പൂക്കൾ ഗോപുര നടയിൽ, കഥികന്റെ പണിപ്പുര,ഒരു മുഖവുര,കണ്ണാന്തളി പൂക്കളുടെ കാലം, ആൾക്കൂട്ടത്തിൽ തനിയെ.

## തിരക്കഥകൾ

പഞ്ചാഗ്നി,നഖക്ഷതങ്ങൾ,വൈശാലി,പെരുന്തച്ചൻ,ഒരു വടക്കൻ വീരഗാഥ,നഗരമേ നന്ദി, നിഴലാട്ടം, ഒരു ചെറുപുഞ്ചിരി, നീലത്താമര,പഴശ്ശിരാജ,സ്നേഹാദരങ്ങളോടെ, അമ്മയ്ക്ക്, ചിത്ര തെരുവുകൾ.

ഇംഗ്ലീഷിലേക്കും, ഇതര ഭാഷകളിലേക്കും അദ്ദേഹത്തിന്റെ കൃതികൾ വിവർത്തനം ചെയ്തിട്ടുണ്ട്. 2024ഡിസംബർ 25 -ാം തീയതി അദ്ദേഹം ലോകത്തോട് വിടപറഞ്ഞു.

**വായന**

കരീന എലിസബത്ത്
തോമസ്,C1



# ടി പത്മനാഭൻ-ഭാവ സാന്ദ്രമായ കഥകൾ

ശില്പചാതുര്യമുള്ള കഥകളാണ് ടി പത്മനാഭന്റേത്.ജീവിതാനുഭവങ്ങളെ ചെത്തിമിനുക്കി ഭാവസാന്ദ്രമായ ശില്പം തീർക്കുകയാണ് പത്മനാഭൻ.ഓരോ കഥയിലൂടെയും. അവയിൽ ആത്മാംശമുള്ള കഥകൾ ആണേറെയും.ജീവിതം അവിശ്വസനീയമാം വിധം കഥകളിൽ ഇഴുകിച്ചേർന്നിരിക്കുന്നു. പത്മനാഭൻ ഇതുവരെ ഒരു ആത്മകഥ എഴുതിയിട്ടില്ല. .ഭാവസന്ദ്രമായ ഗൗരി', 'പുഴ കടന്ന് മരങ്ങളുടെ ഇടയിലേക്ക് കുടയനല്ലൂരിലെ ഒരു സ്ത്രീഎന്നീ കഥകൾ കഥാകൃത്തിന് ഏറെ പ്രശസ്തി നേടിക്കൊടുത്ത കഥകളാണ്. കുടുംബം, ജോലി, എഴുത്ത്, പ്രണയം, സുഹൃത്തുകൾ, പൂച്ചയോടും പൂക്കളോടുമുള്ള സ്നേഹം...... എന്നിങ്ങനെ ജീവിതത്തിന്റെ വിവിധ വശങ്ങൾ ടി പത്മനാഭന്റെ കഥകളിൽ പ്രകടമാണ്. ഭാവസാന്ദ്രവും ജീവിതഗന്ധിയുമായ ഈ രചനകൾ എക്കാലത്തും നിലനില്ക്കും.

**കവിത**

ഹന്നാ നിസാർ , S1 B



# മുത്തശ്ശി മാവ്

ഒരുപാട് വിജയങ്ങൾ ആഘോഷമാക്കി നീ
നിൻറെ തണൽ വിശ്രമവേളയിൽ തഴുകുന്നു.
കൂട്ടുകാരൊത്ത് തണലിൽ കഴിഞ്ഞതും
നിന്നെ വലം വച്ച് ഓടിക്കളിച്ചതും
ഓർമ്മകൾ ഏറെയും നൽകി നീ നിൽക്കുന്നു.
എത്ര സുന്ദരി നീ മുത്തശ്ശി മാവേ
എന്നും കൊതിക്കുന്നു നിന്നിലിളവേൽക്കാൻ...

**കവിത**

സനാ,   S2A

# ദിശാ ബോധം

അവളിന്ന് ദിശാബോധം
സദാ പ്രയാണം
ഭൂമിയും ഗ്രഹങ്ങളും എല്ലാം അവളാണ്
പൂവും കായും മഴയും പുഴയും അവളാണ് -
കാറ്റും വെളിച്ചവും തീയും മണ്ണും അവളാണ്

**കഥ**

മീനാക്ഷി. ആർ, VI-B



# മിന്നുവിന്റെ പല്ലുവേദന

ഒരു ദിവസം മിന്നുവിന്റെ അമ്മയും അച്ഛനും മിന്നുവും കൂടി അമ്പലത്തിലെ ഉത്സവം കാണാൻ പോയി. അവിടെ കുറെ കടകൾ ഉണ്ടായിരുന്നു. അതിൽ ഒരു മിഠായിക്കട മിന്നുവിന്റെ ശ്രദ്ധയിൽപ്പെട്ടു. മിഠായി കട നോക്കി മിന്നു പറഞ്ഞു.

"അമ്മേ എനിക്ക് മിഠായി വാങ്ങിച്ച് തരുമോ".

അമ്മ പറഞ്ഞു ""മിഠായി ഒന്നും വേണ്ട. നിൻറെ പല്ല് കേടാകും".

"ശരിയാ നമുക്ക് വീട്ടിൽ പോകാം, മിഠായി ഒന്നും വേണ്ട". അച്ഛൻ പറഞ്ഞു.

മിന്നുവിന്റെ നിർബന്ധം കാരണം അച്ഛനും അമ്മയ്ക്കും മിഠായി വാങ്ങിച്ചു കൊടുക്കേണ്ടി വന്നു. മിന്നുവിന് സന്തോഷമായി.

അവൾ ഒറ്റയടിക്ക് മിഠായി തിന്നു തീർത്തു. രാവിലെ എഴുന്നേറ്റപ്പോൾ മിന്നുവിന് വല്ലാത്ത പല്ല് വേദന. അവൾ പല്ല് തേച്ചിട്ടും മാറുന്നില്ല. മിന്നു നിലവിളിച്ചു കരഞ്ഞു.

"അമ്മേ അച്ഛാ പല്ലു വേദനിക്കുന്നു".

ഇതുകേട്ട് അമ്മ പറഞ്ഞു. "മിഠായി കഴിച്ചതുകൊണ്ടാണ് പല്ലു വേദനിക്കുന്നത് നമുക്ക് ഡോക്ടറിനെ കാണിക്കാം".

"അത് ശരിയാ, എന്നാൽ വേഗം വാ നമുക്ക് ഡോക്ടറുടെ അടുത്ത് പോകാം". അച്ഛൻ പറഞ്ഞു.

ഇത് കേട്ട് മിന്നു പറഞ്ഞു. "അയ്യോ വേണ്ട, ഡോക്ടർ എന്റെ പല്ലെടുക്കും"'.

അവർ ഒരുവിധം മിന്നുവിനെ ഡോക്ടറിന്റെ അടുത്ത് എത്തിച്ചു.

''ഡോക്ടർ ഇവളുടെ പല്ല് പരിശോധിക്കണം. മിഠായി കഴിച്ചതാ. ഇപ്പൊൾ പല്ല് വേദനിക്കുന്നു എന്ന് പറയുന്നു''. അമ്മ പറഞ്ഞു.

''അതേ ഡോക്ടർ, ഞങ്ങൾ നൂറുവട്ടം പറഞ്ഞിട്ടും അവൾ കേട്ടില്ല''. അച്ഛൻ പറഞ്ഞു.

ഡോക്ടർ പറഞ്ഞു ''അങ്ങനെയാണെങ്കിൽ രണ്ടു പല്ല് എടുത്തേ പറ്റൂ''.

മിന്നു പറഞ്ഞു '''അയ്യോ വേണ്ട, എനിക്ക് വേദനിക്കും''.

ഡോക്ടർ പറഞ്ഞു. ''ഞാൻ വേദനിപ്പിക്കാതെ പല്ലെടുത്ത് തരാം. രണ്ടു പല്ലും കേടാണു, എടുത്തേ പറ്റൂ''.

മിന്നു സമ്മതിച്ചു. അങ്ങനെ ഡോക്ടർ പല്ലെടുത്തു. ഡോക്ടർ പല്ലെടുത്തപ്പോൾ മിന്നു കരഞ്ഞു. പിന്നെ മിന്നു മിഠായി വേണമെന്ന് നിർബന്ധം പിടിച്ചിട്ടില്ല.

## കവിത

മാളവിക ,   S2-B

# പാഠം

ആരെയും കാക്കാതെ
ആരെയും ഓർക്കാതെ
അതിവേഗം നീ കടന്നുപോയി
ഒരു ഒഴുക്കായി
തളിർ വൃക്ഷമായി പൂത്തും കായ്ച്ചും
ആരും തടയാതെ എങ്ങും മായാതെ
നീ എന്തത്ഭുതം!
പിറകിലും മുന്നിലും നീ മാത്രം
യാഥാർത്ഥ്യങ്ങൾ പലതും നീ പഠിപ്പിച്ചതാണ്!



## കവിത

രേഷ്മ. ആർ ,   S2-A

# നീ

അടരുന്നൊരാത്മാവിന്നലകൾ പോലിന്നിവൾ
അലയുമീയേകാന്ത വഴിയിലായി.
എനിക്കായി മേഞ്ഞ മൺകൂരയിൽ ഇന്നവൾ
പൊൻചെമ്പകം പോൽ പിറന്നുവീണു.

താരാട്ടുപാട്ടിൻറെ
സ്നേഹ കിനാവിന്റെ മാധുരിയിൽ വളർന്നോരു പെണ്ണ്.
വേനലിൽ വാടാതെ വീഥിയിൽ വീഴാതെ

തീയിൽ കുരുത്തൊരീ പെണ്ണ്

അച്ഛനുമമ്മയ്ക്കുംതാങ്ങായി നിന്നവൾ
വീട്ടിൽ വിളക്കായി മാറിയവൾ .
അടരുന്ന ശില പോലെഅർഹമാം സ്വാതന്ത്ര്യം
പെണ്ണെന്ന പേരിലറുത്തു വീഴ്ത്തി

തന്നിഷ്ടമൊക്കെയും ചെയ്തു കൊൾകേ
അഹങ്കാരിയെന്നൊരു പേരും വീണു.
നീചർതൻ ദൃഷ്ടിയാൽ ചിന്തിയ സ്വപ്നങ്ങൾ
താലി ചരടിന്നെരിച്ചു തീർത്തു.

അസ്ഥി നുറുങ്ങുന്ന വേദനയൊക്കെയും
ഒറ്റയ്ക്കിരുന്നു കൊറിയ്ക്കുന്നു.

ചിന്ത

ഫാത്തിമ സഹ്റ,S1B



# Character & Destiny

"Words reveal your beliefs and intensions. Actions reveal your they reveal charactes, when they are In alignment, They reveal your greatest life ." By Steve Maraboli

Keeping a good character helps a person to win many friends and admires.The Succes and glory of one's depends on one's Character. It is the noble wealth of man. It will give us a distinct place in the Society . If we fail to cultivate good character good should emulato and follow the good habits and doeds of macally upright people around on us. The arccess and glory of one's lite depends one's character. It is the noble wealth of man It will give distinct place in the gail to cultivate good character and manners people will hate us. Mind without heart,intelligence without conduct and deverners without goodnes one powers in their way, but they are powers only for mischief. The of success of life largely depends on beeping a good and vigilant character throughout one's life. It has been rightly said "If wealth is lost nothing is lost If health is lost something is lost, if character is lost, eveything is lost"

കഥ

രേഷ്മ. ആർ, S2A



# അമ്മ

പെയ്ത് ഒഴിയാത്ത മഴയത്ത് ശാന്തിമന്ദിരത്തിന്റെ കോൺക്രീറ്റ് പടികളിൽ അവസാനത്തതും പിന്നിട്ടപ്പോൾ മനുവിന് തന്റെ നിയന്ത്രണം നിലയ്ക്കുന്നത് പോലെ അനുഭവപ്പെട്ടു. മനസിന്റെ ഭാരം അയാളുടെ കാലിന്റെ ചലനശേഷിയെ പോലും നിശ്ചലമാക്കുന്നതായി അയാൾക്കു തോന്നി. ഒരേ ദിവസം മരവിച്ച രണ്ട് ശരീരങ്ങൾ....

'ഒരുപാട് നേരമായോ വന്നിട്ട്...?'

ചിന്തകളെ പൂർണമാക്കാൻ ശ്രമിച്ചു കൊണ്ടിരുന്ന അയാളെ ഞെട്ടി തരിപ്പിച്ചു കൊണ്ടാണ് സിസ്റ്ററുടെ ആ ചോദ്യം കടന്നു വന്നത്. ഇടറിയ തൊണ്ടയിൽ നിന്ന് തനിക്ക് മറുപടി നൽകുവാൻ സാധിക്കുമോ എന്ന നിശ്വാസം അയാളിൽ ഉത്ഭവപെട്ടെങ്കിലും

'ഏയ്, കുറച്ചു നേരമായതേ ഉള്ളൂ '

എന്ന് അയാൾ മറുപടി നൽകി.

മകന്റെ നിസ്സഹായത കണ്ടത് കൊണ്ടാണോ അതോ കർത്തവ്യങ്ങൾ നിർവഹിക്കുന്ന തിരക്കിനാൽ ആണോ എന്നറിയില്ല സിസ്റ്റർ അതിവേഗം അയാളെ 4-ാം നമ്പർ മുറിയിലേക്ക് കൂട്ടി കൊണ്ടുപോയി.

സാധാരണ തന്നെ കാണുമ്പോൾ ആവുന്നത്രെ വേഗം വേച്ച് വേച്ച് നടന്നു വരുന്ന സ്ത്രീ ഇന്ന് ഒന്നും മിണ്ടാതെ ഒരേ കിടപ്പ് കിടക്കുന്നത് കണ്ട് അയാൾക്കു തന്നോട് തന്നെ വെറുപ്പ് തോന്നി. കാരണം അവസാനമായി ആ സ്ത്രീയെ കാണുവാൻ താൻ എത്തിയത് ഒരു വർഷത്തിന് മുൻപാണ്. പലപ്പോഴായും അവർ തന്നെ വിളിച്ചിരുന്നു ഒരു നോക്ക് കാണാൻ എന്നാൽ അന്നെല്ലാം തനിക്ക് വലുത് ഇപ്പോഴത്തെ സന്തുഷ്ട ജീവിതമായിരുന്നു.

നീണ്ട പ്രണയത്തിൻ ഒടുവിൽ താൻ സ്വന്തമാക്കിയ കുടുംബജീവിതം സന്തുഷ്ടമായി മുൻപോട്ട് കൊണ്ടുപോകുവാൻ ചെയ്യേണ്ടതേ താൻ ചെയ്തൊള്ളൂ. അന്നേരം കുഴമ്പിന്റെ ഗന്ധമുള്ള ചുക്കിച്ചുളിഞ്ഞ ശരീരം തന്റെ കൂടെ ഉള്ളവർക്കു അസ്വസ്ഥ മായിരുന്നു. സ്വന്തം തെറ്റുകൾ സ്വയം ന്യായികരിക്കാൻ അയാളുടെ മനസ് വെമ്പി കൊണ്ടിരുന്നു. അവസാനമായി ആ സ്ത്രീയുടെ മരവിച്ച നെറ്റിയിൽ ചുംബിച്ച് താൻ ഇറങ്ങുകയാണ് എന്ന് സിസ്റ്ററോട് പറയുമ്പോൾ അയാളെ സ്വയം ഇല്ലാതാക്കാൻ പോലുമുള്ള കഴിവ് ആ മരവിച്ച ശരീരത്തിന് ഉണ്ടെന്ന് അയാൾ തിരിച്ചറിഞ്ഞു.

അന്ത്യകർമ്മത്തിന് പോലും നിൽക്കാതെ കാറിൽ കയറിയ അയാളുടെ ഫോൺ ഷെയർചാറ്റ് നോട്ടിഫിക്കേഷനുകൾ കൊണ്ട് നിറഞ്ഞിരുന്നു. അതിൽ ഒന്നിലേക് അയാളുടെ കണ്ണുകൾ അതിവേഗം എത്തപ്പെട്ടു.

'കടമകൾ നിർവഹിക്കാൻ പാടുപെടുമ്പോൾ നീ ഓർക്കുക, പൊക്കിൾക്കൊടി മുറിച്ച് മാറ്റുമ്പോൾ വേദനിക്കുന്നുണ്ടോ? എന്ന് ചോദിച്ച ഡോക്ടറോട് അമ്മ തിരിച്ചു ചോദിച്ചത് എന്റെ കുട്ടിക്ക് വേദനിക്കോ? എന്നാണ് '

വായിച്ചുതീരും മുൻപേ അയാളുടെ കണ്ണീരിനു മാപ്പുസാക്ഷിയായി.മഴ അപ്പോഴും പെയ്തുകൊണ്ടേ ഇരുന്നു.

**കഥ**

ഹഫ്സാന വൈ, S2B

# ഇരുൾ

വിജനമായ ആ വഴിയിലേക്ക് നോക്കി വികാരതയോടെ വീടിന്റെ ബാൽക്ക ണിയിൽ ഇരുന്നു അവൾ തന്റെ ജീവിതത്തിൽ നടന്ന ചിലസംഭവങ്ങ ളിലേക്ക് അവളുടെ ഓർമ്മകളിലൂടെ കടന്നു പോയി. മാതാപിതാക്കൾ തമ്മിൽ നിരന്തരമായ വഴക്കാണ് .ബാല്യം മുതൽ അവൾ അത് കാണുന്നതുമാണ്. പലപ്പോഴും അമ്മയെ അച്ഛൻ അടിക്കുമ്പോൾ ഒന്നും ചെയ്യാനാവാതെ അവൾ നിന്നു കരയും. സ്കൂളിൽ ചെല്ലുമ്പോൾ സുഹൃത്തുക്കൾ അവരുടെ സന്തോഷം നിറഞ്ഞ കുടുംബ ജീവതത്തെ പറ്റി അവളോട് പറയുമ്പോൾ അവളുടെ മനസ്സ് അപ്പോഴും വിങ്ങികൊണ്ടേയിരുന്നു. തനിക്കു ലഭിച്ച നിർഭാഗ്യത്തെ പറ്റി ആരോടും പറയാൻ കഴിയാതെ ഒരോ രാത്രിയിലും അവൾ ഏങ്ങികരഞ്ഞു. അവളുടെ കരച്ചിൽ കേൾക്കാൻ മാത്രം ആരും ഇല്ലായിരുന്നു.' പെട്ടന്ന് ആരോ 'ഹലോ,ഹലോ താരാ'

'ആഹ് പറ '

നീ വല്ലതും കഴിച്ചോ?

ഇല്ല അപ്പച്ചി, എനിക്കു വിശപ്പില്ല.

'രാത്രി മോള് തനിച്ചു കിടക്കണ്ട '.

'അതൊന്നും സാരമില്ല '

' മോളേ ഞാൻ പറയുന്ന കേൾക്ക്'

'ഇല്ല അപ്പച്ചി, ഞാൻ എങ്ങോട്ടും ഇല്ല,ഇവിടെ ഇരുന്നാൽ മാത്രമേ എന്റെ മനസൊന്നു തണുക്കു'.

'രാത്രിയായില്ലേ എന്നാൽ ഞാൻ അങ്ങോട്ട് വരാം. എന്തായാലും മോള് ഒറ്റയ്ക്ക് കിടക്കണ്ട '

'അപ്പച്ചി ബുദ്ധിമുട്ടി വരണ്ട '.

'എനിക്ക് എന്ത് ബുദ്ധിമുട്ട്, ദേ ഞാൻ വരാം '.

'ആഹ് ശരി '.

പിന്നെയും അവൾ ആലോചനയിലേക്ക് മുഴുകി. ഇപ്പോൾ സന്തോഷത്തിലാണ് മാതാപിതാക്കൾ. പരസ്പരം പ്രണയത്തിലാണ്. അവൾ സന്തോഷത്തിലും.പണ്ട് തന്റെ അമ്മയെ ഉപദ്രവിച്ചതിൽ അച്ഛൻ അമ്മയോട് ക്ഷമ പറയുന്നു, അവർ ഒരുമിച്ചു വസ്ത്രങ്ങൾ എടുക്കാൻ

പോകുന്നു, സിനിമാകാണുന്നു, ആഹാരം കഴിക്കുന്നു, ഭാര്യയേയും മകളെയും വീട്ടിലാക്കി യശേഷം അയാൾ പുറത്തേക്ക് പോകുന്നു.

'അമ്മേ,അച്ഛൻ ഒരുപാട് മാറി അല്ലേ? 'ശരിയാണ് മോളെ, എന്നെ ഇപ്പോൾ ഉപദ്രവിക്കാറില്ല, പണ്ടത്തെ പോലെ ദുശീലങ്ങൾ ഒന്നും ഇല്ല'.

'അമ്മേ പണ്ട് ഞാൻ വിചാരിച്ചിരുന്നു, ഈ ലോകത്ത് ഏറ്റവും നിർഭാഗ്യം ചെയ്ത മകൾ ഞാൻ ആണെന്ന്.

പക്ഷെ അമ്മേ ഞാൻ ഇപ്പോൾ ഒത്തിരി സന്തോഷത്തിലാണ്. കാരണം ഞാനാണ് ഈ ലോകത്തിൽ ഈ നിമിഷം ഏറ്റവും ആസ്വദിക്കുന്ന വ്യക്തി.ദൈവം ഒരു മനുഷ്യന് ദുഃഖം തന്നാൽ അതുപോലെ തന്നെ സന്തോഷവും നൽകും.

നേരം 11 മണി.

'മോളെ,നീ അച്ഛനെ ഒന്നു വിളിക്ക്. സമയം കഴിയും തോറും എനിക്ക് ആധി ആകുന്നു'

'ഞാൻ കുറെ തവണ വിളിച്ചു. '

'ബിസി ആണോ മോളെ? '

'ബിസി ഒന്നും അല്ല, റിംഗ് ഉണ്ട്, പക്ഷെ എടുക്കുന്നില്ല '.

'എന്റെ ഈശ്വരാ, കാത്തോണേ,'

നേരം പുലർച്ചയായി. 'ഇതുവരെ ഒരുവിവരവും ഇല്ലല്ലോ അമ്മേ'

'ഞാൻ അച്ഛന്റെ കൂട്ടുകാരെ എല്ലാംവിളിച്ചു മോളെ, പക്ഷെ ആർക്കും അറിയില്ല'.

'എനിക്ക് എന്തോപോലെ ആവുന്നു. അമ്മേ എന്തോ അരുതാത്തത് നടന്നത പോലെ.

'മോളെഅച്ഛനിങ്ങു വരും .ദേ നിന്റെ ഫോൺ റിംഗ് ചെയുന്നു '.

'ഹലോ '

'ആഹ് പറയു അങ്കിൾ '

'അത് മോളെ ഇന്നലെ തിരുന്നൽ മലയിൽ നിന്ന് ഒരു ബോഡി കിട്ടി.

മോൾടെ അച്ഛനുമായി സാമ്യം ഉണ്ട്. ഒന്നു വന്ന് കൺഫേം ചെയ്യൂ  മോളെ '

അവൾക്ക് ഈ ഭൂമി മൊത്തം പിളർന്ന് അതിലേക്ക് പോകുന്നതു പോലെ തോന്നി. 'മോളെ എന്താ എന്തുപറ്റി?'

'അമ്മ ഇറങ്ങ്, നമുക്ക് ഒരിടം വരെ പോയിട്ടു വരാം.'

അവൾക്കറിയാം അമ്മയുടെ ഹൃദയം തന്നെ ക്കാൾ മൃദുവാണ്,അത്തകരും .താൻ ആണ് ഈ സാഹചര്യത്തിൽ മനക്കരുത്തോടെ നിൽക്കേണ്ടത്.

അവൾ അമ്മയുമാ യി ഹോസ്പിറ്റലിൽ എത്തി. അങ്കിൾ മോർച്ചറിക്ക് മുൻപിൽ നിൽക്കുന്നു.

' എന്താ മോളെ നമ്മൾ ഇവിടെ? ' അമ്മയുടെ മനസ്സ് എന്തൊക്കയോ പറയുന്നു.

' അമ്മേ,അത് പറയും മുമ്പേ ബോഡി അവരുടെ മുന്നിൽ എത്തി. തുണി മാറ്റിയപ്പോൾ ചിന്നി ചിതറിയ മുഖത്തോടെ ഒരു പുരുഷൻ. എന്നാൽ കൈയിൽ വിവാഹ മോതിരം.

അമ്മയുടെ ബോധം പോയി. അമ്മയെ അതേ ഹോസ്പിറ്റലിലേക്ക് മാറ്റി. അവൾ വരാന്തയിൽ കരഞ്ഞു തളർന്നിരുന്നു.

പോസ്റ്റു മാട്ർ ട്ട ത്തിന്നു ശേഷം ഡോക്ടർ വന്നു പറഞ്ഞു' കുട്ടിയുടെ അച്ഛന് കാൻസർ ആയിരുന്നു. ആവസാന സ്റ്റേജിൽ ചികിൽസകൊണ്ടോ,ഓപറേഷൻ കൊണ്ടോ ഒരു ഫ ലവും ഇല്ല.

അവൾ വല്ലാതെ തളർന്നു പോയി..

സിസ്റ്റർ വന്നു പറഞ്ഞു, 'അമ്മയെ ഐ സി യു വിലേക്ക് മാറ്റി.കുറച്ച് ഗുരുതരമാണ് '.

ബന്ധുങ്ങൾ എല്ലാം ഹോസപിറ്റലിൽ എത്തി. അവളെ സമാധാനിപ്പിക്കാൻ തുടങ്ങി. ഇന്നു രാത്രി കുഞ്ഞമ്മ അമ്മയുടെ അരികിൽ ഇരിക്കാം എന്നുപറഞ്ഞു അവളെ വീട്ടിലേക്ക് അയച്ചു.വിസമ്മതിച്ചെങ്കിലും അവളെ അവർ വീട്ടിലാക്കി; സന്തോഷവും സമാധാനവും ഉണ്ടായിരുന്ന വീട്ടിൽ അവൾ ഒറ്റയ്ക്കായി.നാളെയാണ് അച്ഛന്റെ സംസ്കാരം.അമ്മയ്ക്ക് ഇതുവരെ ബോധം വീണില്ല. വിജനമായ ആ വഴിയിലേക്ക് അവൾ നോക്കി. പണ്ട് താനും അച്ഛനും അമ്മയും ഒരുമിച്ചു നിന്നു മഴ നനഞ്ഞത് അവൾ ഓർത്തു. അറിയാതെ കരഞ്ഞു കലങ്ങിയ അവളുടെ കണ്ണുകൾ പതിയെ അടഞ്ഞു. ബോധരഹിതയായി അവൾ.

അപ്പോഴും മഴ പെയ്യുന്നുണ്ടായിരുന്നു.....

# നമ്മുടെ അഭിമാന താരങ്ങൾ



**EILA BOUDH. A**

സംസ്ഥാന സ്കൂൾ കലോത്സവത്തിൽ

പ്രസംഗ മത്സരം എ ഗ്രേഡ്



**GOWRI NANDANA. D**

സംസ്ഥാനതലം സ്കൂൾ IT മേള

ഡിജിറ്റൽ പെയിന്റിങ്ങ്......എ ഗ്രേഡ്



**DAYA J**

സംസ്ഥാന സ്കൂൾ ഗണിതശാസ്ത്രമേള










പ്രതിഭാ പുരസ്കാര
വിതരണം


പ്രതിഭാ പുരസ്കാര
വിതരണം


പ്രതിഭാ പുരസ്കാര
വിതരണം

## കവിത

മീനാക്ഷി. വൈ, S1 B



# जीवन की महिमा

जीवन में मरना भला 'जो मरि जानै कोय ।
मरना पहिले जो मरै 'अजय अमर सो होय ।

मल मल धोए शरीर को 'धोए न मन का मैल ।
नहाए गंगा गोमती रहे बैल के बैल।

तन को जोगी सब करे ,मन को विरला कोय ।
सहजे सब विधि पाइए ,जो मन जोगी होय ।

दोस पराए देख करि ,चला इ सन्त इसन्त ।
अपने याद न आवई 'जिनका आदि न अंत I

तन को जोगी सब करें 'मन को बिरला कोय ॥
-सब सिद्धि सह जे पाइ ए 'जे मन जोगी हेय "

साधु ऐसा चाहिए जैसा सूप सुभाई ।
-सार –सार को गहि रहै '
-थोथा दोई उड़ाय ॥

बुरा जो देखन मैं चला 'बुरा न मिलिया कोय ।
-जो दिल खोजा आपना 'मुझ – सा बुरा ना कोय ॥



## കടങ്കഥകൾ

ഫാത്തിമ സഹ്റ,S1B

# पहेलियाँ

❖ कमरबाँधेघरमेंरहता, सुबहशामजरूरतहैपड़ती।बताओक्या?
झाड़ू ।
❖ नाक पर चढ़कर कान पकड कर 'लोगो को है पढ़ाती ।
चश्मा ।
❖ सफेद तन हरी पूँछ 'न बुझे तो नानी से पूछ ।
मुली ।
❖ कौन -सा भारी है : एक टन का पत्थर या एक टन की रुई ।
दोनां बराबर है -इन दोनों का वजन एक टन है।
❖ एक जिससे आप डरते है ,जिससे आप डरते वह उजाले से डरता है।
अँधेरा ।

കവിത

സിയാ ഫാത്തിമ , S1 B



# കാത്തിരിപ്പ്

ഇന്നലെ രാത്രിയിലെൻ വിരൽത്തുമ്പിലാ
സ്പർശന മാധുര്യം ഞാനറിഞ്ഞു.
നിദ്രയിൽ ആ നേരം ഞാൻ കണ്ട
സ്വപ്നത്തിൽ ആയിരം വർഷം നാം ഒത്തുചേർന്നു.

നിൻ കിളികൊഞ്ചലും എൻ ഹൃദയ താളവും
ഒത്തുചേർന്നപ്പോൾ സംഗീതമായി.
സംഗീത സാന്ദ്രമാമാ നിമിഷങ്ങളിൽ
പ്രകൃതിയും നമ്മോട് ചേർന്നു പാടി.

നിൻ മടിത്തട്ടിൽ തലചായ്ച്ചിരിക്കവേ
കൺമുന്നിൽ നിന്നെല്ലാം മാഞ്ഞു പോയി
ഞെട്ടി എഴുന്നേറ്റു ചുറ്റും ഞാൻ നോക്കവേ
അറിഞ്ഞു ഞാനെല്ലാം സ്വപ്നമെന്ന്.

എങ്കിലും പ്രേമമേ കാത്തിരിക്കുന്നു ഞാൻ
സ്വപ്ന സാഫല്യ നിമിഷത്തിനായി.

**കവിത**
ആർ.ലേഖ,
മലയാളം അധ്യാപിക



# പതിവ്

കാറ്റ് നിശ്ചലമാക്കിയ പച്ചിലകൾക്കിടയിയിരുന്ന്
ഞാനെന്തെഴുതാൻ?
കരിഞ്ഞ വാക്കുകൾ പൊഴിഞ്ഞ കറുത്ത പകലിൽ
സ്വപ്നങ്ങൾ നനഞ്ഞുണങ്ങി നരച്ച ആകാശത്തിൽ
വീണ്ടും നക്ഷത്രങ്ങൾ ചിക്കി ചേലത്തുമ്പിൽ
തീപിടിപ്പിക്കുന്നതെന്തിന്?

ഈ ആകാശച്ചെരുവിൽ നനയാതിരുന്നിട്ടില്ലെ?
ചുട്ടുപൊള്ളുന്ന ഭൂമിയുംഈ പാദങ്ങൾക്ക് രക്ഷയായിട്ടില്ലേ?
തീയിൽമുളച്ചു മുളച്ചു തീയിൽ ചികഞ്ഞു ചികഞ്ഞു
തീയിൽത്തന്നെ കരിഞ്ഞുകരിഞ്ഞ് മുളയ്ക്കാനും
ചികയാനും കരിയാനും കഴിയാതായതെങ്ങനെ?

പ്രാണനറുത്തെടുത്ത് പഞ്ചഭൂതങ്ങളിലർപ്പിച്ച്
മാനസപൂജ ചെയ്തവർ
വഴിവിളക്കുകൾക്കിടയിൽ എന്നെ കെടുത്തിയതെന്തിന്?
മഷി വീഴാത്ത കണ്ണുകളിൽ നീ അഞ്ജനമെഴുതിയത്
നിന്റെ കണ്ണു കുളിർപ്പിക്കാനല്ലേ?

ഈ ചിതയിൽ വഴിയറിയാത്ത മേഘങ്ങളുണ്ട്,
ബാല്യം നഷ്ടപ്പെട്ട കുഞ്ഞുപാവാടകളുണ്ട്
കാമകണ്ണിൽ ദഹിച്ച യൗവനമുണ്ട്.

നിനക്ക് എന്റെ പേരിനോട് ചേർന്നുറങ്ങാം
വരികൾക്കിടയിലെ രാത്രിയോടും പകലിനോടും യുദ്ധം ചെയ്യാം,

മരണം ഒഴുകിയെത്തുന്ന ഇലയനക്കങ്ങൾഇന്നു രക്ഷകനല്ല.
നിനക്കു വന്ദിക്കാം നിന്ദിക്കാം
പരകായത്തിലേക്ക് പ്രവേശിക്കാം.
നിശബ്ദമായി സംസാരിക്കാം
അലറിക്കൊണ്ട് മൗനമൊഴിക്കാം.

മനുസ്മൃതിയിൽ തളയ്ക്കാം
വേദങ്ങളിൽ അഴിച്ചുവിടാം.
വ്യാഖ്യാനം നീ മനസ്സിയാക്കും വരെ ഇവൾ സ്വതന്ത്ര.
വെട്ടിവെടിപ്പാക്കുന്ന ഈ കുളത്തിൽനിന്ന്
നീ പാരതന്ത്ര്യം കോരിക്കുടിച്ചെന്നോ...

നിശബ്ദമായ് ഒടുങ്ങിയ നീർക്കുമിളകളിൽ
അലമുറകൾ തിരുകി
പതിവുകൾ തുടരുന്നു...

ലേഖനം
സിയാ ഫാത്തിമ,S1 B



# ARTIFICIAL INTELLIGENCE: BOON OR BANE ?

Artificial intelligence is an area of computer science that deals with giving machines the ability to seem like they have human intelligence. AI can do many tasks, including reasoning, planning, learning, natural language, processing, perception and some systems can even manipulate objects. Humans can greatly benefit from this new technology.

AI is replacing humans in many industries. What takes humans two days would be completed by robots in two hours, and they would do it without making a single mistake. Robots are much cheaper and faster compared to humans. They don't need holidays, wages, or rest, nor will they go on strike against the company.

The number of jobs available for humans will rapidly decrease. When robots take over our jobs, we will not get higher salaries, and people who already have jobs will not ask for higher wages due to tough competition or the fear that their job will be given to a robot, leaving them unable to find any job at all.

But the creation of AI can also be a boon for humans because it will take over our jobs and give us more leisure time in our lives.

Humankind will have more time to enjoy the world of God's creation. AI is both a boon and a bane; it has two sides, just like a knife.

**ലേഖനം**

ഫാത്തിമ സഹ്റ,S1B



# मित्रता

सच्चा मित्र नही है जो मित्र के दुःख में काम आता है। वहमित्र के कण जैसे दःख को भी मेरू के समान भारी मानकर उसकी सहायता करता है।मित्र सुख दुःख के साथी है। वह केवल दुःख में ही नहीं सुख का भी साथ देताहै। मित्र के साथ होने से हमारे सुख का क्षण रंगीन हो उठते हैं। सच्चेमित्र हमेशा अपने मार्गदर्श क होते हैं। किसी भी खुशी पार्टी ' या महफिलमित्रों के बिना नहीं जमती । सच्चे मित्र हमारे लिए प्रेरक, सहायक , औरमार्गदर्शक का काम आता है । जब भी हम निराश होता है , मित्र हमारी बढातेहैं । जब हम रास्ता भूलते हैं , तब वह हमें मार्गदर्शक बन जाता है। सच्चामित्र हमारे लिए एक शक्ति वर्धक औषधि के समान है। वह हमेशा हमें सन्मार्गपर अग्रसर करने की प्रेरणा देते हैं। सच्चकहें तो एक सच्चा मित्र हमेशाअपने लिए एक वरदान है।

**ലേഖനം**
ബിനി വി,
ഇംഗ്ലീഷ് അദ്ധ്യാപിക



# CAN AL REPLACE TEACHERS ?

Al has been making rapid advancement in recent years . The education sector is not exempt from it.. It should be viewed as a complimentary tool rather than a complete replacement for traditional teaching. The human element in education- empathy mentorship and personal connection- remains irreplaceable. These qualities are essential for fostering a supportive learning environment.

0ne of the most controversial question that arise is whether Al could replace traditional teachers . Some of them have the view that Al revolutionaised education while others worry that it could have a negative impact on the quality of education.

Surely it has some pros,Al has the potential torevolutionise learning based on the needs and the preferences of students. It can provide with the individual feedback and support that can lead to improved learning. Al can provide consistent teaching quality across different classrooms and schools irrespective of geography or socio economic condition.

it has some limitations also .0ne of the biggest downsides of replacing teachers is that students could miss the emotional connection they have with their teachers. Teachers not only teach but they also inspire ,encourage and mentor students. Al lack the ability to connect with the students emotionally and understand their unique challenges and concerns.Al has limited to work within specific parameters and algorithms. It is unclear how Al will handle sensitive issues such as diversity and inclusion which are central to teaching.

John Mc Carthy, the Father of Al says that he himself is anxious about the future of man in a world which is controlled by Al.

According to most thinkers, AI cannot fully replace teachers as it lacks the crucial human elements needed to effectively guide and inspire students.AI should be seen as a complement to teachers not a replacement.

# അനുഭവക്കുറിപ്പ്

ശ്രീമതി. ലതാകമാരി. കെ,
ഹിന്ദിഅദ്ധ്യാപിക



1999 ഒക്ടോബർ മാസം 13-ാം തീയതി ഏറെ സന്തോഷത്തോടെ, അഭിമാനത്തോടെ ആയാപറമ്പ് ഗവ. ഹൈസ്കൂളിൽ ഹൈസ്കൂൾ അദ്ധ്യാപികയായി നിയമന ഉത്തരവുമായി ചെല്ലുമ്പോൾ എന്നോടൊപ്പം അതേ ലിസ്റ്റിൽ നിന്നും വീയപുരം ഹൈസ്കൂളിലെ നിയമന ഉത്തരവുമായി എന്റെ ഭർത്താവുമുണ്ടായിരുന്നു എന്നതാണ് അഭിമാനകരമെന്നു പറയാൻ കാരണം 'ഒരേ വിജ്ഞാപനത്തിൽ, ഒരേ പരീക്ഷ ഒരു ദിവസത്തെ തന്നെ അഭിമുഖം, ഒരു ദിവസം തന്നെയുള്ള നിയമനം അതും ഒരു സ്കൂളിലേയ്ക്ക് ' എന്നാൽ ഭാര്യയും ഭർത്താവും ഒരു സ ്കൂളിൽ തന്നെ ജോലി ചെയ്യണ്ട എന്നുള്ള ചിലരുടെ തോന്നൽ കൊണ്ടു മാത്രമാണ് അടുത്തടുത്ത രണ്ടു സ്കൂളുകളിലായി ചേരേണ്ടി വന്നത്. ഹാജർ പുസ്തകത്തിൽ ഒപ്പിട്ട്, സഹഅദ്ധ്യാപകരോടൊപ്പം നിൽക്കുമ്പോഴാണ് മധുര വിതരണം നടക്കുന്നത്. ആ മധുര വിതരണം എനിക്കുള്ള വരവേല്പായിരുന്നില്ല, ഇന്ത്യയുടെ പ്രധാനമന്ത്രിയായി അടൽ ബിഹാരി വാജ്പേയി സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റ ദിവസമായിരുന്നു.

അന്നുതൊട്ടിന്നോളം ആ മധുരം മനസ്സിലും പ്രവൃത്തിയിലും നിറച്ച് സഹപ്രവർത്തകരോടും എന്റെ പ്രിയപ്പെട്ട കുഞ്ഞുങ്ങളോടു മൊപ്പം ചെലവഴിക്കാൻ കഴിഞ്ഞു എന്നുള്ളത് എന്റെ ജീവിതത്തിൽ ജഗദീശ്വരൻ തന്ന അനുഗ്രഹമായി കരുതുന്നു. ഹൈസ്കൂൾ അദ്ധ്യാപികയായി , ഹയർ സെക്കന്ററി അദ്ധ്യാപികയായി വിവിധ സ്കൂളുകളിൽ ജോലി ചെയ്യാൻ കഴിഞ്ഞു എന്നതും, അതിൽ കൂടു തൽകാലം ഞാൻ ഇപ്പോൾ ജോലി ചെയ്യുന്ന ഗവ. ഗേൾസ് ഹയർ സെക്കന്ററി സ ്കൂളിലും ഇലിപ്പക്കുളം ഗവ. ഹയർ സെക്കന്ററി സ്കൂളിലും ആയിരുന്നു എന്നത് രക്ഷിതാക്കളോടുള്ള ഇഴയടുപ്പംസുദൃഢമാക്കാൻ ഒട്ടേറെ സഹായിച്ചു. തൃശ്ശൂർ ജില്ലയിലെ ഐരാണിക്കുളം സ്കൂളിലെ സേവനകാലം എനിക്കെന്നും ഓർമ്മയിൽ നിലനിൽക്കുന്ന അനുഭവങ്ങളാണ് സമ്മാനിച്ചത്. ഒരു ഝ1ു സ്കൂളിനെ പൊതുധാരയിലെ മെച്ചപ്പെട്ട സ്കൂൾ ആക്കി മാറ്റുന്നതിന് പരിശ്രമിച്ച അദ്ധ്യാപകരുടെ കൂട്ടത്തിൽ ഞാനും നിർണ്ണായകമായ പങ്കു വഹിച്ചു എന്നറിയുന്നതിൽ എനിക്ക് ചാരിതാർത്ഥ്യ മുണ്ട്.

സ്നേഹനിധികളായ സഹപ്രവർത്തകരുടെയും പ്രിയപ്പെട്ട കുഞ്ഞുങ്ങളുടെയും രക്ഷാകർത്താക്കളുടെയും നിസ്സീമമായ സഹകരണത്താൽ എന്നിൽ അർപ്പിതമായ ചുമതലകൾ

ഭംഗിയായി നിർവഹിക്കാൻ കഴിഞ്ഞു എന്ന ആത്മവിശ്വാസത്തോടെ 2025 മെയ് 31-ന് ഞാൻ ഔദ്യോഗിക ജീവിതത്തിൽ നിന്ന് വിരമിക്കുന്നു.

എന്നെ ഉൾക്കൊണ്ട് സഹകരിക്കുകയും സ്നേഹിക്കുകയും ചെയ്ത സുമനസ്സുകൾക്ക് ഹൃദയപൂർവ്വം നന്ദി...

# OUR STARS


AMRITHA. M


ANAMIKA. A


ANANYA S ANIL


ANJANA SURESH


ANNA ROSE ALIYAS


ARCHA L


BHAGYA R LAKSHMI


DEVI S


FATHIMA IQBAL


GAYATHRI GIREESH


GOWRI SARATH


JOSMY JOHNSON


KRISHNA SURESH


LEYA L R


LEKSHMI GAYATHRI P


LEKSHMI PRIYA S


MARIYAM HIBA YOOSAF


MARIYAM SAMEER


MARIYAM HIBA YOOSAF


NANDANA S


NANDITHA R


NEERAJA V


RASHA R


THAHSINA SALIM


THAMANNA THAJ


DEVI PRABHA P R

**2023–24 അധ്യയന വർഷത്തെ PLUS-2 പരീക്ഷയിൽ മുഴുവൻ വിഷയത്തിനും A+ നേടിയ വിദ്യാർഥിനികൾ**

# ആശംസകൾ



